

ഖുത്വ്ബ – ഇന്തോനേഷ്യയിലെ ശുഹദാക്കൾ

# സത്യദൂതൻ

മാർച്ച് 2011 | ലക്കം 3

വില ₹ 20



- ഹിമാലയ സാനുക്കളിലെ യേശുമിശിഹ: ഹിന്ദു പുരാണങ്ങളിലെ സാക്ഷ്യം
- ജീവനും കളിമണ്ണും
- മൂസാനബി (അ) ഫ്രോയിഡിന്റെ വാദങ്ങൾക്ക് ഒരു ഖണ്ഡനം
- കലങ്ങിമറിയുന്ന അറബ്-മുസ്‌ലിം ലോകം

## വിശുദ്ധ ഖുർആനിൽ നിന്ന്



### തുടരുന്ന പാരമ്പര്യം

നിന്നെ അവർ വ്യാജവാദിയാക്കി തള്ളിയെങ്കിൽ നിനക്ക് മുമ്പ് ദൃഷ്ടാന്തങ്ങളോടും തിരുവെഴുത്തുകളോടും വെളിച്ചം നല്കുന്ന ഗ്രന്ഥത്തോടും വന്ന പ്രവാചകന്മാരും വ്യാജൻമാരാക്കപ്പെട്ടിട്ടുണ്ട്. **(3:185)**



## നബിവചനം

### ആദ്യവും അന്ത്യവും

ഈ സമുദായത്തിന് ശ്രേഷ്ഠമായത് അതിന്റെ ആദ്യത്തിലുള്ളതും അവസാനത്തിലുള്ളതുമാകുന്നു. ആദ്യത്തേതിൽ അല്ലാഹുവിന്റെ റസൂലും അവസാനത്തേതിൽ ഈസബ്നു മർയമുമാണ്. **(കൻസുൽ ഉമ്മാൽ)**

## വാഗ്ദത്ത മസീഹിന്റെ വചനം



### ധാർമ്മികത ഉയർത്തിപ്പിടിക്കുക

ഈ ഇരുണ്ട കാലഘട്ടത്തിന്റെ വെളിച്ചം ആകുന്നു ഞാൻ. ഇരുട്ടിൽ നടക്കുന്നവർക്കായി പിശാച് ഒരുക്കിവെച്ച പടുകുഴികളിൽ വീഴുന്നതിൽ നിന്നും എന്നെ പിന്തുടരുന്നവർ രക്ഷിക്കപ്പെടും. സമാധാനത്തിലൂടെയും വിനയമാർഗത്തിലൂടെയും സത്യദൈവത്തിലേക്ക് ജനങ്ങളെ വഴിനടത്തുന്നതിനും ഇസ്‌ലാമിൽ ധാർമ്മികതയ്ക്കുള്ള സ്ഥാനം ഊന്നിപ്പറയുന്നതിനുമായിട്ടത്രെ എന്നെ ദൈവം അയച്ചിട്ടുള്ളത്. സത്യാന്വേഷികൾക്ക് സംതൃപ്തി പ്രദാനം ചെയ്യുന്ന സ്വർഗീയ അടയാളങ്ങൾ ദൈവം എനിക്ക് വേണ്ടി വെളിപ്പെടുത്തിയിരിക്കുന്നു. **(മസീഹ് ഹിന്ദുസ്ഥാൻ മേം)**

لا اله الا الله محمد رسول الله

# സത്യദൂതൻ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം


## ഉള്ളടക്കം


4 യുഗശബ്ദം


5 എഡിറ്റോറിയൽ




6
ഖുത്ബ
**ഇന്തോനേഷ്യയിലെ ശുഹദാക്കൾ**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു)



10
ലേഖനം
**ജീവനും കളിമണ്ണും**
ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)




14
ലേഖനം
**മൂസാനബി (അ)**
**ഫ്രോയിഡിന്റെ വാദങ്ങൾക്ക് ഒരു ഖണ്ഡനം**
ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)



18
ലേഖനം
**ഹിമാലയ സാനുക്കളിലെ യേശുമിശിഹ:**
**ഹിന്ദു പുരാണങ്ങളിലെ സാക്ഷ്യം**
ഏ. എം. മുഹമ്മദ് സലീം



23
ലേഖനം
**പർവതങ്ങളുടെ ചലനവും വിശുദ്ധ ഖുർആനും**
മസൂദ് അഹ്മദ് കരുനാഗപ്പള്ളി




26
ലേഖനം
**പ്രാർഥനയുടെ തത്ത്വശാസ്ത്രം**
നസീർ അഹ്മദ്




29
ലേഖനം
**പുരാതനകാലത്തെ ശിലാനിർമിതികൾ**
ഫസൽ അഹ്മദ്




34
ലേഖനം
**തമോഗർത്തങ്ങളുടെ അത്ഭുതലോകം**
എം. മുബാറക് അഹ്മദ്




37
ലേഖനം
**വാഗ്ദത്ത മസീഹ് ഹദ്റത്ത് മിർസാഗുലാം**
**അഹ്മദ് ഖാദിയാനി (അ)**
എൻ. അബ്ദുറഹീം



38
പംക്തി
**ലോകജാലകം**
അഫ്ഇദത്തുൽ സലാം വി.എം.



39
കുറിപ്പുകൾ
**കലങ്ങിമറിയുന്ന അറബ്-മുസ്‌ലിം ലോകം**
മുസാഫിർ


കശ്മീരിലെ ദാൽ തടാകം


**The Sathyadoothan Monthly**

2011 മാർച്ച്
ഹി.ശ.1390 - അമാൻ
1432 റ.അവ്വൽ - റ.ആഖർ
പുസ്തകം 83 ലക്കം 3
വില 20 രൂപ



ചീഫ് എഡിറ്റർ
**എം. നാസിർ അഹ്മദ്**
**ഫോൺ: 9497343704**

എഡിറ്റർ
**ഏ. എം. മുഹമ്മദ് സലീം**
**ഫോൺ: 8907182933**
Email-salimqld@yahoo.in

മാനേജർ
**എച്ച്. അഹ്മദ് ഷാഫി**
**ഫോൺ: 8089574250**

**വിലാസം**

എഡിറ്റർ
സത്യദൂതൻ
മസ്ജിദ് ഉമർ
സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്,
കൊച്ചി - 682018
email-sathyadoothan1@gmail.com



Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-at at Anaswara Offset, Ernakulam
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Ziyad Rahman

# ആസൂത്രണവും പ്രാർഥനയും: മനുഷ്യപ്രകൃതിയുടെ സ്വാഭാവിക പ്രേരണകൾ

**ഹദ്റത്ത് അഹ്മദ് (അ)**



ആസൂത്രണവും പ്രാർഥനയും തമ്മിലുള്ള ബന്ധം പ്രകൃതിനിയമം തെളിയിച്ചതാണ്. പ്രകൃതി പുസ്തകവും ഇതിന് സാക്ഷ്യം നിൽക്കുന്നു. ചിലപ്പോൾ വിഷമഘട്ടങ്ങളിൽ മനുഷ്യൻ സ്വാഭാവികമായും ആസൂത്രണങ്ങളിലേക്കും പ്രതിവിധികളിലേക്കും ചായുന്നു. അപ്രകാരം തന്നെ വിഷമഘട്ടങ്ങളിൽ പ്രകൃത്യായുള്ള പ്രേരണയാൽ മനുഷ്യൻ പ്രാർഥനയിലേക്കും ദാനധർമ്മങ്ങളിലേക്കും തിരിയുന്നു.

പ്രാരംഭഘട്ടത്തിൽ എല്ലാ മനുഷ്യരിലും പ്രാർഥനയിൽ നിന്നും ആസൂത്രണോപാധികളെ വേർതിരിക്കാൻ സാധ്യമാകാത്തവിധം ഒരുമിച്ചാണ് സംവിധാനിച്ചിരിക്കുന്നത് എന്നത് ആത്മീയമായ ഒരു വാദഗതിയാണ്. അതായത് പ്രാർഥനയിലൂടെയാണ് ആസൂത്രണം ആരായുന്നത്. ചുരുക്കത്തിൽ പ്രാർഥനയും ആസൂത്രണവും മനുഷ്യസൃഷ്ടി മുതൽ തന്നെയുള്ള പ്രകൃത്യായുള്ള ദ്വന്ദാത്മക പ്രേരണകളാണ്. അവ രണ്ട് യഥാർത്ഥ സഹോദരന്മാരെപോലെ മനുഷ്യനെ സേവിക്കുന്നു. ആസൂത്രണം എന്നത് പ്രാർഥനാനന്തരമുള്ള അനിവാര്യമായ ഒന്നാണ്. ആസൂത്രണത്തിന് പ്രാർഥന പ്രചോദനമായിത്തീരുന്നു. മനുഷ്യന്റെ സൗഭാഗ്യങ്ങൾ ഇതിൽ ഉള്ളടങ്ങിയിരിക്കുന്നു. അതായത് ആസൂത്രണത്തിലേക്ക് പ്രവേശിക്കുന്നതിന് മുമ്പേ പ്രാർഥന മുഖേന അനുഗ്രഹങ്ങളുടെ സ്രോതസ്സിൽ നിന്നും സഹായാർത്ഥന നടത്തണം. പ്രകാശത്തിന്റെ സത്യപ്രവാഹസരണിയിൽ നിന്നും നല്ല ആസൂത്രണങ്ങൾ അവന് ലഭ്യമാകും.

പ്രയാസത്തിന്റേയും ഞെരുക്കത്തിന്റേയും ഘട്ടത്തിൽ അത് പരിഹരിച്ചുതരാൻ മനുഷ്യൻ ദൈവത്തോട് നടത്തുന്ന അർത്ഥന അതിന്റെ പരമാവധിയെത്തുമ്പോൾ അതുമുഖേന ദൈവത്തിൽ നിന്നുള്ള യഥാർത്ഥ സംതൃപ്തിയും ഐശ്വര്യവും ലഭിക്കുന്നു. പ്രാർഥനയിലൂടെ തന്റെ ഉദ്ദേശങ്ങൾ സഫലമായില്ലെങ്കിൽ പോലും അവന് മറ്റ് വിധത്തിലുള്ള സംതൃപ്തിയും സായൂജ്യവും ദൈവം നൽകുന്നതാണ്. അതൊന്നും തന്നെ ഫലശൂന്യമായിപ്പോവുന്നില്ല. അതിലുപരിയായി പ്രാർഥിക്കുന്നവന്റെ വിശ്വാസം ശക്തിപ്പെടുകയും ദൃഢത വർദ്ധിക്കുകയും ചെയ്യുന്നു. ഒരാളുടെ അർത്ഥനകൾ ദൈവത്തിന് നേരെ തിരിയുന്നില്ലെങ്കിൽ അയാൾ എപ്പോഴും അന്ധനായിത്തന്നെ തുടരും. അയാൾ ആ അന്ധതയിൽ തന്നെ മരണമടയുകയും ചെയ്യും.

ഒരാൾ ആത്മാർത്ഥമായി പ്രാർഥിക്കുകയാണെങ്കിൽ ഒരിക്കലും അത് വിഫലമാവുകയില്ല. ഐശ്വര്യം എന്നത് സമ്പന്നത കൊണ്ടോ, അധികാരം കൊണ്ടോ, ആരോഗ്യം കൊണ്ടോ നേടിയെടുക്കാവുന്ന ഒന്നല്ല. അത് ദൈവത്തിന്റെ കരങ്ങളിൽ നിന്നും ലഭിക്കേണ്ട ഒന്നാണ്. അവനിച്ഛിക്കും വിധം അത് നൽകുന്നു. തികവുറ്റ പ്രാർഥനയിലൂടെയാണ് അത് ലഭിക്കുക. സർവ്വശക്തനായ ദൈവം ഉദ്ദേശിക്കുകയാണെങ്കിൽ നിഷ്കളങ്കനും സാത്വികനുമായ ഒരാൾക്ക് അവന്റെ വിഷമങ്ങളുടെ കൊടുമുടിയിൽ പ്രാർഥനക്ക് ശേഷം ഒരു ആത്മീയാനന്ദം ലഭിക്കുന്നു. ഒരു ചക്രവർത്തിക്കും അയാളുടെ സിംഹാസനത്തിൽ നിന്നും അത്തരത്തിലുള്ള ഒരു ആത്മീയാനന്ദം ലഭിക്കില്ല. പ്രാർഥിക്കുന്നവന്റെ പ്രാർഥനക്കൊടുവിൽ ലഭിക്കുന്ന യഥാർത്ഥ വിജയമാണിത്.

(അയ്യാമുസ്സുൽഹ് പേജ് 8)

# ക്രൂരമായ അസഹിഷ്ണുത

മതത്തിൽ യാതൊരു നിർബന്ധവും പാടില്ല. നിശ്ചയമായും സൻമാർഗ്ഗം വഴികേടിൽ നിന്നും തികച്ചും വ്യതിരിക്തമാണ്(2:257) പറയുക, ഇത് നിങ്ങളുടെ നാഥനിൽ നിന്നുള്ള സത്യസന്ദേശമാകുന്നു. ഇഷ്ട മുള്ളവൻ വിശ്വസിച്ചുകൊള്ളട്ടെ, ഇഷ്ടമില്ലാത്തവൻ അവിശ്വസിക്കുകയും ചെയ്യട്ടെ.(18:30), നിന്റെ നാഥൻ ഇച്ഛിച്ചിരുന്നുവെങ്കിൽ നിശ്ചയമായും ഭൂമിയിലുള്ളവരെല്ലാം ഒന്നായി വിശ്വസിക്കുമായിരുന്നു. എന്നി രിക്കെ അവർ വിശ്വാസികളായിത്തീരാൻ നിനക്ക് ബലം പ്രയോഗിക്കാനാകുമോ?(10:100)

മനുഷ്യ സ്വാതന്ത്ര്യത്തെ സംബന്ധിച്ച വിശുദ്ധ ഖുർആനിലെ ചില സുവർണ്ണ സൂക്തങ്ങളാണിവ. ഏത് സ്വാതന്ത്ര്യ പ്രണയിയുടെയും അവകാശവാദത്തെക്കാളും തത്ത്വഘോഷണത്തെക്കാളും ആത്മീ യദാർഢ്യമുള്ള ഈ വിശുദ്ധ വചനങ്ങൾ ഇസ്‌ലാമിന്റെ മഹത്തായ വിശാലവീക്ഷണവും സഹിഷ്ണു തയും വിളംബരം ചെയ്യുന്നു.

പക്ഷെ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിൽ പെട്ട മൂന്ന് യുവാക്കളെ പള്ളിയിൽകയറി ഇസ്‌ലാമിന്റെ പേരിൽ പൈശാചികമായി അടിച്ചുകൊല്ലുമ്പോൾ കൊലയാളികൾ ആദ്യം വധിക്കുന്നത് ഇസ്‌ലാമിന്റെ ഈ മഹൽതത്ത്വങ്ങളെയാണ്. ഫെബ്രുവരി 6-ാം തിയ്യതി ഇന്തോനേഷ്യയിലെ സൗത്ത് ബാന്റണിലെ സിക്യൂസിക് എന്ന സ്ഥലത്ത് തബാകൂസ് ചന്ദ്രാ മുബാറക് സാഹിബ്, അഹ്മദ് വർസോനാ സാഹിബ്, റൂനി പസറാനി സാഹിബ് എന്നീ അഹ്മദി യുവാക്കളെ അടിച്ചുകൊലപ്പെടുത്തിയതിനുശേഷം ആ ശുഹദാക്കളുടെ മൃതദേഹം തിരിച്ചറിയാനാവാത്ത രീതിയിൽ വികൃതമാക്കുകയുണ്ടായി. അത്യന്തം പൈശാചികവും വേദനാനിർഭരവുമായ ഈ രംഗത്തിന്റെ ചിത്രീകരണം ബീഭത്സമായതിനാൽ മാധ്യമ ലോകം അത് സംപ്രേഷണം ചെയ്തിട്ടില്ല.

പൈശാചികശക്തിയാൽ ആവേശിതരായ ഒരു ചെറിയ സംഘം മുസ്‌ലിം നാമധാരികളായ തീവ്ര വാദികളാണ് ഈ നിഷ്ഠൂര കൃത്യം ചെയ്തത്. ആധികാരികമായ സകല ഇസ്‌ലാമിക പ്രമാണങ്ങളു ടെയും അടിസ്ഥാനത്തിൽ റസൂൽ തിരുമേനി (സ) യോടുള്ള പരിപൂർണ്ണമായ അനുസരണം കൊണ്ടാണ് ഒരാൾ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിൽ പ്രവേശിക്കുന്നത്. അനഹ്മദിമുസ്‌ലിംകളും അഹ്മദി മുസ്‌ലിംകളും ഒരുപോലെ വിശ്വസിക്കുന്ന ഇസ്‌ലാമിക പ്രമാണങ്ങളെ ആധാരമാക്കി സംവാദങ്ങളും ചർച്ചകളും നടത്താൻ അഹ്മദികൾ സദാസന്നദ്ധരായിരിക്കെ എന്തിനാണ് ഈ കിരാതകൃത്യം നടത്തി യത്? അല്ലാഹുവിനുമുമ്പിൽ ഇക്കൂട്ടർ എന്ത് മറുപടിയാണ് പറയുക?


ആശയസംവാദവും ചർച്ചയും നടത്തുന്നതിൽനിന്ന് ഒഴിഞ്ഞുമാറി, കാര്യബോധമില്ലാത്ത സാധാര ണക്കാരിൽ അഹ്മദികൾക്കെതിരെ വിദ്വേഷം കുത്തിവെച്ച് ഇത്തരം ക്രൂരതകൾക്ക് പ്രേരിപ്പിക്കുക യാണ് ഇന്തോനേഷ്യയിലെ മതപണ്ഡിതൻമാർ . റസൂൽ തിരുമേനി (സ) യുടെ പേരിലാണ് മനുഷ്യ ത്വത്തിന് നിരക്കാത്ത ഈ ഹീനകൃത്യം അവർ നടത്തുന്നത് എന്നതാണ് ഏറെ വേദനാജനകം. സത്യം സ്വയം പ്രകാശിക്കുന്നതാണ്. അത് വെളിപ്പെടുത്തിയാൽ അസത്യം പോയിമറയുകയും സത്യാത്മാ ക്കൾ അത് തിരിച്ചറിയുകയും ചെയ്യും. വിശുദ്ധ ഖുർആന്റെ വചനം നോക്കൂ. **സത്യം വന്നു, അസത്യം അപ്രത്യക്ഷമായി, അസത്യം അപ്രത്യക്ഷമാകുകതന്നെ ചെയ്യും** (17:82) സത്യപക്ഷത്തിന് ബലപ്രയോ ഗത്തിന്റെയോ കൊലപാതകത്തിന്റെയോ ആവശ്യമില്ല. ഇസ്‌ലാമിന്റെ പേരിൽ ഇന്തോനേഷ്യൻ ഉലമാ ക്കൻമാരുടെ പ്രേരണയിൽ നടത്തപ്പെട്ട അങ്ങേയറ്റം പൈശാചികമായ ഈ മനുഷ്യഹത്യയെ ലോക നേതാക്കന്മാരും, മനുഷ്യാവകാശപ്രവർത്തകരും അപലപിച്ചിട്ടുണ്ട്. ഇത്തരം തീവ്രവാദികളുടെ നൃശം സതകൾകൊണ്ട് പരിശുദ്ധ ഇസ്‌ലാമിനുണ്ടാകുന്ന പേരുദോഷവും അപകീർത്തിയും ഇവർ മനസ്സിലാ ക്കുന്നില്ല.

സത്യവിരോധികളുടെ പീഡനങ്ങളേറ്റുവാങ്ങുകയെന്നത് പ്രവാചകന്മാരുടെ പാരമ്പര്യമാണ്. അന്യായ മായി മനുഷ്യനെ ദ്രോഹിക്കുക എന്നത് അസത്യപക്ഷത്തിന്റെയും പാരമ്പര്യമാണ്. എത്ര ബലപ്രയോഗം നടത്തിയാലും രക്തം ചൊരിഞ്ഞാലും സത്യത്തെ ഇല്ലാതാക്കാൻ സാധ്യമല്ല. സത്യാത്മാക്കൾ അത് തിരിച്ചറിയുകതന്നെ ചെയ്യും. വിശുദ്ധ ഖുർആൻ ഒരു ശാശ്വത സത്യം ഇങ്ങനെ വെളിപ്പെടുത്തുന്നു.

**നാം ഗ്രന്ഥം നൽകിയിട്ടുള്ളവർ തങ്ങളുടെ പുത്രന്മാരെ തിരിച്ചറിയുന്നതുപോലെ ഇത് അറിയുന്നു ണ്ട്. പക്ഷേ അവരിൽ ഒരു വിഭാഗം അറിഞ്ഞുകൊണ്ട് സത്യം മറച്ചുവെക്കുകയാണ് ചെയ്യുന്നത്.(2:147)**

# ഇന്തോനേഷ്യയിലെ ശുഹദാക്കൾ

ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു)
ഖലീഫത്തുൽ മസീഹ്



(11-02-2011 ന് ഖലീഫത്തുൽ മസീഹ് ബൈത്തുൽ ഫുതൂഹിൽ വെച്ച് നിർവ്വഹിച്ച ജുമുഅ ഖുത്വ്ബയുടെ സംഗ്രഹം.)

**അ**ത്യധികം മൃഗീയമായും ക്രൂരമായും ഇന്തോനേഷ്യയിൽ മൂന്ന് അഹ്മദികൾ ശഹീദാക്കപ്പെടുകയുണ്ടായി. ഓരോ അഹ്മദിയും ഈ സംഭവത്തിൽ ദുഃഖിതനാണ്. പക്ഷേ, സഹനം പാലിച്ചുകൊണ്ട് ജീവനും ധനവും മറ്റെല്ലാ നഷ്ടവും ദൈവത്തിന്റെ സംതൃപ്തിക്കായി സമർപ്പിച്ചുകൊണ്ട് 'ഇന്നാലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ' (ഞങ്ങൾ അല്ലാഹുവിന്റേതാണ് അല്ലാഹു വിലേക്ക് തന്നെ തിരിച്ചു പോകുന്നതുമാണ്) എന്ന് പറയുക മാത്രമാണ് അഹ്മദികളുടെ രീതി. ഇന്തോനേഷ്യയിലായാലും പാകിസ്ഥാനിലായാലും അഹ്മദികൾ നല്കുന്ന ബലിദാനത്തിന്റെ ആ ആത്മാവ് റസൂൽ തിരുമേനി (സ)യുടെ യഥാർത്ഥ പ്രേമിയായ ഹദ്റത്ത് മസീഹ് മൗഊദ് (അ) ഓരോ അഹ്മദിയുടേയും ഹൃദയത്തിലൂതിയിട്ടുണ്ട്. അല്ലാഹുവിന്റെ പേരിൽ കഷ്ടനഷ്ടങ്ങൾ ഏല്ക്കേണ്ടിവരുമ്പോൾ ഓരോ അഹ്മദിയുടെയും പ്രതികരണം ഇതായിരിക്കും. എല്ലാ പ്രവാചകൻമാർക്കും ഈ അവസ്ഥ നേരിടേണ്ടിവന്നിട്ടുണ്ട്. വിശ്വാസം വെടിയണമോ ജീവൻ വെടിയണമോ എന്ന ഘട്ടം വന്നപ്പോൾ വിശ്വാസികൾ ജീവൻ വെടിഞ്ഞുകൊണ്ട് തങ്ങളുടെ വിശ്വാസ ദൃഢീകരണ പ്രവർത്തനമാണ് കാഴ്ചവെച്ചത്. ഹദ്റത്ത് മൂസാ നബി (അ)യുടെ കാലത്ത് മാന്ത്രിക മത്സരത്തിൽ മൂസാ നബി(അ)ക്ക് ലഭിച്ച ദൈവീ ക സഹായം തിരിച്ചറിഞ്ഞ മന്ത്രവാദികൾ ഉടനെ അദ്ദേഹത്തെ വിശ്വസിച്ചു. ഉഗ്രകോപത്താൽ 'നിങ്ങളെ ശിക്ഷിക്കു'മെന്ന് ഫിർഔൻ പറഞ്ഞപ്പോൾ 'വഖ്ളി മാഅൻത്ത ഖാളിൻ' (നിനക്ക് ഇഷ്ടമുള്ളത് വിധിക്കാം) 'അല്ലാഹുവിന്റെ പ്രകടമായ അടയാളങ്ങൾക്ക് മേൽ താങ്കൾക്ക് ശ്രേഷ്ഠത കല്പിക്കാൻ ഞങ്ങൾ തയ്യാറല്ലെ'ന്ന് അവർ പ്രതിവചിച്ചു. അതായത് താങ്കൾക്ക് കൊല്ലാൻ സാധിച്ചേക്കും, പിന്തിരിപ്പിക്കാൻ കഴിയില്ല എന്ന ഉത്തരമാണ് അവർ നല്കിയത്.

മൂസാനബി(അ)യെ വിശ്വസിച്ചവർക്ക് ഇങ്ങനെ പറയാമെങ്കിൽ ഖാത്തമുന്നബിയ്യീനായ റസൂൽ തിരുമേനി (സ) യിലും അവിടത്തെ പ്രവചന പ്രകാരം ആഗതരായ വാഗ്ദത്ത മസീഹി (അ)ലും വിശ്വസിച്ച നാം ഭയപ്പെട്ട് വിശ്വാസത്തെ കൈവെടിയുമോ? അല്ലാഹു നമുക്ക് 'ബശ്ശിരിസ്സാബിരീൻ' (സഹനശീലർക്ക് നീ സുവാർത്ത നൽകുക) എന്ന സുവാർത്ത നല്കിയിരിക്കുന്നു. അതുകൊണ്ട് വിശ്വാസത്തിന്റെ പാരമ്യതയിൽ എത്തിയവരെ ഏതെങ്കിലും ഭീഷണികൊണ്ട് പിന്തിരിപ്പിക്കാമെന്ന് കരുതുന്നത് മൗഢ്യമാണ്. എന്ത് അതിക്രമങ്ങൾ കാട്ടിയാലും നിങ്ങൾക്ക് ലഭിക്കുന്ന മറുപടി (വഖ്ളി മാ അൻത്തഖാളിൻ)നിനക്ക് ഇഷ്ടമുള്ളത് വിധിക്കാം എന്നു മാത്രമായിരിക്കും)

ഇന്തോനേഷ്യയിലെ അഹ്മദികളും അവരോട് പറഞ്ഞത് ഇതായിരുന്നു. അഹ്മദികളുടെ മസ്ജിദും മിഷൻ ഹൗസും ആക്രമിക്കുക. അപ്പോൾ അവർ ഒഴിഞ്ഞുപോകുകയും അങ്ങനെ അത് പിടിച്ചെടുക്കുകയോ അടച്ചുപൂട്ടുകയോ ചെയ്യും. ഇതായിരുന്നു കുറേ വർഷങ്ങളായി

ഇന്തോനേഷ്യയിൽ അക്രമികളുടെ രീതി. ഉദ്യോഗസ്ഥർ ഇതിനെല്ലാം അവർക്ക് പിന്തുണ നല്കി. ഇനി മുതൽ പള്ളി അങ്ങനെ ഒഴിഞ്ഞുപോകേണ്ടതില്ല എന്ന് അഹ്മദികൾ തീരുമാനിച്ചു. പള്ളി അക്രമിക്കപ്പെടുമ്പോൾ സംരക്ഷിക്കുന്നതിനായി ഇരുപതോളം അഹ്മദിയുവാക്കൾ അവിടെയുണ്ടായിരുന്നു. ഈ നിഷ്ഠൂര സംഭവം നടന്നത് മുപ്പത് പേരുള്ള ഒരു ചെറിയ ജമാഅത്തിലാണ്. അവിടുത്തെ മുഅല്ലിമിനെ (അദ്ധ്യാപകനെ) മാറ്റണമെന്ന് മുസ്‌ലിം നാമധാരികളും ഉലമാക്കളും ആവശ്യപ്പെട്ടു. അദ്ദേഹം ആ നാട്ടുകാരൻ തന്നെയായിരുന്നു. ഈ ക്രൂരന്മാർ അകത്ത് കടന്ന് വടിവാളും കത്തിയും കുന്തവും വടിയുംകൊണ്ട് അഹ്മദികളെ മാരകമായി മുറിവേല്പിച്ച് വലിച്ച് പുറത്തിട്ടു. പോലീസ് ഇതെല്ലാം കണ്ട് പുറത്ത് നില്ക്കുന്നുണ്ടായിരുന്നു. മൂന്ന് അഹ്മദികളെ നിഷ്ഠൂരമായ നിലയിൽ ശഹീദാക്കി. അഞ്ചു പേർക്ക് സാരമായ പരിക്കേറ്റു. ഈ ക്രൂരസംഭവങ്ങളരങ്ങേറിയിട്ടും ജമാഅത്തംഗങ്ങളുടെ വിശ്വാസം മുമ്പത്തെക്കാൾ വർദ്ധിക്കുകയാണ് ചെയ്തത്.

ജാഹിലിയ്യകാലത്തെ കുഫ്ഫാറുകളുടെ മാതൃകയാണ് അക്രമികൾ കാഴ്ചവെച്ചത്. അഹോ കഷ്ടം! മുസ്‌ലിം നാമധാരികളായ ഇവർ ഇത് ചെയ്തിരിക്കുന്നത് പ്രപഞ്ചം മുഴുവൻ കാരുണ്യം ചൊരിയാൻ വന്ന മഹാനായ പ്രവാചകന്റെ പേരിലാണ്. യുദ്ധത്തിൽ വധിക്കപ്പെട്ടവരുടെ മൃതദേഹങ്ങളോട് പോലും ആദരപൂർവ്വം പെരുമാറണമെന്ന് പഠിപ്പിച്ച മതമാണ് ഇസ്‌ലാം. മുമ്പ് അറേബ്യയിൽ യുദ്ധത്തിൽ മരിച്ചവരുടെ മൃതദേഹം വികൃതമാക്കുന്ന പതിവുണ്ടായിരുന്നു. റസൂൽതിരുമേനി (സ) അത് നിരോധിച്ചു. എന്നാൽ ഇന്തോനേഷ്യയിൽ അഹ്മദികളെ ശഹീദാക്കിയ ക്രൂരന്മാർ മൃതദേഹം വികൃതമാക്കി. മൃതദേഹം ബന്ധുക്കൾക്ക് പോലും തിരിച്ചറിയാൻ കഴിയാത്തവിധം വികൃതമായിരുന്നു. മൃതദേഹം വികൃതമാക്കുന്നതിൽ മക്കയിലെ കാഫിറുകളെപ്പോലും ഇവർ പിന്നിലാക്കിയിരിക്കുന്നു. നമുക്കിതിൽ അഗാധമായ ദുഃഖമുണ്ട്. അവിടത്തെ അച്ചടി വാർത്താമാധ്യമങ്ങൾ ഇക്കാര്യങ്ങളെല്ലാം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആ നിഷ്ഠൂര സംഭവത്തിന്റെ ദൃശ്യരംഗങ്ങൾ പ്രദർശിപ്പിക്കാൻ കഴിയാത്തവിധം അതിഭയാനകവും ക്രൂരവുമായതിനാൽ സംപ്രേഷണം ചെയ്തിട്ടില്ല. ഇത്തരം രംഗങ്ങൾ സംപ്രേഷണം ചെയ്യുന്ന അൽജസീറ ടെലിവിഷൻ ചാനൽ പോലും ഭയാനകവും വേദനാനിർഭരവുമാണെന്ന് പറഞ്ഞ് ഈ ദൃശ്യം ഒഴിവാക്കിയിരിക്കുകയാണ്. വലിയ ആൾക്കൂട്ടം വന്ന് പള്ളി ആക്രമിച്ച് കൊള്ള നടത്തി അഹ്മദികളെ നഗ്നരാക്കി കല്ലും വടിയും മറ്റായുധങ്ങളുമുപയോഗിച്ച് ശഹീദാക്കുകയാണുണ്ടായത്.

ഏഷ്യൻ ഹ്യുമാനിറ്റി വാച്ചിന്റെ റിപ്പോർട്ട് പ്രകാരം ഇന്തോനേഷ്യയിലെ ഉലമാക്കൾ പറയുന്നത് നാട്ടുകാർ ഇത് ശരിയാണെന്ന് മനസ്സിലാക്കുന്നുഎന്നാണ്. നാട്ടുകാർ എന്നതുകൊണ്ട് അർത്ഥമാക്കുന്നത് ഈ കൊടും ക്രൂരത ചെയ്തവരെയാണ്. ഒരു കോളമിസ്റ്റ് എഴുതുന്നു: 'ഈ ക്രൂരകൃത്യങ്ങളുടെ ദൃശ്യങ്ങൾ കാണാൻ വല്ലവർക്കും മനസ്സാന്നിദ്ധ്യമുണ്ടെങ്കിൽ കാണുക. അനിതര സാധാരണവും എല്ലാവരെയും അമ്പരിപ്പിക്കുന്ന വിധം ഭയാനകങ്ങളുമാണവ.' ഇതിന്റെ വീഡിയോ ദൃശ്യങ്ങൾ കണ്ടവർ എനിക്കെഴുതിയത് അല്പനിമിഷമല്ലാതെ അത് കണ്ടു നില്ക്കാൻ സാധ്യമല്ല എന്നാണ്. കണ്ടവരെല്ലാം പൊട്ടിക്കരഞ്ഞുവെന്നാണ് എന്നോട് വിവരിച്ചത്. എന്നാൽ ക്രൂരമായ കൊലപാതകം കണ്ട് ജനക്കൂട്ടം കൈയടിച്ചു രസിക്കുകയായിരുന്നു.

ഈ ക്രൂരകൃത്യത്തോട് പ്രതികരിച്ചുകൊണ്ട് 'ജക്കാർത്ത പോസ്റ്റി' ൽ ഒരു ലേഖകൻ എഴുതി; 'അഹ്മദികൾ ഇന്തോനേഷ്യക്ക് വേണ്ടി ചെയ്ത സേവനങ്ങൾ അമൂല്യമാണ്. ഇരുപതാം നൂറ്റാണ്ടിന്റെ പുതിയ ചിന്താധാരകൾ ഇന്തോനേഷ്യക്ക് പരിചയപ്പെടുത്തിയത് അഹ്മദി പണ്ഡിതന്മാരാണ്. പ്രസിഡണ്ട് സുക്കാർണോ വിശുദ്ധഖുർആൻ പഠിച്ചത് അഹ്മദികളിൽ നിന്നാണ്. അത് മുഖേന അദ്ദേഹം വലിയ വിജ്ഞാനിയായി. ഈ ന്യൂനപക്ഷ കക്ഷിയെ ഞങ്ങൾ നന്ദിപൂർവ്വം സ്മരിക്കുന്നു. ഈ ക്രൂര സംഭവം ഇന്തോനേഷ്യയുടെ ചരിത്രത്തിൽ മായാതെ കിടക്കുന്നതാണ്. ഇത് തെളിയിക്കുന്നത് ഇന്തോനേഷ്യയിൽ ന്യൂനപക്ഷങ്ങൾക്ക് യാതൊരു രക്ഷയുമില്ല എന്നാണ്.' ന്യൂയോർക്ക് ടൈംസ്, ഫൈനാൻഷ്യൽ ടൈംസ് പോലെയുള്ള പത്രങ്ങളെല്ലാം ഇത്തരം വാർത്തകളാണ് കൊടുത്തത്. ജക്കാർത്തയിലെ പല പത്രങ്ങളും ഈ സംഭവത്തെ കഠിനമായി വിമർശിച്ചിട്ടുണ്ട്. ഇന്തോനേഷ്യയിലെ പത്രമാധ്യമങ്ങൾക്കുള്ള ഈ ആർജ്ജവം പാകിസ്ഥാനിൽ ഉണ്ടായിരുന്നെങ്കിൽ എത്ര നന്നായിരുന്നു!.

എല്ലാ മുസ്‌ലിം രാജ്യങ്ങളിലും താഗൂത്തി (പൈശാചിക) കക്ഷികൾ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിനെ ഉപദ്രവിച്ചുകൊണ്ടിരിക്കുന്നു. മുല്ലാക്കൾ ഏത് നാട്ടിലായാലും അവരുടെ സ്ഥിതി ഇതുതന്നെ. ജനങ്ങൾ അഹ്മദിയ്യത്ത് സ്വീകരിച്ചാൽ തങ്ങളുടെ ഉപജീവനം മുടങ്ങിപ്പോകുമെന്നും ജനങ്ങൾ ക്കിടയിലെ വില ഇല്ലാതാവു മെന്നും തങ്ങളുടെ

അറിവിന്റെ പൊള്ളത്തരം വെളിപ്പെടുമെന്നും അവർ ഭയക്കുന്നു.

ഇന്തോനേഷ്യയിൽ അഹ്മദിയ്യത്ത് സ്ഥാപിതമായത് ദൈവീക സഹായത്തോടെയാണ്. അവിടെ നിന്നും നാലുപേർക്ക് വളരെ യാദൃച്ഛികമായി ഖാദിയാനിൽ വന്ന് അഹ്മദിയ്യത്ത് സ്വീകരിക്കാൻ ഭാഗ്യം ലഭിച്ചു. 1923ൽ സുമാത്രയിലെ നാല് യുവാക്കൾ മൗലവി അബൂബക്കർ അയ്യൂബ് സാഹിബ്, മൗലവി അഹ്മദ് നൂറുദ്ദീൻ സാഹിബ്, മൗലവി സാനിഹാലാൻ സാഹിബ്, ഹാജി മഹ്മൂദ് സാഹിബ് എന്നിവരാണവർ. ദീൻ പഠിക്കാൻ ഇന്ത്യയിൽ വന്ന അവർ ചുറ്റിത്തിരിഞ്ഞ് അവസാനം ഖലീഫത്തുൽ മസീഹ് രണ്ടാമന്റെ കാലത്ത് ഖാദിയാനിലെത്തുകയായിരുന്നു. അവർ അഹ്മദിയ്യത്ത് പഠിച്ച് ബൈഅത്ത് ചെയ്തു. പിന്നീട് ഖലീഫത്തുൽ മസീഹ് രണ്ടാമൻ യൂറോപ്യൻ പര്യടനം കഴിഞ്ഞ് വന്നപ്പോൾ ഇന്തോനേഷ്യൻ വിദ്യാർത്ഥികളുടെ അഭ്യർത്ഥന പ്രകാരം ഹദ്റത്ത് മൗലവി റഹ്മത്തലി സാഹിബ് എന്ന മുബല്ലിഗിനെ 1925ൽ അവിടേക്കയച്ചു. സുമാത്രയിലെത്തിയ മൗലവി സാഹിബ് തികച്ചും അപരിചിതമായ ചുറ്റുപാടിൽ പ്രചാരണം ആരംഭിച്ചു. 'താപത്തുങ്കൽ' എന്ന സ്ഥലത്ത് പ്രഥമ ജമാഅത്ത് രൂപീകരിച്ചു. കഠിനമായ പ്രയാസങ്ങളെ അതിജീവിച്ചായിരുന്നു മൗലവി സാഹിബ് പ്രവർത്തിച്ചത്. ഒരിക്കൽ മുവായിരത്തോളം വരുന്ന ആൾക്കൂട്ടം അവിടെയെത്തി അദ്ദേഹത്തെ വളഞ്ഞിരുന്നു. ഭാഗ്യത്തിന് രക്ഷപ്പെട്ടു. അതിനുശേഷം ഹാജി മഹ്മൂദ് സാഹിബ് അവിടെയെത്തി. അദ്ദേഹത്തിനെതിരെ പീഢനമുറകൾ ആരംഭിച്ച ഉലമാക്കൾ അദ്ദേഹത്തെ നാടുകടത്താൻ നോക്കിയെങ്കിലും സർക്കാരിൽ നിന്നും അതിന് പിന്തുണ ലഭിച്ചില്ല.

1927 ഡിസംബറിൽ പഠാൻ എന്ന സ്ഥലത്ത് വെച്ച് നടന്ന സംവാദത്തിൽ അനഹ്മദി പണ്ഡിതന്മാർ സ്വാഭാവികമായും പരാജയപ്പെട്ടു. ഈ സംവാദത്തിൽ നിരവധി പണ്ഡിതന്മാരും പത്രപ്രവർത്തകരും ഗവൺമെന്റ് ഉദ്യോഗസ്ഥരും പങ്കെടുത്തിരുന്നു. ഈ സംഭവം ഇന്തോനേഷ്യയിൽ അഹ്മദിയ്യത്തിന് കൂടുതൽ പ്രചരണത്തിന് അരങ്ങൊരുക്കി. ഇതോടെ മൂന്നാമത്തെ ജമാഅത്തും സ്ഥാപിതമായി. 1930 ൽ മൗലവി റഹ്മത്തലി സാഹിബും മൗലവി മുഹമ്മദ് സ്വാദിഖ് സാഹിബും ഇന്തോനേഷ്യയിൽ വന്നു. ജമാഅത്തിന്റെ വളർച്ചക്കനുസൃതമായി എതിർപ്പും കൂടിവന്നു. പ്രാദേശിക ഭരണാധികാരികൾ അഹ്മദിയ്യാ ജമാഅത്തിന് ജുമുഅ നടത്താനും പ്രവർത്തിക്കാനും അനുവാദം നിഷേധിച്ചു കൊണ്ട് ബുദ്ധിമുട്ടിച്ചുകൊണ്ടിരുന്നു.

ഇന്തോനേഷ്യക്ക് വേണ്ടി അഹ്മദികൾ ചെയ്ത സേവനം ഞാൻ വിവരിക്കാം. ഇന്തോനേഷ്യ ഡച്ച് അധീനത്തിലായിരുന്നു. അതിന്റെ സ്വാതന്ത്ര്യത്തിന് വേണ്ടി അവിഭക്ത ഭാരതത്തിൽ ആദ്യമായി ശബ്ദമുയർത്തിയത് ഖലീഫത്തുൽ മസീഹ് സാനിയായിരുന്നു. 1946 ആഗസ്റ്റ് 16-ാം തിയ്യതിയിലെ ഖുത്ബയിൽ മറ്റു രാജ്യങ്ങളിലെ മുസ്ലിംകളോട് ഇന്തോനേഷ്യയയുടെ സ്വാതന്ത്ര്യത്തിന് വേണ്ടി പ്രവർത്തിക്കാൻ ആഹ്വാനം ചെയ്തു. ലോകത്തെങ്ങുമുള്ള അഹ്മദിയ്യാ മിഷനോടും ഇന്തോനേഷ്യയുടെ സ്വാതന്ത്ര്യത്തിനു വേണ്ടി പ്രവർത്തിക്കാൻ ഖലീഫ തിരുമനസ്സ് നിർദ്ദേശിച്ചു. അങ്ങനെ 1947 ആഗസ്റ്റ് 17-ന് ഇന്തോനേഷ്യ സ്വതന്ത്രമായി. സ്വാതന്ത്ര്യ സമരങ്ങളിലെല്ലാം അഹ്മദികളും മുബല്ലിഗുകളും പങ്കെടുത്തിരുന്നു. സുക്കാർണോയെ സഹായിക്കാൻ അഹ്മദിയ്യാ മുബല്ലിഗ് സയ്യിദ് ശാ മുഹമ്മദ് സാഹിബ് ജക്കാർത്തയിലെത്തി. സുക്കാർണോയുമായി കൂടിക്കാഴ്ച നടത്തി. സുക്കാർണോ അദ്ദേഹത്തെ ഉറുദു പ്രക്ഷേപണമടക്കം പല ജോലികളും ഏല്പിച്ചു കൊടുത്തു.

സയ്യിദ് ഷാ സാഹിബിനെ പറ്റി ഇന്തോനേഷ്യൻ മുൻ വിദേശകാര്യമന്ത്രി 'ഞങ്ങളിൽ ഒരാളായിരുന്നു അദ്ദേഹം' എന്ന് നന്ദിപൂർവ്വം അനുസ്മരിച്ചിട്ടുണ്ട്.

ഇൻഫർമേഷൻ മിനിസ്ട്രിയിൽ 1947 ഓഗസ്റ്റ് 3-ാം തിയ്യതി സയ്യിദ് ഷാ സാഹിബിന്റെ പ്രവർത്തനങ്ങളെ അനുസ്മരിച്ചു പുറത്തിറക്കിയ ബഹുമതി പത്രത്തിൽ പറയുന്നു: 'ഞങ്ങൾ ജക്കാർത്തയിലെ അഹ്മദിയ്യാ മുസ്ലിം മിഷന്റെ നേതാവായ സയ്യിദ് ഷാ മുഹമ്മദ് സാഹിബിന്റെ സമൂഹത്തിനും ഇന്തോനേഷ്യൻ ഗവൺമെന്റിന്റെ സ്വാതന്ത്ര്യസമരപോരാട്ടത്തിൽ ചെയ്ത സേവനങ്ങളെയും ഇൻഫർമേഷൻ വിഭാഗത്തിന്റെ തലവൻ എന്ന നിലയ്ക്ക് അദ്ദേഹത്തിന്റെ ബുദ്ധിപരമായ എല്ലാ പ്രവർത്തനങ്ങളേയും നന്ദിപൂർവ്വം അനുസ്മരിക്കുന്നു. അന്തർദേശീയതലത്തിൽ ഇന്തോനേഷ്യയെ ഡച്ചുനുകത്തിനു കീഴിൽനിന്നും മോചിപ്പിക്കുന്നതിനും സ്വാതന്ത്ര്യസമരത്തിന് അംഗീകാരം ലഭിക്കുന്നതിനും സയ്യിദ് ഷാ സാഹിബ് നൽകിയ സേവനം അവിസ്മരണീയമാണ്, ഡച്ച് ഗവൺമെന്റിൽ നിന്നും അധികാരം കൈമാറി സുക്കാർണോ ജക്കാർത്തയിൽ വന്നപ്പോൾ അദ്ദേഹത്തെ അനുഗമിച്ച ഏക വിദേശി സയ്യിദ് ഷാ സാഹിബായിരുന്നു. സർക്കാർ ഓഫീസുകൾ ജക്കാർത്തയിലേക്ക് മാറ്റിയപ്പോൾ ഉറുദുവിൽ ഗവൺമെന്റിനുവേണ്ടി റേഡിയോ പ്രക്ഷേപണം അവതരിപ്പിച്ചത്

അദ്ദേഹമായിരുന്നു.'

ഇന്തോനേഷ്യൻ പ്രസിഡന്റ് സുക്കാർണോയുടെ 'ഡീ ബാബ ബന്ദ്ര റവൽസ്'എന്ന ആത്മകഥയിൽ എഴുതുന്നു 'അഹ്മദിയ്യത്തിന്റെ ചില ആദർശങ്ങളോട് എനിക്ക് യോജിക്കാൻ കഴിയുന്നില്ല. മാത്രമല്ല അതിനെ ഞാൻ നിഷേധിക്കുന്നു. എന്നിരുന്നാലും അവരുടെ അദ്ധ്യാപനങ്ങളെയും നിരീക്ഷണങ്ങളെയും ഞാൻ അംഗീകരിക്കുന്നു. അവരുടെ രചനകളിൽ നിന്നും ലഭിച്ചിട്ടുള്ള അറിവ് യുക്തിപരവും കാലോചിതവും ധൈഷണിക വികാസം നൽകുന്നതുമാണ്.'

1947ലെ ഇന്തോനേഷ്യയുടെ സ്വാതന്ത്ര്യപോരാട്ടത്തിൽ ചില അഹ്മദി സഹോദരന്മാർ രക്തസാക്ഷിത്വം വരിച്ചിട്ടുണ്ട്. അതിൽ ഒരാൾ ഇന്തോനേഷ്യൻ ജമാഅത്തിലെ മൊഹ്‌യുദ്ദീൻ സാഹിബ് എന്ന അഹ്മദിയായിരുന്നു. അദ്ദേഹം ഇന്തോനേഷ്യൻ സ്വാതന്ത്ര്യകമ്മിറ്റിയുടെ സെക്രട്ടറിയായിരുന്നു. സ്വാതന്ത്ര്യസമര പ്രവർത്തനങ്ങളിൽ അദ്ദേഹം മുഴുകിയപ്പോൾ ഡച്ച് ഭരണകൂടം അദ്ദേഹത്തെ തട്ടിക്കൊണ്ടുപോയി ശഹീദാക്കുകയാണുണ്ടായത്. ഈ നാടിന്റെ സ്വാതന്ത്ര്യസമരത്തിൽ അഹ്മദികളുടെ രക്തവും ചിന്തപ്പെട്ടിട്ടുണ്ട്.

1947ൽ ചില അഹ്മദികളെ വഹ്ഹാബി മൂവ്മെന്റിന്റെ ദാറുൽ ഇസ്ലാം ഗ്രൂപ്പ് ശഹീദാക്കുകയുണ്ടായി. വഹ്ഹാബികൾ അഹ്മദിയ്യത്ത് ഉപേക്ഷിക്കാൻ അവരെ നിർബന്ധിക്കുകയും ദൃഢവിശ്വാസികളായ അവരെ അടിച്ച് ശഹീദാക്കുകയുമുണ്ടായി. പിന്നീട് 1949ൽ രണ്ട് സ്ത്രീകളടക്കം പത്ത് പേരെ ശഹീദാക്കി. 2001-ൽ മറ്റൊരു അക്രമപരമ്പരയിൽ പാപൂക്ക് ഹസൻ സാഹിബ് എന്ന അഹ് മദി ശഹീദാക്കപ്പെട്ടു. 2002 മുതൽ ഗവൺമെന്റ് അധികാരി



എല്ലാ അക്രമികളും നശിച്ചൊടുങ്ങുന്ന കാലം വരും. നാം ക്ഷമ കൈ കൊള്ളുക. ഈ പവിത്ര ജമാഅത്തിനെ വ്യാപിപ്പിക്കാൻ അല്ലാഹു ഉദ്ദേശിക്കുന്നു. നമ്മെ വേദനിപ്പിച്ചവർ ഒന്നുകിൽ തൗബ ചെയ്ത് മടങ്ങും അല്ലെങ്കിൽ നശിച്ചൊടുങ്ങും.

കൾ മുഴുവനും അഹ്മദികൾക്കെതിരെ അക്രമികൾക്ക് പിന്തുണ നൽകി വരികയാണ്. മാൻസ്ലോർ എന്ന സ്ഥലത്ത് അഹ്മദീ മസ്ജിദുകൾക്ക് നേരേയും വീടുകൾക്ക് നേരേയും കല്ലേറു നടത്തി രണ്ട് മസ്ജിദുകളും 42 അഹ്മദി വീടുകളും എറിഞ്ഞു തകർത്തു. അവിടെ പള്ളികൾ ഗവൺമെന്റ് സീൽ ചെയ്യുകയാണുണ്ടായത്. 2005 ജൂലൈ 15ന് അഹ്മദിയ്യാ കേന്ദ്ര ഓഫീസും അവർ ആക്രമിച്ചു. പല കെട്ടിടങ്ങളും അഗ്നിക്കിരയാക്കി. പോലീസ് ഇതെല്ലാം കണ്ടു രസിക്കുകയായിരുന്നു. ഒക്ടോബറിൽ 'കിട്ടോ പങ്ക്' എന്ന സ്ഥലത്തെ ജമാഅത്ത് ആക്രമിച്ചു. വീടുകൾ തകർക്കുകയും അഹ്മദികളെ പരിക്കേൽപ്പിക്കുകയും ചെയ്തു. 2006 ഫെബ്രുവരിയിൽ വെസ്റ്റ് ലബോക്കിയിലെ ദ്വീപ് കീടോപാകിൽ അക്രമിക്കപ്പെട്ടു. 22 വീടുകൾ നശിപ്പിച്ചു. 6 എണ്ണം അഗ്നിക്കിരയാക്കി. കടുത്ത അക്രമണത്തിൽ 129 പേർക്ക് അവിടെ നിന്നും ഹിജ്റത്ത് ചെയ്യേണ്ടി വന്നു. 2007ൽ മസ്ജിദ് മഹ്മൂദ് എതിരാളികൾ മൂന്നാമതും ആക്രമിച്ചു. 2007 ഡിസംബറിലെ ആക്രമണം മജ്ലിസ് മുജാഹിദീൻ എന്ന പ്രവർത്തകരാണ് സംഘടിപ്പിച്ചത്. വിശുദ്ധ ഖുർആന്റെ 12 പ്രതികൾ അഗ്നിക്കിരയാക്കി 9 മസ്ജിദുകൾ പോലീസ് സീൽ ചെയ്തു. ഈ ഭീകരാവസ്ഥ ഇന്തോനേഷ്യയിൽ ഇപ്പോഴും തുടരുകയാണ്.

ഇന്തോനേഷ്യയിലെ ഇപ്പോഴത്തെ അതിക്രൂരമായ ആക്രമണത്തിൽ ശഹീദായത് മൂന്ന് പേരാണ്. താബാകൂസ് ചന്ദ്രാ മുബാറക് സാഹിബ്, അഹ്മദ് വർസോനാ സാഹിബ്, റൂനി പസറാനി സാഹിബ് എന്നിവരാണവർ. 34 വയസ്സ് പ്രായമുള്ള ചന്ദ്രാ മുബാറക്ക് സാഹിബ് ജമാഅത്ത് കേന്ദ്രത്തിലാണ് താമസിച്ചത്. ഭാര്യ അഞ്ച് മാസം ഗർഭിണിയാണ്. കുഞ്ഞിനെ വഖ്ഫ് ചെയ്യാൻ കരുതിയിരുന്നു. സംഭവം നടന്ന പള്ളിയിലേക്ക് ഭാര്യയുടെ വിലക്ക് അവഗണിച്ചുകൊണ്ട് ദീനിന്റെ സംരക്ഷണത്തിനാണ് താൻ മുൻഗണന നൽകുന്നതെന്ന് പറഞ്ഞ് പോകുകയായിരുന്നു. മിഷൻഹൗസിനുള്ളിലായിരുന്ന അദ്ദേഹത്തെ അവിടെ വെച്ച് തന്നെ ശഹീദാക്കി മൃതദേഹം തിരിച്ചറിയാൻ കഴിയാത്തവിധം വികൃതമാക്കി. അഹ്മദ് വർസോനാ സാഹിബ് (38) 2002ൽ അഹ്മദിയ്യത്ത് സ്വീകരിച്ച വ്യക്തിയാണ്. മാതാപിതാക്കളെ അവഗണിച്ചുകൊണ്ട് മോശപ്പെട്ട ജീവിതം നയിച്ച അദ്ദേഹം അഹ്മദിയ്യത്ത് സ്വീകരിച്ചതിന് ശേഷം മാതാപിതാളെ അത്യധികം ആദരിക്കുന്ന വ്യക്തിയായി മാറി. സാത്വികനായി ജീവിച്ച അദ്ദേഹം ധീരനുമായിരുന്നു. അല്ലാഹുവിൻ നിന്ന് ദുആ മുഖേന പല സഹായങ്ങളും നേരിട്ടു ലഭിക്കുകയും സൽസ്വപ്നങ്ങൾ കാണുകയും ചെയ്യാറുണ്ടായിരുന്നു. വർസോന സാഹിബിനേയും മിഷൻഹൗസിൽ വെച്ച് ശഹീദാക്കി മൃതദേഹം വികൃതമാക്കുകയുണ്ടായി.



ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)

# ജീവനും കളിമണ്ണും

ജലത്തിൽ നിന്നും രൂപം കൊണ്ട ജൈവതന്മാത്ര ജലത്തിൽ തന്നെ നിന്നാൽ അത് ജലവിശ്ലേഷണത്തിന് വിധേയമായി വിഘടിച്ചുപോകും. ജലജന്യമായ ജൈവതന്മാത്ര കളിമണ്ണിൽ വീഴുകയും നിർജ്ജലീകരണത്തിന് വിധേയമായി സംയോജിതമായ ബഹുജൈവ കോശങ്ങൾ രൂപപ്പെടുകയും ജീവപരിണാമത്തിന്റെ പുതിയ ഘട്ടത്തിലേക്ക് അവ പ്രവേശിക്കുകയും ചെയ്തു.

**ജീ**വന്റെ ഉദ്ഭവത്തിന്റെ ശാസ്ത്രീയ വിശദീകരണം കുഴഞ്ഞു മറിഞ്ഞ ഒരു പ്രശ്നമാണ്. ജലത്തിൽ ജൈവ പദാർത്ഥങ്ങൾ രൂപം കൊണ്ട് അവ കൂടിച്ചേർന്ന് നിന്നാൽ വീണ്ടും അവ വിഘടിച്ചു പോകും. പിന്നെ എങ്ങനെ ജീവപരിണാമത്തിന്റെ അടുത്ത ഘട്ടത്തിലേക്ക് പ്രവേശിക്കാനാകും? ഇതാണ് പ്രശ്നത്തിന്റെ കേന്ദ്രഭാഗം.

അതായത് ചരിത്രാതീതകാലത്തെ സമുദ്രജലത്തിൽ വെച്ച് ജൈവപദാർത്ഥങ്ങൾ ഒന്നിച്ച് സംശ്ലേഷിതമായാൽ തന്നെ ഹൈഡ്രോലിസിസിന് *(Hydrolysis - ജലവിശ്ലേഷണം) വിധേയമായി അവ വീണ്ടും പഴയ പ്രാഥമിക രൂപത്തിലേക്ക് തന്നെ തിരിച്ചുപോകുന്നു. ഈ വിഘടന പ്രവണത ഒഴിവാക്കിക്കൊണ്ട്, ജീവന്റെ ഉദ്ഭവപ്രശ്നം എങ്ങനെ അവതരിപ്പിക്കാൻ കഴിയുമെന്നതായിരുന്നു ശാസ്ത്രജ്ഞന്മാർ നേരിട്ട വെല്ലുവിളി. അതായത് ഈ പ്രാഥമികമായ ജൈവപദാർത്ഥങ്ങൾ എത്രത്തോളം ജലത്തിൽ സ്ഥിതി ചെയ്യുന്നുവോ അത്രത്തോളം പുതുതായി രൂപം കൊണ്ട ഇവ ഹൈഡ്രജൻ ആറ്റത്തിന്റെ പ്രവർത്തനഫലമായി സ്ഥിരമായി പഴയ അവസ്ഥയിലേക്ക് തന്നെ തിരിച്ചുപോകും.

റൂനി പസറാനി സാഹിബ് (35) 2008 ജനുവരിയിലാണ് ബൈഅത്ത് ചെയ്തത്. മർജാന സാഹിബിന്റെ തബ്ലീഗ് മുഖേന ജമാഅത്തിൽ പ്രവേശിച്ച ഇദ്ദേഹം ജമാഅത്തിൽ പ്രവേശിക്കുന്നതിനുമുമ്പ് വളരെ മോശപ്പെട്ട അവസ്ഥയിൽ ജീവിച്ചയാളായിരുന്നു. കൊലയും കൊള്ളയും ചൂതാട്ടവും നടത്തി ജീവിച്ച അദ്ദേഹത്തിന് അഹ്മദിയ്യത്ത് സ്വീകരിച്ചതിന് ശേഷമുണ്ടായ മാറ്റം അദ്ഭുതകരമായിരുന്നു. റൂനി പസറാനി സാഹിബ് തലപ്പാവ് ധരിച്ച ഒരാളെ സ്വപ്നം കാണുകയും ആ വ്യക്തിയുടെ (മസീഹ് മൗഊദിന്റെ)ഫോട്ടോ വർസോനി സാഹിബിന്റെ വീട്ടിൽ കാണുകയും ചെയ്തത് മുഖേനയാണ് അദ്ദേഹം ജമാഅത്തിൽ പ്രവേശിച്ചത്. അദ്ദേഹത്തെയും മിഷ്യൻ ഹൗസിനുള്ളിൽ വെച്ച് ശഹീദാക്കി മൃതദേഹം പുറത്ത് വലിച്ചുകൊണ്ടുവന്ന് നഗ്നമാക്കി വികൃതമാക്കുകയുണ്ടായി. ഈ ക്രൂരകൃത്യങ്ങളെല്ലാം കണ്ട് പോലീസ് അവിടെ നോക്കി നിൽക്കുകയായിരുന്നു.

ഈ ശുഹദാക്കൾ സ്വർഗ്ഗത്തിൽ നിത്യജീവനുള്ളവരായിരിക്കും. അഫ്ഗാനിസ്ഥാനിൽ ശഹീദായ സാഹിബ് സാദാ അബ്ദുല്ലത്തീഫ് സാഹിബിനെ (റ) പോലെ മറ്റു പലരും ശഹീദാക്കപ്പെടുന്നതാണെന്ന് മസീഹ് മൗഊദി(അ) ന് ദർശനമുണ്ടായിട്ടുണ്ട്. ഈ അക്രമങ്ങളെല്ലാം തന്നെ അഹ്മദികളുടെ വിശ്വാസത്തെ ദുർബലപ്പെടുത്തുന്നതിനു പകരം ബലപ്പെടുത്തുകയാണ് ചെയ്യുന്നത്. ഇന്തോനേഷ്യയുടെ നിർമ്മാണത്തിൽ ജമാഅത്ത് വമ്പിച്ച പങ്കാണ് വഹിച്ചത്. നാം പരാതികളുമായി നിയമപാലകരെ സമീപിക്കാറുണ്ട്. പക്ഷേ നിയമം കൈയിലെടുക്കാറില്ല. നാടിനോടുള്ള കൂറിൽ കുറവും വരുന്നില്ല. ഞങ്ങളുടെ ദുഃഖങ്ങൾ അല്ലാഹുവിന്റെ തിരുമുമ്പിൽ സമർപ്പിക്കുന്നു. എല്ലാ അക്രമികളും നശിച്ചൊടുങ്ങുന്ന കാലം വരും. നാം ക്ഷമ കൈകൊള്ളുക. ഈ പവിത്ര ജമാഅത്തിനെ വ്യാപിപ്പിക്കാൻ അല്ലാഹു ഉദ്ദേശിക്കുന്നു. നമ്മെ വേദനിപ്പിച്ചവർ ഒന്നുകിൽ തൗബ ചെയ്ത് മടങ്ങും, അല്ലെങ്കിൽ നശിച്ചൊടുങ്ങും. അതു കൊണ്ട് അക്ഷമരാവാതെ ദുആ ചെയ്യുക. അല്ലാഹു നമുക്ക് ക്ഷമിക്കുവാനുള്ള ശക്തി നൽകുമാറാകട്ടെ.

(വി.വ. എം. നാസിർ അഹ്മദ്, കൊടിയത്തൂർ)

ഇതൊരു വിഷമവൃത്തം (Vicious Circle) സൃഷ്ടിച്ചിരിക്കണം. ജൈവ പദാർത്ഥങ്ങൾ (Organic Material) രൂപം കൊള്ളുന്ന മുറക്ക് അത് ഇല്ലാതായി പോവുന്നു. ഇത് സംബന്ധിച്ച് കൂടുതൽ ശാസ്ത്രീയമായ വിശദീകരണം ആവശ്യമായി വരുന്ന വായനക്കാരനുവേണ്ടി മുൻനിർത്തിക്കൊണ്ട് നാം താഴെ കാണുന്ന വിവരണം നൽകുന്നു.

'ജീവന്റെ പ്രാഥമിക പരിണാമഘട്ടത്തിൽ ജലരഹിതമായ ഒരു വരണ്ട പശ്ചാത്തലം ഏത് വിധേനയെങ്കിലും കണ്ടെത്തേണ്ടതുണ്ടെന്ന് അഭിപ്രായപ്പെടുന്ന ശാസ്ത്രജ്ഞന്മാർ ശാസ്ത്ര സമൂഹത്തിൽ ഏറിവരികയാണ്. അതായത് പ്രിമോഡിയൽ മിശ്രിതത്തിലെ (പ്രാഥമിക ജൈവ മിശ്രിതം) പ്രാഥമികാവസ്ഥയിലുള്ള അസ്ഥിരമായ ജൈവ രാസസംയുക്തങ്ങൾക്ക് ജലസംശ്ലേഷണത്തിന് വിധേയമായി വിഘടിച്ചു പോവാൻ കഴിയാത്തവിധം കൂടുതൽ ഉന്നതമായ ജൈവസംയുക്തങ്ങളായി മാറാൻ ഒരു അവസരം ലഭിക്കേണ്ടതുണ്ട്. മാത്രമല്ല അമിനോ അമ്ലത്തിന്റെ പ്രാഥമിക പദാർത്ഥങ്ങളിൽ നിന്ന് പ്രോട്ടീനുകളും ന്യൂക്ലിക് ആസിഡുകളും ഉണ്ടാവണമെങ്കിൽ അമിനോ അമ്ലത്തിന്റെയും, ന്യൂക്ലിയോടൈഡ്സിന്റെയും ഓരോ ജോഡി തന്മാത്രയിൽ നിന്ന് ജലതന്മാത്രകൾ നിശ്ശേഷം ഇല്ലാതാവണം. ഇങ്ങനെ ബഹു തന്മാത്രകൾ രൂപം കൊള്ളുന്നതിനെയാണ് പോളീമറീകരണം* (Polymerisation) എന്ന് പറയുന്നത്. എന്നാൽ, പ്രശ്നമിതാണ്. ജീവപരിണാമത്തിലെ പ്രഥമഘട്ടമായ ഈ പോളീമറീകരണം സംഭവിക്കുന്നത് സമുദ്രജലത്തിൽ വെച്ചാണ്. ആയതിനാൽ ജലത്തിന്റെ സാന്നിദ്ധ്യം തീർച്ചയായും പോളീമറീകരണത്തിന്റെ വിപരീത ദിശയിൽ പ്രവർത്തിക്കുന്നു. (Depolymerisation).

ഇത് അർത്ഥമാക്കുന്നത് ഈ പ്രാഥമിക ജൈവമിശ്രിതത്തിലെ ഓരോ തന്മാത്രയും ജലത്തിൽ വെച്ചുതന്നെ ജലരഹിതമാക്കപ്പെടണമെന്നായിരുന്നു. ഇത് അസാധ്യമല്ലെങ്കിലും അങ്ങേയറ്റം സങ്കീർണ്ണവും വളരെ പ്രയാസകരവുമായ കാര്യമാണ്. ഏറെക്കുറെ അസാധ്യവുമാണ്. പക്ഷെ പരീക്ഷണശാലയിൽ ഈ പ്രാഥമിക ജൈവമിശ്രിതം ജലരഹിതമാക്കപ്പെട്ട് ഉണങ്ങാനനുവദിച്ചപ്പോൾ ജൈവതന്മാത്രകളുടെ കൂടിച്ചേരലിന് വളരെ നല്ല ഫലങ്ങളാണ് ലഭിച്ചത്. ഇതിൽ നിന്ന് ഈ പ്രാഥമിക ജൈവ ലായനി ബാഷ്പീകരണത്തിനായി പാറയിലേക്കോ, വരണ്ട ചെളിയിലേക്കോ, കടൽതീരത്തിലേക്കോ തൂവിയിട്ടുണ്ടാവണമെന്ന അഭിപ്രായത്തിലേക്ക് ശാസ്ത്രജ്ഞന്മാർ എത്തിച്ചേർന്നു. ജലത്തിൽ നിന്ന് ഉൽപാദിപ്പിക്കപ്പെട്ട പ്രാഥമിക ജൈവസംയുക്തങ്ങളുടെ അവസ്ഥക്കും പിന്നീട് ഈ ജൈവസംയുക്തങ്ങൾ പൂർവ്വാവസ്ഥയിലേക്ക് വിഘടിച്ച് തിരിച്ചുപോവാത്തവിധം സംയുക്തങ്ങളായി തന്നെ കൂടുതൽ ഉന്നതമായ രൂപത്തിൽ നിലനിന്ന ഒരവസ്ഥക്കും ഇടയിൽ അതീവ പ്രാധാന്യമുള്ള ജലരഹിതമായ ഒരവസ്ഥ ഉണ്ടാവേണ്ടത് അനിവാര്യമാണെന്ന് ഇത് വ്യക്തമാക്കുന്നു.

പ്രശ്നം കൈകാര്യം ചെയ്ത എല്ലാ സിദ്ധാന്തങ്ങളിലും വെച്ച് ഏറ്റവും കൗതുകകരമായ തിയറി സിലിക്ക, കളിമണ്ണ് പോലെയുള്ള വസ്തുക്കളുടെ ഉപരിതല രാസത്വരക (Surface Catalysts) പ്രവർത്തനവുമായി ബന്ധപ്പെട്ടതാണ്. ഇത് ആദ്യം ചൂണ്ടിക്കാട്ടിയത് 1951-ൽ ജോൺ ബെർണൽ (John Bernel) ആണ്. അദ്ദേഹം തന്റെ Physical Basis of Life (ജീവന്റെ ഭൗതിക അടിസ്ഥാനം) എന്ന പുസ്തകത്തിൽ എഴുതുന്നു.

'കളിമണ്ണിന്റെയും ചെളിമണ്ണിന്റെയും അജൈവ പരലുകളുടേയും അതി ശോഷണം (Adsorption), ജൈവ തന്മാത്രകൾ കൂടിച്ചേരാനും പോളിമറീകരണത്തിനുമുള്ള ശക്തമായ മാധ്യമങ്ങളാണ്.'

ജലവിശ്ലേഷണത്തിന്റെ ഈ സ്ഥിരം ഭീഷണി കാരണം ചില ശാസ്ത്രജ്ഞൻമാർ ജീവപരിണാമം ജലത്തിൽ നിന്നല്ല ഉദ്ഭവിച്ചത് എന്ന് പറയുന്നവരാണ്. കാരണം ജലവിശ്ലേഷണം മൂലം കൂടിച്ചേർന്ന ജൈവതന്മാത്രകൾ പിന്നീട് വിഘടിച്ച് പോകണം അഥവാ മുന്നോട്ടും അതുപോലെ പിന്നോട്ടും പോകുന്ന ഒരു വിഷമവൃത്തത്തിലുപരിയായി ഇവിടെ ജീവപരിണാമം പുരോഗമിക്കുന്നില്ല. വിഘടിക്കാതെ കൂടിച്ചേർന്ന് നിൽക്കുന്ന ഒരു ഘനാവസ്ഥ രസതന്ത്രത്തിന് (Solid State Chemistry) വേണ്ടിയാണ് അവർ ആരായുന്നത്. നാം പ്രതീക്ഷിക്കേണ്ടതും അതു തന്നെയാണ്. നിരവധി അഭിപ്രായ വ്യത്യാസങ്ങൾക്കിടയിൽ ജലവിശ്ലേഷണ ത്തിന്റെ

***ഹൈഡ്രോലിസിസ് (ജലവിശ്ലേഷണം): Hydrolysis** കൂടി ചേർന്ന രാസയൗഗികങ്ങൾ ജലത്തിൽ തന്നെ നിൽക്കുമ്പോൾ ജലതന്മാത്രകളുമായി പ്രതിപ്രവർത്തിച്ച് അവയെ പൂർവ്വ സ്ഥിതിയിലാക്കുന്ന ഘടകങ്ങളാക്കി വിഘടിപ്പിച്ച് പ്രവർത്തിക്കുന്നതിനെയാണ് ഹൈഡ്രോലിസിസ് എന്ന് പറയുന്നത്. ഈ പ്രവർത്തനം മൂലം ജലത്തിൽ രൂപം കൊള്ളുന്ന ജൈവ പദാർത്ഥങ്ങൾക്ക് അടുത്ത വളർച്ചാ ഘട്ടത്തിലേക്ക് പ്രവേശിക്കാൻ സാധ്യമാവില്ല. (വിവ:)

***പോളീമറീകരണം (Polymerisation)** : പ്രാഥമിക കണങ്ങളോ തന്മാത്രകളോ കൂടിചേർന്ന് വലിയ തന്മാത്രകൾ രൂപം കൊള്ളുന്ന പ്രക്രിയ (വിവ:)

ഈ പ്രശ്നം അന്തിമമായി എങ്ങനെ പരിഹരിക്കപ്പെട്ടു എന്ന വിഷയത്തിൽ ഒരുകാര്യം വളരെ വ്യക്തമാണ്. അതായത് തുടക്കത്തിൽ തന്നെ ജലരഹിതമായ ഒരു വരണ്ടഘട്ടം കൂടാതെ രാസപരിണാമത്തെപ്പറ്റിയുള്ള ശാസ്ത്രീയ സിദ്ധാന്തങ്ങളൊന്നും പ്രസക്തമാകുന്നില്ല. സമുദ്രത്തിലെ ഈ പ്രാഥമിക ജൈവ മിശ്രിതം സാന്ദ്രീകരിക്കപ്പെടുകയും പിന്നീട് അത് കളിമണ്ണിന്റെ നേരിയ പാളികളായി ഉണങ്ങി വരളുകയുമാണ് ഉണ്ടായത്. ഇങ്ങനെ യാണ് ആ ഉണങ്ങിയ വരണ്ടഘട്ടത്തിൽ എത്തിച്ചേർന്നത്. ജീവൻ ജലത്തിൽ നിന്ന് ആരംഭിച്ചുവെന്നും അതിനുശേഷം ഉണങ്ങി വരണ്ട ഒരു ഇടക്കാലഘട്ടത്തിലൂടെ പ്രയാണം തുടർന്നുവെന്നും വിശുദ്ധ ഖുർആൻ സ്പഷ്ടമായും പറയുന്നു. അതായത് പ്രാഥമിക ജൈവ മിശ്രിതം ഉടഞ്ഞ മൺപാത്രത്തിന്റെ കഷണം പോലെ മുട്ടിയാൽ മുഴങ്ങുന്ന കളിമൺ ഫലകങ്ങളുടെ ആകൃതിയിൽ രൂപപ്പെട്ടുവന്നു. ഇതായിരുന്നു ഉണങ്ങിവരണ്ട ആ കാലഘട്ടം.

ഈ വിഷയത്തിൽ ഖുർആനിലെ ഏറ്റവും പ്രസക്തമായ വചനങ്ങൾ താഴെ കാണുന്നതാണ്.

**ജലത്തിൽ നിന്ന് നാം എല്ലാ ജീവനുള്ള വസ്തുക്കളേയും സൃഷ്ടിച്ചു. (21:31)**

**കളിമൺ പാത്രങ്ങളുടെ കഷണം പോലെയുള്ള ഉണങ്ങി വരണ്ടതും മുട്ടിയാൽ മുഴങ്ങുന്നതുമായ കളിമണ്ണിൽ നിന്ന് അവൻ മനുഷ്യനെ സൃഷ്ടിച്ചു.(55:15)**

**സത്യമായും കെട്ടിക്കിടക്കുന്ന കറുത്ത ചെളിമണ്ണിൽ നിന്ന് മനുഷ്യനെ നാം സൃഷ്ടിച്ചിരിക്കുന്നു. (15:27)**

കളിമൺ പാത്രങ്ങളുടെ പൊട്ടിയ പാളികൾ പോലെയുള്ള വസ്തുക്കൾ ജീർണ്ണനത്തിന് വിധേയമായ ജൈവ വസ്തുക്കളായിരുന്നു. അതുപോലെ കെട്ടിക്കിടക്കുന്ന കറുത്ത ചെളിമണ്ണിനെക്കുറിച്ചു വ്യക്തമായി വിശുദ്ധ ഖുർആൻ പ്രയോഗിച്ച ഈ വചനങ്ങൾ വളരെ ശ്രദ്ധേയമാണ്.

കളിമൺ പാത്രത്തിനുപയോഗിക്കുന്ന പദാർത്ഥങ്ങളിൽ നിന്ന് എങ്ങനെ മനുഷ്യനെ സൃഷ്ടിച്ചു എന്ന പ്രതിപാദനം വിശുദ്ധ ഖുർആൻ ഭാഷ്യകാരന്മാർക്ക് ഉൾക്കൊള്ളാൻ കഴിയുന്നതായിരുന്നില്ല. കളിമൺ പാത്രത്തിന്റെ ഒരു കഷണം മറ്റൊരു കഷണത്തിൽ മുട്ടുമ്പോഴുണ്ടാവുന്ന ശബ്ദത്തെക്കുറിച്ച് ഖുർആൻ പ്രസ്താവിച്ചതാണെന്ന് അവർ ഊഹിച്ചു. മനുഷ്യന്റെ ഭാഷണശേഷിയെക്കുറിച്ചാണ് ഈ പ്രസക്ത വചനം സൂചിപ്പിക്കുന്നതെന്ന് അവർ ധരിച്ചു. 'അൽ–ഫഖ്ഖാർ' എന്ന പദത്തിന്റെ യഥാർത്ഥ അർത്ഥത്തിൽ നിന്ന് വിദൂരമായ ഒരു വ്യാഖ്യാനമായിരുന്നു അത്. ജൈവവസ്തുക്കളുടെ നിർമ്മാണത്തിനാവശ്യമായ ഘടകങ്ങളെ ഒന്നിച്ചുനിറുത്തുന്ന ഈ ഇടക്കാല ഘട്ടത്തെക്കുറിച്ച് നാമിപ്പോൾ മനസ്സിലാക്കുമ്പോൾ അത് നമ്മുടെ ഗ്രാഹ്യതക്ക് നല്ലത് പോലെ വിധേയമാവുന്നു. ഇത് തന്നെയാണ് 'അൽ–ഫഖ്ഖാർ' എന്നതിന്റെ യഥാർത്ഥ വിവക്ഷിതം.

കളിമൺ പാളികൾ വീണ്ടും ഉണങ്ങുമ്പോൾ അത് ആകൃതിപ്പൊരുത്തമില്ലാത്ത അത്യന്തം നേരിയ പാളികളായ പരലുകളായി മാറുന്നു. അതാകട്ടെ ഒന്നിനുമേൽ മറ്റൊന്ന് എന്ന രൂപത്തിൽ പൊട്ടിയ കളിമൺ പാത്രങ്ങളുടെ പാളികൾ പോലെ ആയിത്തീരുകയും ചെയ്യുന്നു. ഈ കളിമൺ പാളികൾക്ക് വളരെ പ്രധാനപ്പെട്ട മറ്റൊരു ഉദ്ദേശ്യം കൂടിയുണ്ടെന്ന കാര്യം നാം പരിഗണിക്കേണ്ടതുണ്ട്. അത് പല പ്രതിപ്രവർത്തനങ്ങളുടെയും പ്രതല വിസ്തീർണ്ണം വലുതാക്കി മാറ്റുന്നു. സിലിക്കേറ്റിന്റെ വളരെ നേരിയ ലാമിനേറ്റഡ് പാളികൾ വേർതിരിച്ചു നിറുത്തുന്നത് ജലതന്മാത്രകളാണ്. ആ പാളികളുടെ കനം 0.71 നാനോമീറ്ററാണ്. (ഒരു നാനോമീറ്റർ എന്നാൽ ഒരു സെന്റിമീറ്ററിന്റെ പത്ത് ദശലക്ഷത്തിലൊരംശമാണ്). ഇത് തന്മാത്രകളുടെ അധിശോഷണത്തിനുള്ള (Adsorption) പ്രതല വിസ്തീർണ്ണത്തെ വമ്പിച്ച തോതിൽ വർദ്ധിപ്പിക്കുന്നു. അതുകൊണ്ട് ഇത്തരത്തിൽ രൂപാന്തരപ്പെട്ട ഉണങ്ങി വരണ്ട ഒരു സെന്റിമീറ്റർ കളിമൺ ക്യൂബിന്റെ മൊത്തം പ്രതല വിസ്തീർണ്ണം 2800 സ്ക്വയർ മീറ്ററാണ്. അതായത് ഏകദേശം ഒരേക്കറിന്റെ നാലിൽ മൂന്ന് ഭാഗം.

ജീവന്റെ അങ്കുരണത്തിന്നാവശ്യമായ വസ്തുവിന്റെ സൃഷ്ടിപ്പിനെപ്പറ്റി ശാസ്ത്രജ്ഞന്മാരുടെ ചില ഗവേഷണനിഗമനങ്ങൾ ചുരുങ്ങിയ രൂപത്തിൽ പ്രതിപാദിച്ചു കഴിഞ്ഞു. ഇതഃപര്യന്തം ഈ വിഷയത്തിൽ കൊയ്ന യൂണിവേഴ്സിറ്റി (Coyne Univerisity) നടത്തിയ ഗഹനമായ ഗവേഷണങ്ങളെപ്പറ്റി താഴെ പ്രതിപാദിക്കാം.

*'ജീവന്റെ പരിണാമത്തിൽ കയോലിനൈറ്റ് കളിമണ്ണിന്റെ പങ്കിനെപ്പറ്റിയുള്ള ചർച്ചകൾ കാലിഫോർണിയയിലെ കൊയ്ന യൂണിവേഴ്സിറ്റി ചർച്ച ചെയ്യുകയുണ്ടായി. കളിമണ്ണ് നനച്ചും ഉണക്കിയും ഇടവിട്ട് ആവർത്തിച്ചുകൊണ്ടുള്ള പ്രക്രിയകളിലൂടെ പരിസ്ഥിതിയിൽ നിന്ന് ഊർജ്ജം ശേഖരിക്കാനും (റേഡിയോ പ്രസരണത്തിലൂടെ) അത് സൂക്ഷിച്ചു*

*വെക്കാനും ഉചിതമായ രീതിയിൽ ആ ഊർജ്ജം വിതരണം ചെയ്യാനും സാധിച്ചു.*

ഈ ഗവേഷണയാത്ര ആരംഭിച്ചിട്ടേയുള്ളൂ. വാസ്തവത്തിൽ ജീവോൽപ്പത്തി സംബന്ധിച്ച നിഗൂഢതകൾ അനാവരണം ചെയ്യാൻ മുഴുവൻ ശാസ്ത്രസമൂഹത്തിന്റെയും ഗവേഷണങ്ങളും അവരുടെ ശ്രമങ്ങളും പ്രാഥമിക ജൈവ മിശ്രിതത്തിന്റെ അവസ്ഥയിൽ നിന്ന് വളരെയൊന്നും മുന്നോട്ടു പോയിട്ടില്ല. രഹസ്യങ്ങൾ നിറഞ്ഞ സൃഷ്ടിയുടെ പ്രാരംഭവേളയിൽ സമുദ്രത്തിലെ പ്രാഥമിക ജൈവമിശ്രിതത്തിൽ എന്താണ് സംഭവിച്ചത്? എന്തെങ്കിലും സംഭവിച്ചെങ്കിൽ അത് എങ്ങനെയാണ് സംഭവിച്ചത്? ഈ പഠനങ്ങൾ ഇപ്പോഴും പ്രാഥമിക ഘട്ടത്തിൽ തന്നെയാണ്.

ജീവപരിണാമത്തിന്റെ പ്രാരംഭ ദശയിൽ മുട്ടിയാൽ മുഴങ്ങുന്ന കളിമണ്ണിന്റെ അദ്ഭുതകരമായ പ്രാധാന്യത്തെപ്പറ്റി പരിശോധിക്കുമ്പോൾ, ഒരു വേള പതിനാല് നൂറ്റാണ്ടുകൾക്ക് മുമ്പേ അവതരിച്ച വിശുദ്ധ ഖുർആൻന്റെ വാദമുഖങ്ങളിലെ ഉജ്ജ്വലമായ ധിഷണാപാടവം നമ്മെ വിസ്മയഭരിതരാക്കുന്നു. മനുഷ്യസൃഷ്ടിപ്പിൽ മുട്ടിയാൽ മുഴങ്ങുന്ന ഉണങ്ങിയ കളിമൺ പാളിയുടെ പങ്ക് അതിവിചിത്രവും അനുപമവുമാണ്. മാത്രമല്ല അക്കാലത്ത് പ്രചുരപ്രചാരം നേടിയ ബൈബിളിലെ ആദമിന്റെ ഉൽപത്തിക്കഥക്ക് കടകവിരുദ്ധവുമാണിത്. അത്തരം കഥകളുടെ സ്വാധീനത്താൽ, മണ്ണിൽ വെള്ളം ചേർത്ത് കുഴച്ച് അനുയോജ്യമായ ഒരു രൂപം പ്രാപിക്കുന്നത് വരെ അത് ഉണക്കുവാൻ വെച്ചുകൊണ്ടാണ് ദൈവം മനുഷ്യനെ സൃഷ്ടിച്ചത് എന്ന് ഏതൊരു സാധാരണക്കാരനായ ലളിത മനസ്സിനും നിരൂപിക്കാൻ കഴിയും. മനുഷ്യന്റെ ലളിതമായ രൂപം നിർമ്മിച്ചതിന് ശേഷം ദൈവം പ്രവർത്തിക്കാൻ പിന്നെയെന്തായിരുന്നു ബാക്കിയുണ്ടായിരുന്നത്. അദ്ഭുതകരമെന്ന് പറയട്ടെ ആദമിനെ സർവ്വവിധ അവയവങ്ങളുടെയും സമ്പൂർണ്ണതയിൽ പൊടി മണ്ണിൽ നിന്നാണ് പോലും സൃഷ്ടിച്ചത്. ക്രോമോസോം, ജീനുകൾ, സോമാറ്റിക് കോശങ്ങൾ, പ്രത്യുൽപ്പാദന കോശങ്ങൾ മുതലായവ കൊണ്ട് നിർമ്മിക്കപ്പെട്ട മനുഷ്യശരീരത്തിന്റെ സകലസങ്കീർണ്ണതകളും പൊടുന്നനെ ആ നിമിഷം സൃഷ്ടിക്കപ്പെട്ടു. ചെവി, മൂക്ക്, കണ്ണ് എന്നിവ രൂപപ്പെടുകയും രക്താവയവങ്ങൾ നിർമ്മിക്കപ്പെടുകയുമുണ്ടായി. ഹൃദയം, ശ്വാസകോശങ്ങൾ മുതലായ അവയവങ്ങൾ അതിന്റെയെല്ലാ സങ്കീർണ്ണതകളോടും കൂടി പൂർണ്ണമായും നിർമ്മിക്കപ്പെടുകയും അതാത് സ്ഥാനങ്ങളിൽ സ്ഥാപിക്കപ്പെടുകയും ചെയ്തു! മാത്രമല്ല ആ നിമിഷത്തിൽ തന്നെയാണ് ശരീരത്തിലെ പ്രതിരോധ വ്യവസ്ഥയും പൂർണ്ണമാക്കപ്പെട്ടത്!

ആദമിന്റെ രൂപത്തിൽ കുഴച്ചുണ്ടാക്കി വെച്ച കളിമൺ രൂപത്തിലേക്ക് ദൈവം ഒരൊറ്റ ശ്വാസമൂതിയപ്പോൾ ആ നിമിഷം കൊണ്ട് ഈ കണ്ട അത്ഭുതങ്ങളെല്ലാം സൃഷ്ടിക്കപ്പെട്ടു എന്നാണ് നിഷ്കളങ്കനായ വേദപുസ്തക വായനക്കാരൻ വിചാരിക്കുന്നത്. ഈ വിശ്വാസം അന്ധമായ പരിണാമം പോലെ ബുദ്ധിശൂന്യമാണ്. ദൈവരഹിതമായതും ഒരു ബോധാത്മക അതീത മനസ്സ് ഇല്ലാത്തതുമായ സൃഷ്ടിപ്പിൽ വിശ്വസിക്കുന്നവരാണ് പരിണാമവാദികൾ. ബൈബിളിലെ സൃഷ്ടികഥ അക്ഷരാർത്ഥത്തിലെടുക്കുന്ന നിഷ്കളങ്കരായ വിശ്വാസികളെ പരിണാമവാദികൾ പുച്ഛിക്കാറുണ്ട്. ഈ പരിണാമവാദികളുടെ നിലപാടും ആ വിശ്വാസികളുടേത് പോലെ തന്നെ പരിതാപകരമാണെന്ന കാര്യം അവർ മറന്നു പോകുന്നു. ബൈബിളിലെ സൃഷ്ടികഥ അക്ഷരാർത്ഥത്തിൽ എടുക്കുകയാണെങ്കിൽ സ്രഷ്ടാവായ ദൈവം സർവ്വശക്തനാണെന്ന നിഗമനത്തിൽ മാത്രമേ ഒരാൾക്ക് എത്തിച്ചേരാനാവൂ! പക്ഷേ, ദൈവം സർവ്വജ്ഞാനിയാവുന്നില്ല! സർവ്വജ്ഞാനിയായ ഒരു ദൈവത്തിന് സൃഷ്ടിപ്പിനെ സംബന്ധിച്ച് ഇത്തരത്തിൽ ബുദ്ധിശൂന്യമായ ഒരു പദ്ധതി ആവിഷ്ക്കരിക്കാൻ സാധ്യമല്ല. അതായത് വിദഗ്ധനായ ഒരു കുശവന് പോലും തന്റെ പ്രവർത്തിയിൽ ദൈവത്തെ പരാജയപ്പെടുത്താനാവും!

മനുഷ്യസൃഷ്ടിപ്പിനു മുമ്പേയുള്ള പരിണാമത്തെ സംബന്ധിച്ച ആസൂത്രണ രൂപരേഖയാണ് വാസ്തവത്തിൽ സൃഷ്ടി വിസ്മയത്തിന്റെയും ലാവണ്യതയുടെയും ശ്രേഷ്ഠമായ സർഗ്ഗരചന. അതിനോട് കിടപിടിക്കാൻ മറ്റൊന്നുമില്ല. അത്തരത്തിൽ സൃഷ്ടി നടത്തിയ ഒരു സ്രഷ്ടാവ് താൻ തന്നെ രൂപകൽപന ചെയ്ത പ്രകൃതിയിലെ അതിസങ്കീർണ്ണമായ നിയമങ്ങളും അതുപോലെ താൻ തന്നെ വളരെ നിപുണതയോടെ രൂപപ്പെടുത്തിയ ജീവന്റെ അടിസ്ഥാന ഘടകങ്ങളെപ്പറ്റിയും അപ്രകാരം തന്റെ കരങ്ങൾ കൊണ്ട് തന്നെ വിസ്മയങ്ങൾ നിറച്ചുവെച്ച സൂക്ഷ്മമായ കോശങ്ങളെ സംബന്ധിച്ചും മറന്നിട്ടുണ്ടാവണം എന്ന കാര്യം തീർച്ചയായും അംഗീകരിക്കാൻ സാധ്യമല്ല. കോടാനുകോടി വർഷത്തെ പരിണാമത്തിന്റെ ചരിത്രം എങ്ങനെ സ്രഷ്ടാവായ ദൈവത്തിന് വിസ്മരിക്കാൻ കഴിയും?

കളിമണ്ണിൽ നിന്ന് മറ്റൊരു പുതിയ ആദമിനെ ഗൗരവപൂർവ്വം



# മൂസാനബി (അ)

## ഫ്രോയിഡിന്റെ വാദങ്ങൾക്ക് ഒരു ഖണ്ഡനം

ഹദ്റത്ത് മിർസാ ബശീറുദ്ദീൻ
മഹ്മൂദ് അഹ്മദ് (റ)



**മൂസാ നബി (അ) യഹൂദ വംശജനല്ലായെന്നും ഒരു ഈജിപ്ഷ്യൻ രാജകുമാരനായിരുന്നുവെന്നുമുള്ള വിശ്വപ്രശസ്ത മനഃശാസ്ത്ര ജ്ഞൻ ഫ്രോയിഡിന്റെ വാദത്തിനൊരു ഖണ്ഡനം**

**ജൂ**തമതസ്ഥാപകനായ മൂസാ(അ) യേശുവിന് 1400 വർഷങ്ങൾക്ക് മുമ്പാണ് ജീവിച്ചിരുന്നത്. അദ്ദേഹം ഒരു ന്യായ പ്രമാണത്തോടു കൂടിയ പ്രവാചകനും മഹത്തായ ഒരു മത വ്യവസ്ഥയുടെ സ്ഥാപകനുമായിരുന്നു. 'മോശെ' എന്ന പേര് ഒരു ഹീബ്രു പദമാണ്. അതിന് ഹീബ്രു, അറബി ഭാഷകളിൽ വ്യക്തമായ ശബ്ദോല്പത്തിയുണ്ട്. ഹീബ്രുവിൽ അതുച്ചരിക്കപ്പെടുന്നതും എഴുതപ്പെടുന്നതും മോശെ എന്നാണ്. അതിന്റെ അർത്ഥം വെള്ളത്തിൽ നിന്നും എടുക്കപ്പെട്ട ഒരു വസ്തു; അഥവാ വെള്ളത്തിൽ നിന്നും രക്ഷിക്കപ്പെട്ടത് എന്നാണ്. വിശുദ്ധ ഖുർആൻ 2:54 കാണുക.

എന്നാൽ അംഗീകൃതമായ ചരിത്രധാരണാ നിയമങ്ങൾക്കെതിരായി, മോശെ ഒരു ഇസ്രാഈല്യനല്ലെന്നും അദ്ദേഹം ഹീബ്രു പാരമ്പര്യത്തിലുള്ള ആളല്ലെന്നുമുള്ള വിചിത്രമായ ഒരു സിദ്ധാന്തമാണ് ഫ്രോയിഡ് തന്റെ 'മോശെയും ഏകദൈവ വിശ്വാസവും' (Moses and monotheism) എന്ന ഗ്രന്ഥത്തിൽ മുന്നോട്ടു വെച്ചിരിക്കുന്നത്. മാത്രമല്ല ഇസ്രാഈല്യർ ഈജിപ്തിൽ വസിച്ചിട്ടേയില്ലെന്നും അദ്ദേഹം വാദിക്കുന്നു. വിചിത്രവും അടിസ്ഥാനരഹിതവുമായ ഈ വാദത്തിന് അദ്ദേഹം താഴെക്കൊടുത്ത കാരണങ്ങളാണ് ഉന്നയിക്കുന്നത്.

### ഫ്രോയിഡിന്റെ വാദങ്ങൾ

1. മോസസ് എന്നത് ഒരു ഈജിപ്ഷ്യൻ നാമമാണ്.

2. ദൈവത്തിന്റെ ഏകത്വം എന്ന ആശയം ഉടലെടുത്തത് ഈജിപ്തിൽ നിന്നാണ്. പുരാതന ഈജിപ്തിലെ ഒരു രാജാവായിരുന്ന ഇഖ്നെത്തൻ അഥവാ അഖെനെതൻ ആണ് ഈ ആശയം ആദ്യമായി സ്വീകരിച്ചത്. ഒരു ഈജിപ്തുകാരനായ മോസസ് തന്നെ ഈ ആശയം ഈജിപ്തുകാരിൽ നിന്ന് കടമെടുത്തതും ഇസ്രാഈല്യർക്കിടയിൽ പ്രബോധിച്ചതുമാണ്.

3. ഈജിപ്തുകാരനായ മോസസ് ചേലാകർമമെന്ന ഈജിപ്തിലെ സമ്പ്രദായം മതപരമായ ഒരു ആചാരമായി ഇസ്രാഈല്യർ ക്കിടയിൽ പ്രചരിപ്പിച്ചതാണ്

4. ഈജിപ്തിലെ രാജാവായിരുന്ന അഖെനതെന്റേതു പോലെ മോസസിന്റെ അദ്ധ്യാപനങ്ങളിലും മരണാനന്തര ജീവിതത്തെക്കുറിച്ചുള്ള പരാമർശമില്ല. ഇതു

---

സൃഷ്ടിക്കുന്നതിൽ ഏർപ്പെട്ടിരുന്ന ദൈവം അതിന് ആയിരക്കണക്കിന് വർഷങ്ങൾക്ക് മുമ്പേ തന്നെ വളരെ ഉചിതമായ രീതിയിൽ മനുഷ്യനെ സൃഷ്ടിക്കുകയും പൂർണ്ണതയിലെത്തിക്കുകയും ചെയ്ത കാര്യം അല്പവും ഓർത്തില്ലേന്നോ? ദൈവം ആദമിനെ സൃഷ്ടിക്കുന്ന സന്ദർഭത്തിൽ ഭൂതകാലം ഹോമോസാപിയൻസിനെ കൊണ്ട് നിറഞ്ഞിരുന്നു. ഏദൻതോട്ടത്തിൽ വെച്ച് ഇങ്ങനെ കളിമണ്ണ് കൊണ്ട് രൂപമുണ്ടാക്കി സൃഷ്ടി നടത്തുന്ന ദൈവത്തെ നോക്കി അവർ എത്രത്തോളം ആശ്ചര്യപ്പെട്ടിട്ടുണ്ടാവും!

Ref: 'The First Organism' Scientific America - Page 100. June-1985

കാണിക്കുന്നത് മോസസും ഒരു ഈജിപ്തുകാരനായിരുന്നുവെന്നാണ്.

5. പന്നിയോടും പന്നിമാംസത്തോടും ഈജിപ്തുകാർക്ക് കഠിനമായ ഒരനിഷ്ടമുണ്ടായിരുന്നു. മോസസിന്റെ അദ്ധ്യാപനഫലമായാണ് ഇസ്രാഈല്യരിലും ഈ അനിഷ്ടം രൂപം കൊണ്ടത്.

6) മോസസ് ഒരു ഈജിപ്തുകാരനായിരുന്നതിനാൽ അദ്ദേഹത്തിന് ഹീബ്രുഭാഷയിൽ വേണ്ടവിധം ആശയങ്ങൾ പ്രകടിപ്പിക്കാൻ കഴിഞ്ഞിരുന്നില്ല.

## ഫ്രോയിഡിന്റെ വാദങ്ങൾക്കുള്ള ഖണ്ഡനം

1. മേൽ വാദങ്ങൾക്കൊന്നും യഥാർത്ഥത്തിൽ അടിസ്ഥാനമില്ല. മുകളിൽ പ്രസ്താവിച്ച പ്രകാരവും വിശുദ്ധ ഖുർആൻ 2:54 വചനപ്രകാരവും മോസസ് എന്നത് ഈജിപ്ഷ്യൻ ഉല്പത്തിയുള്ള ഒരു പേരാണ് എന്നു നാം സമ്മതിച്ചാൽത്തന്നെയും മോസസ് എന്ന മനുഷ്യൻ ഈജിപ്തുകാരനായിരുന്നുവെന്ന് അതുകൊണ്ടു തെളിയുന്നില്ല. ഇസ്രാഈല്യർ ഈജിപ്ത് ഭരിച്ചിരുന്ന ഫറോവമാരുടെ പ്രജകളായിരുന്നതിനാൽ അവർ ഈജിപ്ഷ്യൻ നാമങ്ങൾ സ്വീകരിച്ചതായിരിക്കുമെന്നു കരുതാൻ ന്യായമുണ്ട്. പ്രജകൾ ഭരണകർത്താക്കളുടെ പേരുകൾ സ്വീകരിക്കുന്നതിലും അവരുടെ ആചാരങ്ങളെയും ജീവിതരീതിയെയും വേഷവിധാനങ്ങളേയും അനുകരിക്കുന്നതിലും പൊതുവിൽ ആനന്ദം കണ്ടെത്താറുണ്ട്. എന്നാൽ യഥാർത്ഥത്തിൽ മോസസ് എന്നത് ഒരു ഹീബ്രുനാമമാണ്. അദ്ദേഹത്തിന് ആ പേര് നല്കിയിരിക്കാൻ സാധ്യതയുള്ള ഫറോവയുടെ മകൾ, ഇസ്രാഈല്യനെന്ന് കരുതി വെള്ളത്തിൽ നിന്നെടുത്ത ആ കുട്ടിക്ക് ഒരു ഹീബ്രുനാമം തന്നെ നൽകാൻ തീർച്ചയായും പ്രഭാവി



സിഗ്മണ്ട് ഫ്രോയിഡ്

തയായിട്ടുണ്ടാവണം. ആ പേരിട്ടത് മോസസിന്റെ മാതാവോ സഹോദരിയോ ആയിരിക്കാനും സാധ്യതയുണ്ട്.

2. അതു പോലെതന്നെ, ഈജിപ്തിലെ രാജാവായിരുന്ന അഖെനതൻ ആദ്യമായി മനസ്സിലാക്കി സ്വീകരിക്കുകയും ഇസ്രാഈല്യർക്കിടയിൽ പ്രബോധിക്കുകയും ചെയ്തതിനാൽ, ദൈവത്തിന്റെ ഏകത്വം എന്ന ആശയം ഈജിപ്തിൽ നിന്നുടലെടുത്തതാണെന്ന വാദഗതിയും തെറ്റാണ്. ഒന്നാമതായി ഒരു പ്രത്യേക സിദ്ധാന്തം ഒരു ജനതയുടെ മാത്രം കുത്തകയാണെന്നു കരുതുന്നതുതന്നെ പ്രകടമായും ബുദ്ധിക്കുനിരക്കാത്തതാണ്. വ്യത്യസ്ത ജനതകൾ പരസ്പരം കടം വാങ്ങാതെ തന്നെ ഒരേ ആശയം സ്വതന്ത്രമായ നിലയിൽ രൂപപ്പെടുത്തിയിരിക്കാം. രണ്ടാമതായി ദൈവത്തിന്റെ ഏകത്വമെന്ന ആശയം ഈജിപ്തിൽ നിന്ന് ഉദ്ഭൂതമായതാണെന്ന് കരുതിയാൽതന്നെ മോസസ് ഈജിപ്തുകാരനായിരുന്നുവെന്ന് അതുകൊണ്ടു സിദ്ധിക്കുന്നില്ല. ഒരമേരിക്കക്കാരനോ ജർമ്മൻകാരനോ ഒരിംഗ്ലീഷുകാരനിൽ നിന്നും മറിച്ചും ഒരാശയം കടമെടുക്കാമെങ്കിൽ എന്തുകൊണ്ട് ഒരു ഇസ്രാഈല്യന് ഒരു ഈജിപ്തുകാരനിൽ നിന്ന് ഒരാശയം കടമെടുത്തുകൂടാ? സത്യമെന്തെന്നാൽ ദൈവത്തിന്റെ ഏകത്വമെന്ന ആശയത്തിന്റെ ഉല്പത്തി ഈജിപ്തുകാരിൽ നിന്നോ സിറിയക്കാരിൽ നിന്നോ മറ്റു ജനതകളിൽ നിന്നോ അല്ല അതിന്റെ ഉല്പത്തി ദൈവിക വെളിപാടുകളിൽനിന്നാണ്.

3. ചേലാകർമ്മം ഒരു പഴയ ഈജിപ്ഷ്യൻ ആചാരമാണെന്നും ഈജിപ്തുകാരനായ മോസസ് തന്റെ ജനതയിൽ നിന്ന് ഈ സമ്പ്രദായം കടമെടുത്ത് ഇസ്രാഈല്യർക്കിടയിൽ പ്രചരിപ്പിച്ചതാണെന്നു തർക്കിക്കുന്നതിലും കഴമ്പില്ല. ചേലാകർമ്മ സമ്പ്രദായം ഈജിപ്തുകാർക്കിടയിലുണ്ടായിരുന്നുവെന്നു കരുതിയാൽത്തന്നെ മോസസ് ഒരു ഈജിപ്തുകാരനായിരുന്നുവെന്ന് അതിനർത്ഥമുണ്ടോ? ഒരു ജനത മറ്റൊരു ജനതയിൽ നിന്ന് ആചാരം സ്വീകരിക്കാറില്ലേ? ഇസ്രാഈല്യർക്ക്, ഈജിപ്തിൽ വസിച്ചിരുന്ന കാലത്ത് ഈജിപ്തുകാരിൽ നിന്ന് ഈ ആചാരം സ്വായത്തമാക്കിക്കൂടേ? ഇസ്രാഈല്യരാണെങ്കിൽ ഈജിപ്തിലെ പ്രജകളായിരുന്നുതാനും. പ്രജകൾക്ക് ഭരണകർത്താക്കളുടെ ആശയങ്ങളോടും ആചാരങ്ങളോടും ഒരു പ്രത്യേക ബന്ധമുണ്ടാവുക സ്വാഭാവികമാണ്. ചേലാകർമ്മ സമ്പ്രദായം ഈജിപ്തുകാർക്കിടയിൽ മാത്രമാണുണ്ടായിരുന്നത് എന്നത് ഒരു വസ്തുതയേ അല്ല. ബൈബിൾ പ്രകാരം മോസസ് ജനിക്കുന്നതിന് എത്രയോ മുമ്പു തന്നെ ദൈവികാജ്ഞപ്രകാരം അബ്രഹാമും അദ്ദേഹത്തിന്റെ മക്കളായ ഇസ്മാഈലും ഇസ്ഹാഖും

ചേലാകർമ്മം ചെയ്തവരായിരുന്നു. കൂടാതെ ഈ കർമ്മാനുഷ്ഠാനം അബ്രഹാം തന്റെ ഭാവി തലമുറക്കാർക്കും ബാദ്ധ്യതയാക്കിയിരുന്നു. (ഉൽപത്തി 17:11) ഈജിപ്തിൽ ഒരിക്കലും പോയിട്ടില്ലാത്തവരും ഇസ്രഈല്യരുമായി അടുത്ത സാമൂഹികബന്ധം പുലർത്താത്തവരുമായിരുന്ന അറബികൾക്കിടയിലും ചേലാകർമ്മ സമ്പ്രദായം നിലനിന്നിരുന്നു. ആഫ്രിക്കയിലെ കാട്ടുജാതിക്കാർക്കിടയിലും ആസ്ത്രേലിയയിലെ പ്രാകൃത മനുഷ്യർക്കിടയിലും ഈ സമ്പ്രദായം അജ്ഞാതമായിരുന്നില്ല. ഈജിപ്തുകാരിൽ ഈ സമ്പ്രദായം ഏറ്റവും ആദ്യമായി ബി.സി. 16-ാം നൂറ്റാണ്ടിൽത്തന്നെ കാണപ്പെട്ടിരുന്നു. അക്കാലത്തു തന്നെ ഇസ്രാഈല്യർ ഈജിപ്തിൽ വസിച്ചിരുന്നു. ഈ സമ്പ്രദായം കടമെടുക്കപ്പെട്ടതാണെന്നു വരികിൽത്തന്നെ ഇസ്രാഈല്യരിൽ നിന്ന് ഈജിപ്തുകാരായിരുന്നു കടമെടുത്തിരുന്നത്. അല്ലാതെ, ഈജിപ്തുകാരിൽ നിന്ന് ഇസ്രായീല്യരായിരുന്നില്ല എന്നു സംശയലേശമന്യേ പറയാൻ സാധിക്കും. ഈജിപ്തിലെ ചക്രവർത്തിമാർക്കിടയിൽ വളരയെധികം ബഹുമാനാദരവുകൾ ആർജ്ജിച്ചിരുന്ന യൂസുഫ് നബി (അ) യാണ് ഈ സമ്പ്രദായം ഈജിപ്തുകാർക്ക് പരിചയപ്പെടുത്തിയതെന്നു തോന്നുന്നു. ഈജിപ്ഷ്യൻ സമൂഹത്തിന്റെ ഉന്നത വിഭാഗങ്ങളിൽ അദ്ദേഹത്തിന്റെ സ്വാധീനശക്തി മൂലമായിരിക്കണം ഈ സമ്പ്രദായത്തിനു പ്രചാരം ലഭിച്ചത്. യൂസുഫ് നബി (അ)യും ഉൾപ്പെട്ട ഈജിപ്തിലെ ഉന്നത വിഭാഗങ്ങളിലാണ്, അല്ലാതെ ദരിദ്ര വിഭാഗങ്ങളിലല്ല ഈ സമ്പ്രദായം കൂടുതലായി നിലവിലുണ്ടായിരുന്നത് എന്ന വീക്ഷണക്കാരാണ് ഗവേഷകന്മാർ.

4. മോസസ് ഈജിപ്തുകാരനായിരുന്നുവെന്നതിന് അനുകൂലമായി മുന്നോട്ടുവെക്കുന്ന മറ്റൊരു വാദം അഖെനെതന്റെ അദ്ധ്യാപനങ്ങളിലും മരണാനന്തര ജീവിതത്തെക്കുറിച്ചുള്ള പരാമർശം ഇല്ല എന്നതാണ്. അഖെനെതന്റെ വീക്ഷണമെന്തായിരുന്നുവെന്ന് ദൃഢമായിപ്പറയാൻ കഴിയുമാറ് അദ്ദേഹം ഏതെങ്കിലും ഗ്രന്ഥമോ അദ്ധ്യാപനമോ അനുയായി വൃന്ദത്തെയോ അവശേഷിപ്പിച്ചു കൊണ്ടല്ല പോയിട്ടുള്ളത് എന്ന കാര്യം ഈ വാദം തികച്ചും ദുർബലവും യുക്തീഹീനവുമാണെന്നു വ്യക്തമാക്കുന്നു. അതിലുപരി മോസസിന്റെ അദ്ധ്യാപനങ്ങളിൽ മരണാനന്തര ജീവിതത്തെക്കുറിച്ചുള്ള അദ്ധ്യാപനമുണ്ട് എന്നതാണ് സത്യം. ബൈബിൾ പറയുന്നു:

'നിന്റെ സഹോദരനായ അഹരോൻ ഹോർ പർവതത്തിൽ വെച്ചു മരിച്ചു തന്റെ ജനത്തോടു ചേർന്നതുപോലെ നീ കയറുന്ന പർവതത്തിൽ വെച്ചു നീയും മരിച്ചു നിന്റെ ജനത്തോടു ചേരും' (ആവർത്തനം 32:50)

'ഞാൻ ഉണരുമ്പോൾ നിന്റെ രൂപം കണ്ടു തൃപ്തനാകും.' (സങ്കീർത്തനം 17:15)

പഴയ നിയമത്തിൽ മരണാനന്തര ജീവിതത്തെക്കുറിച്ച് എടുത്തു കാണിക്കത്തക്കവിധം ഊന്നൽ കൊടുത്തുകൊണ്ടുള്ള പ്രയോഗങ്ങളുടെ അസാന്നിധ്യമായിരിക്കാം ഈ തെറ്റിദ്ധാരണക്ക് കാരണം. ഈ ഊന്നലിന്റെ അഭാവം പഴയ നിയമത്തിൽ കാലക്രമേണ വന്നു ചേർന്നിട്ടുള്ള പ്രക്ഷിപ്തങ്ങൾ കാരണവും ഇസ്രാഈല്യർ ചിന്നിച്ചിതറി അടിമത്തത്തിലകപ്പെടുകയും ചെയ്തപ്പോഴുള്ള ദുരിതങ്ങളുടെയും ദൗർഭാഗ്യങ്ങളുടെയും കാലഘട്ടത്തിൽ പഴയനിയമം താറുമാറാക്കപ്പെട്ടതു കൊണ്ടും അതിലെ പല ഭാഗങ്ങളും നഷ്ടപ്പെട്ടതു കൊണ്ടുമായിരിക്കാനിടയുണ്ട്. എന്നിരിക്കിലും, ബൈബിൾ പുനഃപ്രസാധനം ചെയ്യപ്പെട്ടപ്പോൾ ജൂതപണ്ഡിതന്മാർ തങ്ങളുടെ സമ്പ്രദായങ്ങൾക്കനുയോജ്യമല്ലാത്ത ഭാഗങ്ങൾ ഒഴിവാക്കിയതാവാം. മരണാനന്തര ജീവിതത്തെക്കുറിച്ചു പ്രതിപാദിക്കുന്ന ഭാഗങ്ങൾ ഇങ്ങനെ ഒഴിവാക്കപ്പെട്ടതിൽ ഉൾപ്പെട്ടിരിക്കാം. എന്തെന്നാൽ ജൂതന്മാർ ഒരു പ്രത്യേകതരം ഭൗതികാസക്തിയുള്ളവരായിരുന്നതിനാൽ മരണാനന്തര ജീവിതത്തെക്കുറിച്ച് ആവർത്തിച്ചുള്ള പരാമർശം അവർ ഇഷ്ടപ്പെട്ടിരിക്കാനിടയില്ല.

5. ഈജിപ്തുകാരെപ്പോലെ ഇസ്രാഈല്യർക്കും പന്നിമാംസത്തോട് അങ്ങേയറ്റത്തെ അനിഷ്ടമുണ്ടായിരുന്നുവെന്നാണ് മേൽ സിദ്ധാന്തത്തിനനുകൂലമായി മുന്നോട്ടുവെച്ചിരിക്കുന്ന അഞ്ചാമത്തെ വാദം. ഈ വാദത്തിനും വളരെ ദുർബലമായ അടിസ്ഥാനമേയുള്ളൂ. ഈജിപ്തുകാർ പന്നിമാംസം ഇഷ്ടപ്പെട്ടിരുന്നില്ലെങ്കിലും ഈജിപ്ഷ്യൻ ദൈവങ്ങളുടെ ആൾത്താരകളിൽ പന്നികൾ ബലിയർപ്പിക്കപ്പെടാറുണ്ടായിരുന്നു. ഈജിപ്തുകാർ പന്നിയെ കശാപ്പു ചെയ്യുന്നതിൽ നിന്നും മാറി നിന്നത് അവർ പന്നിയെ ഒരു പുണ്യമൃഗമായി കരുതിയിരുന്നതു കൊണ്ടായിരുന്നു. എന്നാൽ ഇസ്രാഈല്യരാവട്ടെ, നിന്ദ്യവും അശുദ്ധവുമായതിനാലാണ് പന്നിമാംസം തിന്നുന്നതിൽ നിന്ന് വിലക്കപ്പെട്ടിരുന്നത്.

6. മോസസിന് ഇസ്രാഈല്യരുടെ ഭാഷയായ ഹീബ്രു നല്ല പോലെ സംസാരിക്കാൻ കഴിഞ്ഞിരുന്നില്ല എന്നതാണ് അദ്ദേഹം ഈജിപ്തുകാരനായിരുന്നുവെന്നതിനനുകൂലമായി മുന്നോട്ടു വെച്ചിട്ടുള്ള ആറാമത്തെ വാദം. ഈ വാദം പുറപ്പാട് 4:10 വാക്യത്തിന്റെ അടിസ്ഥാനത്തിലുള്ളതാണ്.

അതിൽ പ്രസ്താവിക്കപ്പെട്ടിരുന്നത് മോശെ ഒരു വാഗ്മിയായിരുന്നില്ലെന്നും അദ്ദേഹത്തിന്റെ സംസാരത്തിലും നാവിലും മാന്ദ്യമുണ്ടായിരുന്നുവെന്നുമാണ്. മോശെയുടെ സംസാരത്തിൽ വിക്കുണ്ടായിരുന്നുവെന്നതും അദ്ദേഹത്തിന് സുഗമമായി ആശയം പ്രകടിപ്പിക്കാൻ സാധിച്ചിരുന്നില്ലെന്നതും നേരാണ്. മോശെയുടെ സംസാരത്തിന് ഒഴുക്കുണ്ടായിരുന്നില്ലെന്നും മാന്ദ്യമുണ്ടായിരുന്നുവെന്നുമുള്ള വസ്തുത കൊണ്ട് എങ്ങനെയാണ് അദ്ദേഹത്തിന് ഹീബ്രു സംസാരിക്കുന്നതിൽ മാന്ദ്യമുണ്ടായിരുന്നുവെന്നും അതിനാൽ അദ്ദേഹം ഒരു ഇസ്രാഈല്യനായിരുന്നില്ലെന്നും തെളിയുക? നേരെമറിച്ച്, ബൈബിളിൽ നിന്നും വിശുദ്ധ ഖുർആനിൽ നിന്നും മനസ്സിലാവുന്നത് മോശെ തന്റെ ദൗത്യം പ്രബോധിക്കാൻ വേണ്ടി ഫറോവയുടെ അടുത്തേക്കു പോകാൻ ദൈവത്താൽ ആജ്ഞാപിക്കപ്പെട്ടപ്പോൾ തനിക്ക് ആശയങ്ങൾ വേണ്ടവിധം പ്രകടിപ്പിക്കുന്നതിലുള്ള കഴിവുകേടിന് തന്നോട് ക്ഷമിക്കണമെന്ന് അപേക്ഷിക്കുകയാണ് ചെയ്തത് എന്നാണ്. ഇത് മനസ്സിലാക്കിത്തരുന്നതു തന്നെ, ഫറോവ സംസാരിക്കുകയും മനസ്സിലാക്കുകയും ചെയ്യുന്ന ഭാഷയിൽ സുഗമമായി സംസാരിക്കാൻ മോശെക്ക് സാധിച്ചിരുന്നില്ല എന്നാണ്. അതായത് ഈജിപ്ഷ്യൻ ഭാഷ. അതിനാൽ അദ്ദേഹം ഒരു ഈജിപ്തുകാരനായിരുന്നില്ല.

ചുരുക്കത്തിൽ,മോശെ എന്ന പേര് ഈജിപ്ഷ്യൻ ഉല്പത്തിയിലുള്ളതാണെന്നും മോശെ ഒരു ഇസ്രാഈല്യനായിരുന്നില്ലെന്നും കരുതുന്നതിന് യാതൊരു കാരണവും നീതികരണവും ഇല്ല. ബൈബിളിലും വിശുദ്ധ ഖുർആനിലും മോശെയെക്കുറിച്ചു പറഞ്ഞ വിവരണങ്ങളും ജൂതചരിത്രത്തിന്റെ തെളിവുകളും ഹീബ്രുവിന്റെയും അറബിയുടെയും ഭാഷാപരമായ തെളിവും എല്ലാം കൂട്ടിച്ചേർത്താൽ മോശെ ഒരു ഈജിപ്തുകാരനായിരുന്നില്ലെന്നും അദ്ദേഹത്തിന്റെ പേര് ഈജിപ്ഷ്യൻ ഉല്പത്തിയിലുള്ളതല്ലെന്നുമുള്ള വസ്തുതയെ ബലവത്താക്കുകയും സമർത്ഥിക്കുകയും ചെയ്യുന്നു.

(വിവ:കെ.വി. ഹസ്സൻകോയ, കോഴിക്കോട്)


Reaching the corners of the Earth



Every Friday live at 13.00 GMT on MTA International

**Live Translations:**
English, French, Arabic, German, Bengali


**Translations on repeat**
Russian, Turkish, Swahili, Tamil, Malayalam

**ജുമുഅ ഖുത്വ്ബ**

എല്ലാ വെള്ളിയാഴ്ചകളിലും പള്ളികളിൽ പ്രാർഥനയ്ക്കായ് ഒരുമിച്ചു കൂടാൻ മുസ്‌ലിംകൾ നിഷ്കർകർഷിക്ക പ്പെട്ടിരിക്കുന്നു. ഈ വെള്ളിയാഴ്ച പ്രാർത്ഥനയിലൂടെ വ്യക്തിപരവും സമൂഹപരവുമായ പ്രശ്നങ്ങൾ ചർച്ച ചെയ്യാനും ആവശ്യമായ പരിഹാരങ്ങൾ തേടാനും മുസ്‌ലിംകൾക്ക് അവസരം കൈവരുന്നു.

ആഗോള അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ പരമാദ്ധ്യക്ഷൻ ഖലീഫത്തുൽ മസീഹ് അഞ്ചാമൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു) ആഴ്ചതോറും നിർവഹിച്ചു വരുന്ന ജുമുഅ പ്രഭാഷണം **മുസ്‌ലിം ടെലിവിഷൻ അഹ്മദിയ്യ** (MTA)യിലൂടെ ലോകം മുഴുവൻ വിവിധ ഭാഷകളിലുള്ള തർജ്ജമ സഹിതം സംപ്രേഷണം ചെയ്യപ്പെടുന്നു. ഇതിലൂടെ അഹ്മദിയ്യാ ഇമാം, പള്ളിയിൽ ഒരുമിച്ചു കൂടിയവരെ മാത്രമല്ല മറിച്ച് മുഴുലോകത്തേയുമാണ് അഭിസംബോധന ചെയ്യുന്നത്. ഈ സംവിധാനം മുഖേന കാലത്തിന്റെ ഇമാമിന് ആഗോള മുസ്‌ലിം സമുദായത്തെ ഉപദേശിക്കാനും അവരെ അലട്ടിക്കൊണ്ടിരിക്കുന്ന കാലിക പ്രശ്നങ്ങൾക്കുള്ള പരിഹാരം കൃത്യസമയത്തുതന്നെ നിർദ്ദേശിക്കാനും ഔദാര്യവാനായ അല്ലാഹു വഴിയൊരുക്കിയിരിക്കുന്നു.

**www.mta.tv**



# ഹിമാലയ സാനുക്കളിലെ യേശുമിശിഹ: ഹിന്ദു പുരാണങ്ങളിലെ സാക്ഷ്യം

ഏ. എം. മുഹമ്മദ് സലീം

**കുരിശു പീഢനത്തിൽ നിന്നും മോചിതനായ യേശു തന്റെ ദൈവിക ദൗത്യത്തിന്റെ ഭാഗമായി, കാണാതെപോയ ഇസ്രായീൽ ദശഗോത്രങ്ങളെ ത്തേടി കിഴക്കൻ ദിക്കിലേക്ക് യാത്രതിരിച്ചു. അവസാനം കശ്മീരിൽ എത്തുകയുണ്ടായി. ഇത് സംബന്ധിച്ച് മതസാഹിത്യങ്ങളിലും പുരാരേഖകളിലും നിരവധി തെളിവുകളുണ്ട്. ഈ യാഥാർത്ഥ്യത്തിലേക്ക് ഹിന്ദു പുരാണങ്ങളിലൊന്നായ ഭവിഷ്യപുരാണം തെളിവുകൾ നൽകുന്നു.**

**ഹി**ന്ദുമതത്തിൽ പുരാണങ്ങൾക്കുള്ള സ്ഥാനം വളരെ പ്രധാനപ്പെട്ടതാണ്. 'പുരാണം' എന്നതിന് പ്രശസ്ത ഭാരതീയ പണ്ഢിതനായ രംഗാചാര്യൻ 'പുരാനവം' എന്നാണ് ശബ്ദവ്യുത്പത്തി നൽകിയിട്ടുള്ളത്. അതായത് പുരാതനകാലത്ത് നവമായി തോന്നിയ കഥകൾ ആണ് പുരാണം. ഹിന്ദുമത സാഹിത്യം; ശ്രുതികൾ ( കേൾക്കപ്പെട്ടത്, വെളിപാട്) സ്മൃതികൾ (ഓർമ്മിക്കപ്പെടുന്നത്) എന്ന് രണ്ടായി തിരിച്ചിട്ടുണ്ട്. അതിൽ സ്മൃതികളിൽപെടുന്നതാണ് പുരാണങ്ങൾ. ഋക്, യജുർ, അഥർവ്വം, സാമം, എന്നീ നാലു വേദങ്ങളും ശ്രുതികൾ എന്നാണറിയപ്പെടുന്നത്. അതിനെ സംഹിത, ബ്രാഹ്മണ്യം, ആരണ്യകം, ഉപനിഷത്തുകൾ എന്നീ വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. ശ്രുതികളല്ലാത്ത ഹിന്ദുമത സാഹിത്യങ്ങളാണ് സ്മൃതികൾ. ഇതിഹാസങ്ങളായ മഹാഭാരതം, രാമായണം, പുരാണങ്ങൾ, ദേവീ മഹാത്മ്യം, തന്ത്രം, യോഗസൂത്രം, ശിവസൂത്രം, മനുസ്മൃതി മുതലായവയെല്ലാം സ്മൃതികളാണ്. ഹിന്ദു മതത്തിലെ ഏറ്റവും ആദരണീയ ഗ്രന്ഥമായ 'ശ്രീമത് ഭഗവത്ഗീത' മഹാഭാരതത്തിലെ ഒരു അദ്ധ്യായമാണ്. ദൈവികമായ നിരവധി ആത്മീയതത്ത്വങ്ങൾ ഉൾക്കൊണ്ട വിശിഷ്ടമായ ഈ മഹദ്ഗ്രന്ഥത്തിന് 'ഗീതോപനിഷത്ത്' എന്ന വിശേഷണത്തിലൂടെ ഉപനിഷത്തിന്റെ സ്ഥാനം നൽകിയാണ് ഹിന്ദുമതത്തിൽ ആദരിച്ചിട്ടുള്ളത്. ഹിന്ദുമത സാഹിത്യത്തിൽ പുരാണങ്ങളുടെ സ്ഥാനം സൂചിപ്പിക്കുന്നതിനാണ് ഇത്രയും പ്രസ്താവിച്ചത്.

മഹാഭാരതവും രാമായണവും ഐതിഹാസിക സംഭവങ്ങളെ ആസ്പദമാക്കി രചിക്കപ്പെട്ട ബൃഹദ് കഥകളാണല്ലോ. എന്നാൽ പുരാണങ്ങളിൽ ഹിന്ദു ദൈവങ്ങളെപറ്റിയുള്ള വിവരണം, അവരെ ഭജിക്കേണ്ട രീതി, ഭജിച്ചാലുണ്ടാവുന്ന ഫലം, വർണ്ണാശ്രമ ധർമ്മങ്ങളെ അടിസ്ഥാനമാക്കി വ്യക്തികളുടെ കർമ്മങ്ങൾ, രാജാക്കന്മാരുടെയും രാജർഷിമാരുടേയും ഋഷിപുംഗവന്മാരുടെയും കഥകൾ, അവരുടെ വംശാവലി, അഭിമുഖങ്ങൾ എന്നിങ്ങനെ നിരവധി വിഷയങ്ങൾ അതിശയോക്തി കലർത്തിയും സ്ഥൂലവർണ്ണനകളിലൂടെയും വിവരിച്ചിരിക്കു

ന്നു. അവയിൽ പലതും ചില ആശയങ്ങൾ ആവിഷ്കരിക്കാനുള്ള ഭാവനാ കൽപനകളും അയുക്തികങ്ങളുമായ കഥാകഥനങ്ങളാണെങ്കിൽ തന്നെയും അമൂല്യമായ ചരിത്രാംശങ്ങൾ അവ ഉൾക്കൊള്ളുന്നു. പുരാണാവലംബിത കഥകളിലെയും ഇതിഹാസ കൽപനകളിലെയും ചരിത്രാംശം സ്ഫുടം ചെയ്തെടുക്കൽ പ്രയാസകരമാണെങ്കിലും ചരിത്രവിവരണത്തോടടുത്ത് നിൽക്കുന്ന പല വസ്തുതാ കഥനങ്ങളും പുരാണത്തിൽ ധാരാളം കാണാം. വ്യക്തമായ ചരിത്രരേഖകളോ രേഖപ്പെടുത്തിയ ചരിത്രമോ ഇല്ലാത്ത സന്ദിഗ്ധതകൾ നിറഞ്ഞ ഭാരതത്തിന്റെ പുരാതന ചരിത്രപഠന സഹായി എന്ന നിലക്ക് പുരാണങ്ങളിലെ ഇത്തരം വസ്തുതാ കഥനങ്ങൾക്ക് അമൂല്യ സ്ഥാനമാണുള്ളത്. രത്നം പോലെ തിളക്കമാർന്ന ആയിരമായിരം അമൂല്യ വിവരങ്ങൾ പുരാണങ്ങളാവുന്ന അക്ഷയ ഖനിയിൽ നിന്നും ചരിത്രകാരന്മാർക്ക് സംസ്ക്കരിച്ചെടുക്കാനാവും.

പുരാണങ്ങൾ മുഖ്യമായും 18 എണ്ണമാണ്. 1.വിഷ്ണു പുരാണം. 2.സ്കന്ദ പുരാണം. 3.പത്മ പുരാണം 4.ഭാഗവത പുരാണം. 5.ബ്രഹ്മ പുരാണം. 6.ഗരുഢ പുരാണം. 7.മത്സ്യ പുരാണം. 8.കൂർമ്മ പുരാണം. 9.നരസിംഹ പുരാണം. 10.വാമന പുരാണം. 11.ശിവ പുരാണം. 12.വായു പുരാണം. 13.മാർക്കണ്ഢേയ പുരാണം 14.വരാഹ പുരാണം 15.അഗ്നി പുരാണം. 16.ലിംഗ പുരാണം. 17.ബ്രഹ്മാണ്ഡ പുരാണം. 18.ഭവിഷ്യപുരാണം. ഇവയാണവ.

ബ്രഹ്മവിഷ്ണു മഹേശ്വരന്മാരെ സ്തുതിക്കുന്ന പുരാണങ്ങൾ ഇതിഹാസകാരനായ വേദവ്യാസൻ തന്നെ രചിച്ചതാണെന്നാണ് മത്സ്യപുരാണം പറയുന്നത്. *'അഷ്ടാദശ പുരാണാനി കൃത്വാ സത്യവതി സുതഃ'* അതായത് സത്യവതിയുടെ പുത്രനായ വ്യാസൻ പതിനെട്ടു പുരാണങ്ങളും രചിച്ചു. ഏറ്റവും പഴക്കമുള്ള വിഷ്ണു പുരാണം വ്യാസന്റെ പിതാവായ പരാശര മഹർഷി രചിച്ചതാണെന്നും അതേ മത്സ്യ പുരാണം തന്നെ പറയുന്നു. അപ്പോൾ 17 എണ്ണമെങ്കിലും വ്യാസൻ രചിച്ചതായിരിക്കണം. പുരാണകർത്താവായ വ്യാസൻ ഒരാളല്ല. പല കാലങ്ങളിൽ പല രചയിതാക്കളും പുരാണങ്ങൾ രചിച്ചിട്ടുണ്ടെന്നും അവർക്കെല്ലാം പറയുന്ന പേരാണ് വ്യാസൻ എന്നും വിഷ്ണുപുരാണത്തിൽ പറയുന്നു.

## ഭവിഷ്യപുരാണം

യേശുവിന്റെ ഭാരതയാത്ര പ്രതിപാദിക്കുന്ന ഭവിഷ്യപുരാണം വ്യാസൻ രചിച്ചതാണെന്ന് അതിന്റെ തലവാചകത്തിൽ തന്നെ കാണുന്നു. 'ശ്രീ ഭവിഷ്യ പുരാണം വേദവ്യാസ പ്രണീതം' എന്നാണ് ഈ ഗ്രന്ഥത്തിന്റെ പേര്. ഭവിഷ്യപുരാണം എന്നാണ് പേരെങ്കിലും ഭാവികാര്യങ്ങളെപറ്റിയുള്ള കാര്യങ്ങൾ മാത്രമല്ല, സൃഷ്ടി, കാലമാപനം, ലൈംഗിക ശാസ്ത്രം, ഗർഭാധാനം, ഗോദാനം, ആശ്രമ ധർമ്മങ്ങൾ, ആയുർവ്വേദം, വിഷചികിത്സ, അഭിമുഖം മുതലായ നിരവധി വിഷയങ്ങൾ ഭവിഷ്യ പുരാണത്തിൽ വിവരിക്കുന്നു. ഭവിഷ്യ പുരാണത്തിലെ പ്രതിസർഗ്ഗ പർവ്വം തൃതീയ ഖണ്ഢം രണ്ടാം അദ്ധ്യായത്തിൽ 17 മുതൽ 33 വരെയുള്ള ശ്ലോകങ്ങളിലാണ് യേശുകൃസ്തുവും ശാലിവാഹന രാജാവുമായുള്ള അഭിമുഖവും സംഭാഷണവും രേഖപ്പെടുത്തിയിട്ടുള്ളത്. വിക്രമാദിത്യന്റെ പൗത്രനായ ശാലി വാഹനൻ 'മസീഹാ' എന്ന അഭിധാനമുള്ള കന്യകയുടെ പുത്രനും (കുമാരി ഗർഭം) വെളുത്ത നിറത്തോടുകൂടിയ ധവള വസ്ത്രധാരിയുമായ (ഗൗരാംഗ ശ്വേത വസ്ത്രകം) ഒരു വിദേശി (മ്ലേച്ഛ ദേശ) യെ ഹിമാലയത്തിൽ വെച്ച് കണ്ടുമുട്ടുന്ന രംഗവും അവർ തമ്മിലുള്ള സംഭാഷണവുമാണ് ഭവിഷ്യപുരാണത്തിൽ വിവരിച്ചിട്ടുള്ളത്.

ഭവിഷ്യപുരാണത്തിലെ ഈ വിവരണത്തിലടങ്ങിയ അനിഷേധ്യമായ ചരിത്രമൂല്യം വളരെ പ്രകടമാണ്. ഹിമവൽ സാനുക്കളിൽ ആഗതനായ ആ തേജസ്വിയായ മതപുരുഷൻ യേശുവാണെന്ന് ഉറപ്പിച്ചു പറയാൻ സാധിക്കുന്ന തെളിവുകളാണ് താഴെ കാണുന്ന ശ്ലോകങ്ങൾ നൽകുന്നത്. ഇതിൽ വിവരിക്കപ്പെട്ട ശാലിവാഹനൻ എന്ന ചരിത്രപുരുഷൻ ആരാണ്? ക്രി.വ. 39 മുതൽ 50 വരെ കശ്മീർ ഭരിച്ചിരുന്ന ഒരു ബ്രാഹ്മണ രാജാവാണ് ശാലിവാഹനൻ. എ.ഡി. 48 മുതൽ രണ്ട് നൂറ്റാണ്ടുകൾ ഉത്തര ഭാരതത്തിൽ ശക്തമായ ആധിപത്യം പുലർത്തിയത് കുശാൻ രാജാക്കന്മാരായിരുന്നു. മത്സ്യ പുരാണത്തിലും ബ്രഹ്മ പുരാണത്തിലും വായു പുരാണത്തിലും ഇവരെപറ്റി പരാമർശമുണ്ട്. ആദ്യത്തെ കുശാന രാജാക്കന്മാരായ കഡ്ഫിസസ് ഒന്നാമനും രണ്ടാമനും ശേഷം ഭരണമേറ്റെടുത്ത കനിഷ്കൻ ചരിത്രപ്രസിദ്ധനാണ്. കുശാൻ രാജാവായ കനിഷ്കൻ കശ്മീർ കീഴടക്കുന്നതിന് തൊട്ടുമുമ്പാണ് ശാലി വാഹനൻ എന്ന ബ്രാഹ്മണ രാജാവ് കശ്മീർ ഭരിച്ചിരുന്നത്. അതായത് എ.ഡി. 39 മുതൽ 50 വരെയുള്ള കാലത്താണ് ശാലി വാഹനൻ കശ്മീർ ഭരിച്ചിരുന്നത്. അദ്ദേഹത്തിന്റെ ഭരണകാലത്ത് ചൈനക്കാർ, പാർത്ഥിയൻമാർ, ബാക്ട്രിയന്മാർ,

മുതലായ വിദേശീയരായ (മ്ലേച്ഛന്മാർ) അനാര്യന്മാർ തന്റെ രാജ്യത്തെ ആക്രമിക്കുകയും കൊള്ളയടിക്കുകയും ചെയ്തപ്പോൾ ശത്രുരാജ്യവും തന്റെ രാജ്യവും തമ്മിലുള്ള അതിർത്തി പുനർ നിർണ്ണയം ചെയ്യാനായി ഹിമാലയത്തിന്റെ പർവത പ്രദേശങ്ങളിൽ സഞ്ചരിക്കുമ്പോഴാണ് ശാലിവാഹനൻ യേശുവുമായി കണ്ടുമുട്ടുന്നത്. സിതിയന്മാരേയും മറ്റു അനാര്യ ഗോത്രങ്ങളെയും പരാജയപ്പെടുത്തിയതിന്റെ വിജയസ്മരണയ്ക്കായിട്ടാണ് പിന്നീട് ശാലിവാഹന– ശക വർഷം ആരംഭിച്ചതെന്ന് പ്രശസ്ത കശ്മീരി ചരിത്ര പണ്ഢിതനായ ഫിദാ ഹസനൈൻ തന്റെ Fifth Gospel എന്ന ഗ്രന്ഥത്തിൽ പറയുന്നു. എ.ഡി. 78 ലാണ് ശാലിവാഹന വർഷം അഥവാ ശക വർഷം ആരംഭിച്ചത്. ഇത് കലി വർഷം 3179 ലെ വൈശാഖ മാസം ഒന്നാം തീയതിയാണ്. അത് ക്രിസ്തുവർഷം 78 മാർച്ച് 14–ാം തീയതിയാണ്. ശാലിവാഹന വർഷം ഇന്ത്യയുടെ ദേശീയ വർഷം കൂടിയാണ് എന്നോർക്കണം. ശാലി വാഹന വർഷം ആരംഭിച്ചത് കുശാന രാജാവായ കനിഷ്കനാണെന്നും ചിലർക്ക് അഭിപ്രായമുണ്ട്.

യേശുക്രിസ്തുവിനെ സംബന്ധിച്ച ഭവിഷ്യൽ പുരാണത്തിലെ പ്രതിസർഗ്ഗ പർവ്വം തൃതീയ ഖണ്ഢം രണ്ടാം അദ്ധ്യായത്തിലെ 17 മുതൽ 32 വരെയുള്ള ശ്ലോകങ്ങൾ ഇപ്രകാരമാണ്.

............................

ഏതസ്മിന്നന്തരേ തത്ര
ശാലിവാഹന ഭൂപതി:
വിക്രമാദിത്യ പൗത്രശ്ച
പിതൃരാജ്യം ഗൃഹീതവാൻ (17)

വിക്രമാദിത്യന്റെ പൗത്രനായ ശാലി വാഹന രാജാവ് തന്റെ പിതാവിനുശേഷം രാജ്യ ഭരണം ആരംഭിച്ചു.

സ്ഥാപിതോ തേന മര്യാദാ
മ്ലേച്ഛാര്യാണാം പൃഥക് പൃഥക്
സിന്ധുസ്ഥാനമിതി ജ്ഞേയം
രാഷ്ട്രമാര്യസ്യ ച ഉത്തമം (20)

അതിനുശേഷം ശാലിവാഹന രാജാവ് മ്ലേച്ഛന്മാർക്കും ആര്യന്മാർക്കും പ്രത്യേകം പ്രത്യേകം അതിർത്തിയും നിയമങ്ങളും ഉണ്ടാക്കി. ആര്യന്മാരുടെ ഉത്തമമായ രാജ്യം സിന്ധുസ്ഥാനം എന്നറിയപ്പെടുന്നു.

മ്ലേച്ഛ സ്ഥാനം പരം സിന്ധോ
കൃതം തേന മഹാത്മനാ (21)

സിന്ധു നദിക്ക് അപ്പുറത്തുള്ള ദേശം മ്ലേച്ഛദേശം എന്നും പ്രഖ്യാപിച്ചു.

ഏക ദാതൂ ശകാധീശോ
ഹിമതുംഗേ സമാഗതഃ
ഹൂണ ദേശസ്യ മധ്യേ വേ
ഗിരിസ്ഥം പുരുഷം ശുഭം
ദദർശ ബലവാൻ രാജാ
ഗൗരാംഗശ്വേത വസ്ത്രകം (22)

ഒരിക്കൽ ശകരാജാവ് ഹിമാലയത്തിന്റെ ഒരു കൊടുമുടിയിൽ ചെന്നു അവിടെ ഹൂണദേശ മധ്യത്തിലുള്ള പർവ്വതത്തിൽ തേജസ്വിയും ബലവാനും വെളുത്ത നിറമുള്ളവനും (ഗൗരാംഗ) വെള്ള വസ്ത്രധാരിയുമായ(ശ്വേത വസ്ത്രകം) ഒരു പുരുഷൻ നിൽക്കുന്നത് കണ്ടു.

കുറിപ്പ്: **എസ്സീൻ സമൂഹത്തിൽപ്പെട്ട യേശു വെള്ള വസ്ത്രമായിരുന്നു ധരിച്ചത്. യേശുവിനെ സഹായിച്ചവരും എസ്സീനികളാണ്. എസ്സീനികളെ പ്പറ്റി ബൈബിളിൽ പരാമർശമില്ല. എന്നാൽ വിശുദ്ധ ഖുർആനിൽ അവരെപ്പറ്റി പരാമർശിച്ചിട്ടുണ്ട്. സൂറ: അസ്സഫ്ഫിൽ 15–ാം വചനത്തിൽ ക്രിസ്തു ശിഷ്യരെപ്പറ്റി പറഞ്ഞ 'ഹവാരിയ്യീൻ' എന്ന വിശേഷണത്തിന്റെ ഒരർത്ഥം വെള്ളവസ്ത്രം ധരിക്കുന്നവർ , വസ്ത്രം വെളുപ്പിക്കുന്നവർ എന്നൊക്കെയാണ്.**

കോ ഭവാനിതി തം പ്രാഹ
സഹോവാച മുദാന്വിതഃ
ഈശ പുത്രം ച മാം വിദ്ധി
കുമാരി ഗർഭ സംഭവം (23)

അങ്ങ് ആരാണ്? എന്ന് ശകരാജാവ് ആ മാന്യനോട് സന്തോഷത്തോടെ ചോദിച്ചു. ഞാൻ ദൈവപുത്രനും ഭൂമിയിൽ കന്യകയ്ക്ക് ജനിച്ചവനുമാകുന്നു എന്ന് അദ്ദേഹം മറുപടി പറഞ്ഞു.

കുറിപ്പ്: **യേശു, ബൈബിളിൽ തന്നെപറ്റി 'ദൈവപുത്രൻ' എന്നും ദൈവത്തെ 'സ്വർഗസ്ഥനായ പിതാവ്' എന്നും വിശേഷിപ്പിച്ചിട്ടുണ്ട്. ഇത് ആലങ്കാരികാർത്ഥത്തിലാണ്. അക്ഷരാർത്ഥത്തിലോ ജൈവികാർത്ഥത്തിലോ അല്ല. ബൈബിളിൽ സാത്വികരായ മറ്റുള്ളവരെയും ദൈവപുത്രന്മാർ**



**എന്ന് വിശേഷിപ്പിച്ചതായി കാണാം. പുത്രൻമാർ എന്ന് പ്രയോഗിച്ച മറ്റു ബൈബിൾ വചനങ്ങൾ; 'നിങ്ങൾ ദേവന്മാർ തന്നെ നിങ്ങളെല്ലാം അത്യുന്നതന്റെ പുത്രന്മാർ' (സങ്കീർത്തനം 82:6) കർത്താവ് ഇങ്ങനെ അരുൾ ചെയ്യുന്നു: 'ഇസ്രായേൽ എന്റെ ആദ്യ ജാതൻ അത്രേ. എന്നെ ശുശ്രൂഷിക്കാൻ എന്റെ പുത്രനെ അയക്കൂ.' (പുറപ്പാട് 4:22) 'അയാളെ (ദാവീദിനെ) ഞാൻ ആദ്യ ജാതനാക്കും' (സങ്കീർത്തനം 89:22) 'അയാൾ (ശലമോൻ) എന്റെ പുത്രനായിരിക്കും ഞാൻ അയാളുടെ പിതാവുമായിരിക്കും.' (ദിനവൃത്താന്തം 22:10)**

മ്ലേച്ഛധർമ്മസ്യ വക്താരം
സത്യവ്രത പരായണം
ഇതിശ്രുത്വാ നൃപഃ പ്രാഹ
ധർമ്മ കോ ഭവതോമതഃ(24)

അത് മാത്രമല്ല ഞാൻ മ്ലേച്ഛ ധർമ്മത്തിന്റെ ഉപദേഷ്ടാവും, സത്യമാർഗ്ഗത്തിൽ അടിയുറച്ചവനുമാണ്. ഇത് കേട്ടപ്പോൾ രാജാവ് ചോദിച്ചു; അങ്ങ് പറഞ്ഞ മതം ഏതാണ്?

കുറിപ്പ്: **മ്ലേച്ഛ എന്ന പദത്തിന് വിദേശി, അനാര്യൻ എന്നൊക്കെയാണ് അർത്ഥം**

ശ്രുത്വോ വാച മഹാരാജ
പ്രാപ്തേ സത്യ സംക്ഷയേ
നിർമ്മര്യാദേ മ്ലേച്ഛ ദേശേ
മസീഹോ ഹം സമാഗത(25)

മഹാരാജാവിന്റെ ഈ വചനം കേട്ട് അദ്ദേഹം ഇപ്രകാരം പറഞ്ഞു 'മ്ലേച്ഛ ദേശത്ത് സത്യം ക്ഷയിക്കുകയും, ധാർമ്മിക മര്യാദകൾ ഇല്ലാതാവുകയും ചെയ്തപ്പോൾ 'മസീഹ്' ആയ ഞാൻ വന്നു'

കുറിപ്പ്: **'മസീഹ് എന്ന പദം സംസ്കൃതമല്ല. ഹീബ്രുവിലും, അറബിയിലും ശബ്ദവ്യുത്പത്തിയുള്ള പദമാണിത്.**

ഈശാമസീ ച ദസ്യൂനാം
പ്രാദുർഭൂതാ ഭയങ്കരീ
താമഹം മ്ലേച്ഛത പ്രാപ്ത
മസീഹത്വ മുപാഗത (26)

ശത്രുക്കൾ ഭയങ്കരമായി വന്നപ്പോൾ മ്ലേച്ഛ ദേശത്ത് ഈസാ മസീഹ് (ഈശാ മസി) ആയ ഞാൻ മസീഹ് എന്ന പദവിയിലെത്തി.

മ്ലേച്ഛേഷു സ്ഥാപിതോ ധർമ്മോ
മയാതത്ശ്രൃണു ഭൂപതേ
മാനസം നിർമ്മലം കൃത്വാ
മലം ദേഹേ ശുഭാ ശുഭം.(27)

അല്ലയോ ഭൂപതേ, ഞാൻ മ്ലേച്ഛ ദേശത്ത് സ്ഥാപിച്ച ധർമ്മത്തെ കേട്ടാലും. മനസ്സ് നിർമ്മലമായിരിക്കണം. ബാഹ്യമായി ചെയ്യുന്ന കർമ്മങ്ങൾക്ക് അനുസൃതമായി ശുഭമോ അശുഭമോ സംഭവിക്കുന്നു.

കുറിപ്പ്: **'മാനസം നിർമ്മലം കൃത്വാ...' എന്ന വചനം യേശുവിന്റെ ഗിരിപ്രഭാഷണത്തിലെ 'ഹൃദയശുദ്ധിയുള്ളവൻ ഭാഗ്യവാന്മാർ, അവർ ദൈവത്തെ കാണും.'(മത്തായി 5:8) എന്ന വചനം ഓർമിപ്പിക്കുന്നു.**

നൈഗമം ജപമാസ്ഥായ
ജപതേ നിർമ്മലപരം
ന്യായേന സത്യവചസാ
മനസൈക്യേന മാനവഃ (28)

വെളിപ്പെട്ട വേദം മുറപ്രകാരം ശരിയായ രീതിയിൽ ഓതിക്കൊണ്ട് നീതിയും, സത്യവചനവും, മാനസികേകാഗ്രതയും പാലിക്കുന്ന മനുഷ്യൻ പരിശുദ്ധി പ്രാപിക്കുന്നു.

ധ്യായതേ പൂജയേദീശം
സൂര്യമണ്ഢല സംസ്ഥിതം
അചലോയം പ്രഭുഃ സാക്ഷാ-
ത്തഥാ സൂര്യോ ചലഃ സദാ (29)

ദൈവത്തെ ധ്യാനപൂർവ്വം ആരാധിക്കണം. സൂര്യനെ പോലെ അചലനായ ദൈവം ചലിക്കുന്ന എല്ലാത്തിനേയും അവസാനം അവനിൽ ഏകോപിപ്പിക്കുന്നു.

ഈശമൂർത്തി ഹൃദിപ്രാപ്താ
നിത്യ ശുദ്ധാ ശിവകരീ
ഈശാമസീഹ ഇതിച
മമ നാമ പ്രതിഷ്ഠിതം(30)

പരിശുദ്ധനും മംഗളദായകനുമായ ഈശ്വരനെ ഹൃദയത്തിലേറ്റിയതിനാൽ എന്റെ നാമം ഈശാ മസീഹ (ഈസാ മസീഹ് ) എന്ന് പ്രസിദ്ധമായി.

ഇതിശ്രുത്വാ സ ഭൂപാലോ
നത്വാ തം മേച്ഛ പൂജകം
സ്ഥാപയാമാസ തം തത്ര
മ്ലേച്ഛസ്ഥാനേ ഹി ദാരുണേ (32)

ഇത് കേട്ട രാജാവ് വിദേശിയനായ അദ്ദേഹത്തെ നമസ്കരിച്ചു.
വിദേശിയർ



വസിച്ച കഷ്ടം നിറഞ്ഞ ആ നാട്ടിൽ അധിപനായി വാഴിച്ചു.

കുറിപ്പ്: **ഫലസ്തീനിൽ പീഢനത്തിന് വിധേയനായ യേശു കശ്മീരിൽ രാജോചിതം സ്വീകരിക്കപ്പെട്ടു എന്ന് ഈ ശ്ലോകം പറയുന്നു.**

## മുല്ലാനാദിരി

കശ്മീരിന്റെ പുരാതന ചരിത്രമെഴുതിയ കശ്മീരിയായ ആദ്യത്തെ മുസ്‌ലിം പണ്ഡിതനാണ് മുല്ലാ നാദിരി. സുൽത്താൻ സിക്കന്തറിന്റെ ഭരണ കാലത്ത് (ക്രി.വ. 1378–1416) എഴുതിയ 'താരീഖെ കശ്മീർ' എന്ന പുസ്തകത്തിൽ യേശു ഇന്ത്യയിൽ വന്നതായും ആ വിവരം രേഖപ്പെടുത്തിയ ഹിന്ദുക്കളുടെ പുരാണങ്ങൾ അദ്ദേഹം വായിച്ചതായും വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹം എഴുതുന്നു:

'ഈ സമയത്താണ് പ്രവാചകനായ യൂസ് ആസഫ് (യേശു ക്രിസ്തു) ബൈത്തുൽ മുഖദ്ദസിൽ നിന്നും വിശുദ്ധ താഴ്‌വരയിലേക്ക് വന്നത്. അദ്ദേഹം രാവും പകലും ആരാധനയിൽ മുഴുകി. അങ്ങനെ ആത്മീയമായി അത്യുന്നത നിലപ്രാപിച്ച അദ്ദേഹം കശ്മീരികൾക്ക് താൻ പ്രവാചകനാണെന്ന് വാദിച്ചു. ഹിന്ദുക്കളുടെ ഒരു ഗ്രന്ഥത്തിൽ ഈ പ്രവാചകൻ **ദൈവത്തിന്റെ ചൈതന്യമായ യഥാർത്ഥ ഈസാ നബി** തന്നെയാണെന്ന് ഞാൻ വായിച്ചിട്ടുണ്ട്. അദ്ദേഹം കശ്മീരിൽ യൂസ് ആസഫ് എന്ന നാമം സ്വീകരിച്ചുകൊണ്ട് തന്റെ ശിഷ്ടജീവിതകാലം ഈ താഴ്‌വരയിൽ കഴിച്ചുകൂട്ടി. അദ്ദേഹം ദിവംഗതനായതിന് ശേഷം ശ്രീനഗറിലെ അൻസ്മാറിൽ അടക്കം ചെയ്തു. ഈ പ്രവാചകനെ അടക്കം ചെയ്ത കബറിൽ നിന്നും പ്രവാചകത്വത്തിന്റെ ദിവ്യദീപ്തി പ്രസരിക്കുന്നതായി പറയപ്പെടുന്നു.' (Mulla Nadri-Tarikh-e- Kashmir. p.69)



യേശുവിന്റെ കബർ സ്ഥിതിചെയ്യുന്ന സ്ഥലം

യേശു ഒരു സെമിറ്റിക് പ്രവാചകനാണ്. പുരാണങ്ങളിലെ യേശുവിനെ സംബന്ധിച്ച ഈ പരാമർശം അദ്ദേഹത്തെ ദൈവപുത്രനായി അംഗീകരിക്കുന്ന ക്രിസ്ത്യാനികളോ ദൈവപ്രവാചകനായി അംഗീകരിക്കുന്ന മുസ്‌ലിംകളോ കൂട്ടിച്ചേർത്തതാണെന്ന് പറയുവാൻ ഒരിക്കലും സാധ്യമല്ല. ക്രിസ്ത്യാനികൾ, കുരിശിൽ മരിച്ചതിന് ശേഷവും ഭൂരിപക്ഷ മുസ്‌ലിംകൾ കുരിശ് പീഢനമേൽക്കാതെയും യേശു ഫലസ്തീനിൽ വെച്ച് തന്നെ ആകാശത്തേക്ക് ഉയർന്നുപോയി എന്ന് വിശ്വസിക്കുന്നവരാണ്. ഹിന്ദുക്കളാകട്ടെ യേശുവിന്റെ കാര്യത്തിൽ പ്രത്യേകിച്ച് യാതൊരു താൽപര്യമില്ലാത്തവരും പ്രസ്തുത വിശ്വാസത്തെ ഖണ്ഡിക്കുന്ന വാദമുഖങ്ങൾ ഉയർത്താത്തവരുമാണ്. അപ്പോൾ ഹിമാലയദേശത്തെ യേശുവിന്റെ സന്ദർശനം വിവരിച്ച പുരാണഭാഗങ്ങൾ സത്യസന്ധമായ ഒരു ചരിത്രനിവേദനം തന്നെയാണെന്ന് നമുക്ക് ഉറപ്പിച്ചു പറയാൻ സാധിക്കും.

യേശുവിനും അദ്ദേഹത്തിന്റെ മാതാവിനും അല്ലാഹു കശ്മീരിൽ അഭയം നൽകുകയും വിജയശ്രീലാളിതനായി അദ്ദേഹം അവിടെ ജീവിച്ചു മരിക്കുകയും ചെയ്തു. ഹിമാലയത്തിൽ സ്ഥിതി ചെയ്യുന്ന കശ്മീരിന്റെ ഭൂപ്രകൃതി വിവരിച്ചുകൊണ്ട് ഈ ഉജ്ജ്വല ചരിത്രസത്യം താഴെ പറയുന്ന വചനത്തിൽ ഖുർആൻ അനാവരണം ചെയ്യുന്നു.

**'നാം ഇബ്നു മർയമിനേയും അദ്ദേഹത്തിന്റെ മാതാവിനേയും ഒരു അടയാളമാക്കിയിരിക്കുന്നു. നാം അവർക്ക് രണ്ട് പേർക്കും നിവാസയോഗ്യവും ഒഴുകുന്ന വെള്ളമുള്ളതുമായ ഒരു ഉയർന്ന പ്രദേശത്ത് (കശ്മീർ) അഭയം നൽകി.' (വിശുദ്ധ ഖുർആൻ 23:51)**

Ref:-
1. വിശുദ്ധ ഖുർആൻ
2. ഭവിഷ്യ മഹാ പുരാണം.
3. The Fifth Gosple- Fida Hasanain & Dahan Levi
4.Jesus lived in India-Holger Kersten
5.Saving the Savior-Abubacker bin Ismael Salahuddin



# പർവതങ്ങളുടെ ചലനവും വിശുദ്ധ ഖുർആനും

മസൂദ് അഹ്മദ് കരുനാഗപ്പള്ളി

ഭൂമിയിലെ പർവതങ്ങളുടേയും അവയുടെ സ്വഭാവത്തെയും അത് മനുഷ്യവംശത്തിന് എത്രമാത്രം പ്രയോജനപ്പെടുന്നു എന്നതിനെ സംബന്ധിച്ചും അർത്ഥഗർഭമായ പ്രതിപാദനങ്ങൾ വിശുദ്ധ ഖുർആനിൽ കാണാം. പ്രകൃതിയുടെ നിയമങ്ങളും പ്രതിഭാസങ്ങളും അനാവരണം ചെയ്യുന്ന ശാസ്ത്രത്തിന്റെ വെളിച്ചത്തിൽ പർവതങ്ങളെ സംബന്ധിച്ച വിശുദ്ധ ഖുർആൻ വചനങ്ങൾ വിശദീകരിക്കുകയാണ് ഈ ലേഖനത്തിൽ. പർവ്വതങ്ങളെപ്പറ്റിയുള്ള വിശുദ്ധ ഖുർആന്റെ ചില വചനങ്ങളാണ് താഴെ കൊടുത്തിരിക്കുന്നത്.

1.അവൻ (അല്ലാഹു) ഭൂമിയിൽ ഉറച്ച മലകൾ സ്ഥാപിച്ചിരിക്കുന്നു, നിങ്ങളെയും കൊണ്ട് ഭൂമി കുലുങ്ങാതിരിക്കാൻ വേണ്ടി. നദികളെയും വഴികളേയും (അവനുണ്ടാക്കി) നിങ്ങൾ മാർഗ്ഗം പ്രാപിക്കുന്നതിനുവേണ്ടി. (വി.ഖു16:16)

2.(ചിന്തിക്കുക) നാം ഭൂമിയെ ഒരു വിരിപ്പും മലകളെ കീലകങ്ങളുമാക്കീട്ടില്ലയോ? (വി.ഖു78:8)

3.പർവതങ്ങൾ ചലിപ്പിക്കപ്പെടുമ്പോൾ(വി.ഖു. 81:4)

4.ഭൂമിയെ നാം വികസിപ്പിക്കുകയും അതിൽ ഉറച്ച് നിൽക്കുന്ന പർവതങ്ങളെ നാം സ്ഥാപിക്കുകയും കൃത്യമായ അളവിൽ എല്ലാ വസ്തുക്കളെയും നാം അതിൽ മുളപ്പിക്കുകയും ചെയ്തിരിക്കുന്നു.(വി.ഖു.15:20)

5.അവൻ അതിൽ (ഭൂമിയിൽ) അതിന്റെ ഉപരിതലത്ത് ഉറച്ച മലകൾ സ്ഥാപിച്ചു. അവനതിൽ അനുഗ്രഹം നൽകുകയും ചെയ്തു. അവനതിൽ നാലു ഘട്ടങ്ങളിലായി അതിലെ ആഹാരം ശരിയായ അളവിൽ എല്ലാ അന്വേഷകൻമാർക്കും നിർണയിക്കുകയും ചെയ്തിരിക്കുന്നു. (വി.ഖു.41:11)

ഭൂമിയുടെ ഉപരിതലത്തിൽ ബലമായി ഉറപ്പിച്ചിട്ടുള്ളതായിട്ടാണ് മലകളെ നാം കാണുന്നത്. എന്നാൽ മലകളും മേഘങ്ങളെപ്പോലെ സഞ്ചരിക്കുന്നവയാണ് എന്നത് തെല്ലൊരു അതിശയത്തോടെ മാത്രമേ നമുക്ക് വിശ്വസിക്കാൻ സാധിക്കുകയുള്ളൂ. കഴിഞ്ഞ കുറച്ച്ദശാബ്ദങ്ങൾക്ക് മുമ്പ് അത് അവിശ്വസനീയം തന്നെയായിരുന്നു. എന്നാൽ ഭൂമിയുടെ ഉൽപത്തി, ഘടന, ഭൂഗർഭശാസ്ത്ര സംബന്ധിയായ ചരിത്രം, അതിന്റെ അന്തർഭാഗത്തെ സംബന്ധിച്ച് മുകളിൽ വിവരിച്ചിരിക്കുന്ന വിശുദ്ധ ഖുർആൻ വചനങ്ങൾ, എന്നിവയെല്ലാം തന്നെ ഭൂമിയുടെയും പർവതങ്ങളുടേയും സ്ഥിരതയെ സംബന്ധിക്കുന്ന നിലവിലുള്ള വീക്ഷണങ്ങൾക്ക് കടകവിരുദ്ധമായി തോന്നിയേക്കാം. മുൻകാല വ്യാഖ്യാതാക്കൾക്ക് ഇത് വിശദീകരിക്കാൻ വളരെ പ്രയാസമായിരുന്നു. ഭൂമിയിലെ ഭൗമഖണ്ഢങ്ങളെ അചലമായ ഒന്നായിട്ടല്ല ഇന്ന് കാണുന്നത്. മറിച്ച ചലനാത്മകവും സദാ മാറ്റങ്ങൾക്ക് വിധേയവുമായ ഭൗമ മേഖലയാണത്. ഭൗമ ഫലകങ്ങളുടെ ഈ ചലനത്തെ പ്രതിപാദിക്കുന്ന ശാസ്ത്രശാഖയാണ് പ്ലേറ്റ് ടാക്റ്റോണിക്സ് (Plate tactonics). ഈ രംഗത്തെ കണ്ടുപിടുത്തങ്ങളെല്ലാം തന്നെ മേൽപറഞ്ഞ ഖുർആനിക വചനങ്ങളുമായി ബന്ധമുള്ളവയാണ്. ശാസ്ത്രലോകം സർവ്വാത്മനാ അംഗീകരിച്ചിട്ടുള്ള ഈ സിദ്ധാന്തത്തിന്റെ അടിസ്ഥാനങ്ങൾ എന്താണെന്ന് നോക്കാം.

## പ്ലേറ്റ് ടാക്റ്റോണിക്സ് (Plate tactonics)

ഭൂമിയുടെ ഉപരിതലത്തിലുള്ള പാറകളുടെ വലിയ ഷീറ്റുകളുടെ അഥവാ ഭൂഫലകങ്ങളുടെ രൂപീകരണത്തെയും ചലനത്തെയും കുറിച്ചുള്ള പഠനമാണ് പ്ലേറ്റ് ടാക്റ്റോണിക്സ് (Plate tactonics). ഏഷ്യ, യൂറോപ്പ്, വടക്കേ അമേരിക്ക തുടങ്ങിയ വലിയ ഭൂഖണ്ഡങ്ങൾ എല്ലാം

തന്നെ ഭൂമിയുടെ ഉപരിതലത്തിൽ ചലിക്കാതെ നിൽക്കുന്ന ഭൂമേഖലകളല്ല. ഇവയെല്ലാം തന്നെ സാവകാശം ചലിച്ചുകൊണ്ടിരിക്കുന്നു.

ജർമൻ ശാസ്ത്രജ്ഞനായ ആൽഫ്രഡ് വാഗ്നർ 1912 ൽ ഭൂഖണ്ഡങ്ങളുടെ ഈ നീക്കത്തെപ്പറ്റി പ്രസിദ്ധീകരിച്ച ലേഖനം പുതിയ വിവാദങ്ങൾക്ക് തിരികൊളുത്തി. ഇന്ന് നാം കാണുന്ന വൻകരകളെല്ലാം തന്നെ 300 ദശലക്ഷം വർഷങ്ങൾക്ക് മുമ്പ് ഒരു വലിയ ഭൂഖണ്ഡമായിരുന്നുവെന്നും ക്രമേണ അവ പല ഭൂഖണ്ഡങ്ങളായി വിഭജിക്കപ്പെടുകയായിരുന്നുവെന്നും അദ്ദേഹം വാദിച്ചു. ഇതിനു തെളിവായി അദ്ദേഹത്തിന് പറയാനുണ്ടായിരുന്നത് ഭൂഖണ്ഡങ്ങളുടെ അരികുകളുടെ (Jijsaw fittings) ഭൂമി ശാസ്ത്രപരമായ ഘടനയും അവിടങ്ങളിലെ സസ്യങ്ങളുടേയും ജന്തുക്കളുടേയും സമാന സ്വഭാവവുമായിരുന്നു. അദ്ദേഹത്തിന്റെ വാദങ്ങൾ അദ്ദേഹത്തിന്റെ ജീവിതകാലത്ത് തന്നെ യുക്തിരഹിതമാണെന്ന് മുദ്രകുത്തപ്പെടുകയും ഒരു പരിഹാസപാത്രമായി അദ്ദേഹം മാറുകയുമായിരുന്നു. എന്നാൽ 1960 കളിൽ ഈ മേഖലയിലേക്ക് ശാസ്ത്രജ്ഞൻമാരുടെ സത്വര ശ്രദ്ധ വീണ്ടും പതിയുകയുണ്ടായി. കൃത്രിമോപഗ്രഹങ്ങളുടെ ആകാശ നിരീക്ഷണങ്ങൾ വാഗ്നറുടെ പ്ലേറ്റ് ടാക്റ്റോണിക് സിദ്ധാന്തങ്ങളെ ശരിവെക്കുകയാണ് ചെയ്തത്.

1. ഭൂമിയുടെ ഉൾഭാഗം ഉരുകിത്തിളച്ചുകൊണ്ടിരിക്കുന്ന ഇരുമ്പിന്റെയും നിക്കലിന്റെയും ദ്രാവകങ്ങളാണ്. ഇതിന്റെ ഊഷ്മാവ് 5500 ഡിഗ്രി സെൽഷ്യസ് (100 ഡിഗ്രി സെൽഷ്യസിലാണ് വെള്ളംതിളക്കുന്നത് എന്നോർക്കുക) ആണ്. ഈ അന്തർഭാഗത്തെ വലയം ചെയ്തിരിക്കുന്നത് താരതമ്യേന ഊഷ്മാവും കാഠിന്യവും കുറഞ്ഞതും എന്നാൽ കനം കൂടിയതുമായ പാറയാണ്. ഏകദേശം 2000 മൈൽ ഇതിന് കട്ടിയുണ്ട്. ഇതിനെ മാന്റ്ൽ (Mantle) എന്ന് വിളിക്കുന്നു. ഭൂമിയുടെ ഏറ്റവും പുറമെയുള്ള താരതമ്യേന ഘനം കുറഞ്ഞ ഭാഗത്തെയാണ് ക്രസ്റ്റ് (Crust)എന്ന് പറയുന്നത്. വെള്ളത്തിൽ പൊങ്ങിക്കിടക്കുന്ന ചങ്ങാടമെന്ന പോലെ മാന്റ്ൽ പൊങ്ങിക്കിടക്കുന്നു.

2. ക്രസ്റ്റ് തന്നെ രണ്ട് തരമുണ്ട്. നാം അതിവസിക്കുന്ന കരഭാഗത്തിന് 60–70മൈൽ കനം മാത്രമാണുള്ളത്. ഇത് താരതമ്യേന ഓഷ്യാനിക് ക്രസ്റ്റ് എന്നറിയപ്പെടുന്ന കടലിന്റെ അടിത്തട്ടിൽ സ്ഥിതി ചെയ്യുന്ന സാന്ദ്രത കൂടിയ പാറയാണ്. മാന്റലിൽ പ്ലവനം ചെയ്ത് നിൽക്കുന്ന ക്രസ്റ്റിനെ യൂറേഷ്യൻ, ആഫ്രിക്കൻ, വടക്കേ അമേരിക്കൻ എന്നിങ്ങനെ ചുരുങ്ങിയത് 12 പ്ലേറ്റുകളായി വിഭജിച്ചിരിക്കുന്നു. ഈ പ്ലേറ്റുകളെല്ലാം തന്നെ വൃത്താകൃതിയിലുള്ള ചലനത്തിന് പ്രേരിതമാണ്. ചിലത് അകന്നുപോകുന്നു. മറ്റ് ചിലത് തമ്മിൽ ഉരസി നീങ്ങുന്നു. ഈ ചലിക്കുന്ന പ്ലേറ്റുകളുടെ വേഗത മനുഷ്യന് അനുഭവിക്കാൻ കഴിയാത്തവിധം വളരെ പതുക്കെയാണ്. അതായത് ഒരു വർഷം കൊണ്ട് ഏതാനും സെന്റീമീറ്റർ മാത്രം. ഇപ്രകാരം ദശലക്ഷക്കണക്കിന് വർഷങ്ങൾകൊണ്ടാണ് നാം ഇന്ന് കാണുന്നരീതിയിലുള്ള അകൽച്ച ഉണ്ടായിട്ടുള്ളത്.

3. രണ്ട് ഭൂഖണ്ഡ പ്ലേറ്റുകൾ കൂട്ടിമുട്ടുകയും സമ്മർദ്ദം തുടരുകയും ചെയ്യുന്നതിന്റെ ഭാഗമായി പ്ലേറ്റുകളുടെ കൂട്ടിമുട്ടിയ അരികുകളോട് ചേർന്ന ഭാഗം ഉപരിതലത്തിൽ നിന്ന് ഉയർന്ന് വന്ന് പർവതങ്ങളായിത്തീരുന്നു. ഇപ്രകാരം സമുദ്രങ്ങളുടെ അടിഭാഗത്തുള്ള പ്ലേറ്റുകൾക്കുണ്ടാകുന്ന ചലനങ്ങളുടെ ഫലമായി സമുദ്രത്തിനടിയിൽ വരമ്പുകളോ കിടങ്ങുകളോ ഉണ്ടാകുന്നു. ചുരുക്കത്തിൽ ഭൂഖണ്ഡ പ്ലേറ്റുകളുടെ നീക്കത്തിന്റെയും കൂട്ടിമുട്ടലുകളുടേയും ഫലമായിട്ടാണ് ഇന്ന് നാം കാണുന്ന എല്ലാ പർവതനിരകളും ഉണ്ടായിട്ടുള്ളത് എന്ന് മനസ്സിലാക്കാം. 200 ദശലക്ഷം വർഷങ്ങൾക്ക് മുമ്പ് ആഫ്രിക്കൻ പ്ലേറ്റിൽ നിന്നും പൊട്ടിമാറിയുണ്ടായ ഇന്ത്യൻ പ്ലേറ്റും യൂറേഷ്യൻ പ്ലേറ്റുമായി കൂട്ടിമുട്ടിയതിന്റെ ഫലമായി രൂപപ്പെട്ട ഹിമാലയൻ പർവ്വതനിര ഇതിനുദാഹരണമാണ്. ഈ ഭീമാകാരങ്ങളായ ഭൂഖണ്ഡ പ്ലേറ്റുകളും കൂറ്റൻ ഹിമാലയ നിരകളും ഇപ്പോഴും നീങ്ങിക്കൊണ്ടിരിക്കുകയാണ്. ഇതിന്റെ ഫലമായി ഇന്നും ഹിമാലയ പർവതത്തിന്റെ ഉയരം കൂടിക്കൊണ്ടിരിക്കുന്നു.

4. ഭീമാകാരമായ ടെക്റ്റോണിക് പ്ലേറ്റുകളെ ചലിപ്പിക്കുന്നതിനു പിന്നിലെ യഥാർത്ഥ ശക്തി എന്താണെന്ന് ഇപ്പോഴും വ്യക്തമായി മനസ്സിലാക്കിയിട്ടില്ല. അത് ഇനിയും കണ്ടുപിടിക്കേണ്ടിയിരിക്കുന്നു. ഭൂമിയുടെ ചുട്ടുപഴുത്ത ഉൾഭാഗ (Inner core)ത്തെ സംവഹനപ്രക്രിയയുടെയും ചംക്രമണത്തിന്റെയും ഫലമായുണ്ടാകുന്ന ഒരു ശക്തിയാണ് ഇതിന്റെ പിന്നിലുള്ളത് എന്നാണ് പൊതുവെ അംഗീകരിക്കപ്പെട്ടിരിക്കുന്നത്.

ഒരു പാത്രത്തിലുള്ള ജലത്തിൽ ചൂട് വ്യാപിക്കുന്നത് എങ്ങനെയാണെന്ന് ചിന്തിച്ചിട്ടുണ്ടോ? ജലം ഒരു കുചാലകമാണ്. അതിന്റെ ഒരു ഭാഗത്ത് കിട്ടുന്ന താപം മറ്റ് കണികകളിലേക്ക് കൈമാറുന്നില്ല. എന്നിട്ടും ജലത്തിൽ ചൂട് വ്യാപിക്കുന്നതെങ്ങനെ ? ഒരു പാത്രത്തിലെ ജലത്തിന്റെ അടിഭാഗം ചൂടാക്കുമ്പോൾ ജ്വാലയോട് അടുത്ത

ഭാഗത്തെ ജലകണികകൾ ചൂട്പിടിച്ച് വികസിക്കുന്നു. താരതമ്യേന ഭാരം കുറഞ്ഞ ഈ കണികകൾ മേൽപോട്ട് ഉയരുന്നു. മറ്റ് കണികകൾ താഴോട്ട് വരികയും ചെയ്യുന്നു. അവയും ചൂട് പിടിച്ച് വികസിച്ച് മേൽപോട്ട് പോകുന്നു. ഈ പ്രക്രിയ തുടർന്നുകൊണ്ടിരിക്കുന്നതിനാലാണ് ജലം മുഴുവനും ചൂട് വ്യാപിക്കുന്നത്. മെർക്കുറി ഒഴികെയുള്ള ദ്രാവകങ്ങളിലും കുചാലകമായ വായുവിലും ചൂട് വ്യാപിക്കുന്നത് ഇതേ രീതിയിൽ കണികകളുടെ ചലനം മൂലമാണ്. ഭൂമിയുടെ അന്തരീക്ഷത്തിലെ വായുചംക്രമണവും ഇങ്ങനെയാണ് സംഭവിക്കുന്നത്. ഭൂമിയുടെ മധ്യഭാഗത്തെ ഉഷ്ണമേഖല പ്രദേശങ്ങളിലെ വായു ചൂട് പിടിച്ച് വികസിച്ച് മേൽപോട്ട് ഉയരുമ്പോൾ ഉത്തര ദക്ഷിണ ധ്രുവങ്ങളോടടുത്ത പ്രദേശങ്ങളിൽ നിന്ന് തണുത്ത വായു ഇവിടേക്ക് പ്രവഹിക്കുന്നു. ഈ പ്രക്രിയകളാണ് മേഘങ്ങളുടെ രൂപീകരണത്തിനും ചലനത്തിനും കാരണമായിരിക്കുന്നത്. കണികകളുടെ ചലനം മൂലം ഒരു പദാർത്ഥത്തിൽ ചൂട് വ്യാപിക്കുന്ന രീതിക്കാണ് സംവഹനം (Convection) എന്നു പറയുന്നത്. ഈ പ്രക്രിയ തന്നെയാണ് ഭൂമിയുടെ അന്തർഭാഗത്തും സംഭവിക്കുന്നത്.

5) 4.6 ബില്ല്യൺ (1 ബില്ല്യൺ= 10,000 ലക്ഷം) കൊല്ലങ്ങളായി തുടർന്നുകൊണ്ടേയിരിക്കുന്ന നീക്കങ്ങളാണ് ഭൂമിയുടെ അന്തർഭാഗത്ത് സംഭവിച്ചുകൊണ്ടിരിക്കുന്നത്. ടെക്റ്റോണിക് പ്ലേറ്റുകളുടെ ചലനഫലമായി ഭൂമിയുടെ ഉപരിഭാഗത്ത് പർവതങ്ങളും സമുദ്രത്തിന്റെ അടിഭാഗത്ത് വരമ്പുകളും ഗർത്തങ്ങളും രൂപീകരിക്കപ്പെടുകയോ നശിക്കുകയോ ചെയ്യുന്നു. ടെക്റ്റോണിക് പ്ലേറ്റുകൾക്ക് ചലനശേഷി ഇല്ലായിരുന്നെങ്കിൽ ഇന്ന് കാണുന്ന കരപ്രദേശങ്ങളും പർവതങ്ങളും രൂപീകരിക്കപ്പെടുകയില്ലായിരുന്നു. അങ്ങനെ കരപ്രദേശം മുഴുവൻ സമുദ്രത്തിൽ മുങ്ങിപ്പോകുകയും ചെയ്യുമായിരുന്നു. ചുരുക്കത്തിൽ ടെക്റ്റോണിക് പ്ലേറ്റുകളുടെ ചലനങ്ങൾ ഇല്ലായിരുന്നുവെങ്കിൽ മനുഷ്യരുൾപ്പെടെയുള്ള ജീവജാലങ്ങൾക്ക് ജീവിക്കാൻ ആവശ്യമായ ആവാസ വ്യവസ്ഥയോ കരപ്രദേശമോ ഒന്നും തന്നെയുണ്ടാകുമായിരുന്നില്ല.

അസാധാരണമായ ഭൗമ പ്രക്രിയയുടെ സംക്ഷിപ്ത രൂപമാണ് മുകളിൽ കൊടുത്തിരിക്കുന്നത്. ഭൂമിയുടെ ഘടനയെയും കാന്തിക സ്വഭാവത്തെയും ഫലകങ്ങളുടെ നീക്കങ്ങളെയും സംബന്ധിച്ചുള്ള സൂക്ഷ്മ വിവരങ്ങൾ ഇക്കാലത്ത് ഉപഗ്രഹ നിരീക്ഷണങ്ങളിലൂടെ ലഭ്യമാണ്. ഉദാഹരണത്തിന് വടക്കേ അമേരിക്കൻ ഭൂഖണ്ഡം യൂറോപ്യൻ ഭൂഖണ്ഡത്തിൽ നിന്നും ഒരുവർഷത്തിൽ ഒരിഞ്ച് എന്ന കണക്കിൽ അകന്നുകൊണ്ടിരിക്കുകയാണ്. ഭൂഖണ്ഡങ്ങളുടെ വലിപ്പവും അവക്കിടയിലുള്ള അത്‌ലാന്റിക് സമുദ്രത്തിന്റെ വിസ്തൃതിയും കണക്കിലെടുക്കുമ്പോൾ ഈ ചലനം വളരെ നിസ്സാരമായി തോന്നുന്നുവെങ്കിലും ഇങ്ങനെ പോയാൽ 300 ദശലക്ഷം വർഷങ്ങൾ കൊണ്ട് അത്‌ലാന്റിക് സമുദ്രത്തിന്റെ വീതി ഇന്നത്തേതിന്റെ രണ്ട് മടങ്ങ് ആയിത്തീരും!

### പർവതങ്ങളെ സംബന്ധിച്ച വിശുദ്ധ ഖുർആനിലെ വെളിപ്പെടുത്തൽ

വിശുദ്ധ ഖുർആൻ വചനങ്ങളുടെ അടിസ്ഥാനത്തിൽ പർവതങ്ങളുടെ സ്വഭാവത്തെപ്പറ്റിയും പ്ലേറ്റ് ടെക്റ്റോണിക്സിനെ സംബന്ധിച്ചുമുള്ള ഏറ്റവും പുതിയ അറിവുകൾ ഇങ്ങനെ സംഗ്രഹിക്കാം.

1. ഭീമാകാരമായ പർവതങ്ങൾ ചലിക്കാത്ത ഭൂപിണ്ഡങ്ങളല്ല, അവ നീങ്ങിക്കൊണ്ടിരിക്കുന്ന ഭൂഫലകങ്ങളാണ്.

2. ഭൂമിക്ക് ഇതരഭാഗങ്ങളെ അപേക്ഷിച്ച് കീലകങ്ങളുടെ സ്ഥാനമാണ് യഥാർത്ഥത്തിൽ പർവതങ്ങൾക്കുള്ളതെങ്കിലും കീലകങ്ങൾ സഹിതം പർവതങ്ങൾ നീങ്ങിക്കൊണ്ടിരിക്കുകയാണെന്നതാണ് വസ്തുത.

3. പർവതങ്ങളുടെ ചലനത്തെ നയിക്കുന്ന ഭൗതിക പ്രക്രിയകളെല്ലാം തന്നെ മേഘങ്ങളുടെ രൂപീകരണത്തേയും ചലനത്തേയും നയിക്കുന്ന പ്രക്രിയയുമായി അസാധാരണമാം വിധം താരതമ്യം ചെയ്യാവുന്നവയാണ്.

4. ഭൂമിയിലെ കരപ്രദേശങ്ങൾ, പാതകൾ, കരയിലൂടെയുള്ള യാത്രാ സൗകര്യങ്ങൾ, അതുപോലെതന്നെ പുഴകൾ, ശുദ്ധജല സ്രോതസ്സ് എന്നിവയുടെയെല്ലാം രൂപീകരണത്തിനും നിലനിൽപിനും പർവതങ്ങൾ ആവശ്യമാണ്.

പർവതങ്ങളുടെ സ്വഭാവത്തിന്റെയും രൂപീകരണത്തിന്റെയും പിന്നിൽ ഒളിഞ്ഞിരിക്കുന്ന രഹസ്യങ്ങൾ വിശുദ്ധ ഖുർആൻ അനാവരണം ചെയ്തത് തികച്ചും ആശ്ചര്യകരം തന്നെ. അതിസങ്കീർണ്ണമായ ഭൗമ പ്രക്രിയകളിലേക്ക് വെളിച്ചം വീശുന്ന വിശുദ്ധ ഖുർആന്റെ ഗഹനമായ പ്രതിപാദനങ്ങളിൽ നിന്നും ദൈവത്തിന്റെ സൃഷ്ടി വൈഭവത്തിന്റെ അദ്ഭുതങ്ങൾ ഭാവിലോകം ഇനിയും അനാവരണം ചെയ്യുന്നതാണ്.

കടപ്പാട്: Review of Relegions - March-2002 Are mountains Moving like the clouds - Dr. Mian Abbas USA.



# പ്രാർഥനയുടെ തത്ത്വശാസ്ത്രം

നസീർ അഹ്മദ്

**പ്രാർഥനയും അതിന്റെ സഫലതയും അദ്ഭുതകരമായ യാഥാർത്ഥ്യമാണ്. പ്രവാചകന്മാർ വരുത്തിയ എല്ലാ പരിവർത്തനങ്ങളുടെയും ചാലകശക്തി പ്രാർഥനയാണ്. പ്രാർഥനയുടെ അദ്ഭുതശക്തിയെ പറ്റി വാഗ്ദത്ത മസീഹ് (അ) നൽകിയ പാഠങ്ങൾ നാം തിരിച്ചറിയേണ്ടതുണ്ട്.**

***"എന്റെ ദാസന്മാർ എന്നെക്കുറിച്ച് നിന്നോട് ചോദിക്കുമ്പോൾ (പറയുക:) ഞാൻ സമീപസ്ഥനാണ്. പ്രാർഥിക്കുന്നവൻ എന്നോട് പ്രാർഥിക്കുമ്പോൾ ഞാൻ അവന് ഉത്തരം നൽകുന്നു. അതിനാൽ അവർ എന്റെ വിളിക്കുത്തരം നൽകുകയും എന്നിൽ വിശ്വസിക്കുകയും ചെയ്യട്ടെ. അവർ സന്മാർഗ്ഗം പിന്തുടരാൻ വേണ്ടി" (വിശുദ്ധ ഖുർആൻ 2:187).***

ഏതൊരു മതത്തിന്റെയും ആത്മീയഘടനയ്ക്ക് താങ്ങായി നിൽക്കുന്ന അതുല്യവും സുപ്രധാനവുമായ ഘടകമാണ് പ്രാർഥന. നമ്മുടെ ആത്മീയവും ഭൗതികവുമായ ആവശ്യപൂർത്തീകരണത്തിനായി ദൈവത്തോട് പ്രാർഥിക്കാൻ വിശുദ്ധ ഖുർആൻ നമ്മെ നിരന്തരം അനുശാസിക്കുന്നു.

ദൈവത്തോട് നാം പ്രാർഥിക്കണമെന്നു മാത്രമല്ല അവൻ കൽപ്പിക്കുന്നത്. പ്രാർഥനയുടെ സ്വീകാര്യത എന്ന വിഷയം പ്രാർഥനയുടെ തത്ത്വശാസ്ത്രത്തിന്റെ തന്നെ വ്യാപകമായ ഒരു ശാഖയാണെന്നു ഹദ്റത്ത് അഹ്മദ് (അ) പ്രസ്താവിച്ചു. പ്രാർഥനയുടെ തത്ത്വശാസ്ത്രം ഗ്രഹിച്ചിട്ടില്ലാത്ത ഒരു വ്യക്തിയ്ക്ക് പ്രാർഥനകൾ സ്വീകരിക്കപ്പെടുന്നതിന്റെ പൊരുൾ മനസ്സിലാക്കുവാൻ സാദ്ധ്യമല്ല. ഇക്കാര്യം സുഗ്രാഹ്യമാക്കാൻ ആ മഹാത്മാവ് ദൈനദിന ജീവിതത്തിൽ നിന്ന് ഉദാഹരണങ്ങൾ എടുത്തുകാണിക്കുകയുണ്ടായി.

*"ദൈവം തന്റെ ദാസരെ മിത്രങ്ങളുടെ പദവിയിലേക്കുയർത്തുകയും അവരുമായി രണ്ടുവിധത്തിലുള്ള ബന്ധം സ്ഥാപിക്കുകയും ചെയ്യുന്നു. ചില സന്ദർഭങ്ങളിൽ സുഹൃത്തുക്കളോടെന്നപോലെ ദൈവം അവരുടെ അപേക്ഷകളെ സ്വീകരിക്കുന്നു. ചിലപ്പോൾ തന്റെ മിത്രങ്ങൾ തന്റെ തീരുമാനത്തെ സ്വീകരിക്കട്ടെയെന്ന് ആഗ്രഹിക്കുന്നു. എന്നാൽ, ഈ രണ്ടവസ്ഥയിലും യഥാർത്ഥ സുഹൃത്തുക്കളോടെന്നപോലെ ദൈവം തന്റെ സ്നേഹിതന്മാരുടെ ഉത്തമതാൽപര്യങ്ങൾക്കനുസരിച്ചു തന്നെ വർത്തിക്കുന്നു" (ഹഖീഖത്തുൽ വഹ്‌യ്, പേജ് 21).*

ഇക്കാര്യം ആ മഹാത്മാവ് മറ്റൊരു ഉദാഹരണത്തിലൂടെ കൂടുതൽ വ്യക്തമാക്കുന്നതു ഇപ്രകാരമാണ്: *"ലോകത്തിലെ ഒരൗഷധത്തിനും മനുഷ്യനെ മരണത്തിൽനിന്നു രക്ഷിക്കാൻ സാദ്ധ്യമല്ലെന്ന കാര്യം നമുക്കറിയാം. എന്നിരിക്കിലും ശാരീരികമായ അസുഖങ്ങൾ ഭേദപ്പെടുത്താൻ ഔഷധങ്ങളിൽ നിക്ഷിപ്തമായ ഗുണങ്ങളെ നിഷേധിക്കാൻ ആരും തയ്യാറാവുകയില്ല. നിർദ്ദിഷ്ടമായ ഒരൗഷധം ചിലപ്പോൾ പ്രതീക്ഷിക്കുന്ന ഫലമുളവാക്കിയില്ലെന്നുവരാം. അതുകൊണ്ട് മാത്രം ആ ഔഷധത്തിൽ രോഗശമനത്തിനുള്ള ഗുണങ്ങൾ നിക്ഷിപ്തമല്ലെന്നു പറയുന്നത് ബുദ്ധിപൂർവമാവുമോ? തീർച്ചയായും ഇല്ല. ചിലപ്പോൾ നാം നൽകുന്ന മരുന്നിന്റെ അളവ് ശരിയായിക്കൊള്ളണമെന്നില്ല. ചിലപ്പോൾ മരുന്നു കഴിക്കേണ്ട സമയനിർണ്ണയം തെറ്റിപ്പോകാനിടയുണ്ട്. മറ്റു ചിലപ്പോൾ ശമനഗുണം നഷ്ടപ്പെടുമാറ് ഔഷധത്തിന്റെ കാലാവധി കഴിഞ്ഞിട്ടുണ്ടാവും. അതിനാൽ ഔഷധത്തിന്റെ ഗുണത്തെ മാത്രം കണക്കിലെടുക്കാതെ മറ്റു ഘടകങ്ങളെക്കുറിച്ചും പര്യാലോചിക്കേണ്ടതുണ്ട്."*

പ്രാർഥനയുടെ കാര്യവും ഇതു തന്നെയാണ്. ചിലപ്പോൾ പ്രാർഥനയിൽ കൂടുതൽ വികാരതീവ്രത ആവശ്യമായിരിക്കും. ചിലപ്പോൾ ശരിയായ കാര്യസാദ്ധ്യത്തിന് വേണ്ടിയായിരിക്കില്ല നാം പ്രാർഥിക്കുന്നത്. മറ്റു ചില അവസരങ്ങളിൽ പ്രാർഥന സ്വീകരിക്കപ്പെടുന്നതിനുള്ള സാഹചര്യങ്ങൾ അനുയോജ്യമായിരിക്കില്ല. അല്ലാഹു ഭൗതികവും ആത്മീയവുമായ വ്യവസ്ഥിതികളെ ഒരേ കാര്യകാരണശൃംഖലയിൽ ബന്ധിച്ചിരിക്കയാണ്. അതിലൊന്നിനെ അംഗീകരിക്കുകയും മറ്റേതിനെ നിഷേധിക്കുകയും ചെയ്യു

ന്നത് പരമാബദ്ധമായിരിക്കും.

പ്രവാചകന്മാരും പുണ്യവാള ന്മാരും വരെ തങ്ങളുടെ പ്രാർഥ നകളെ സംബന്ധിച്ച് ഗുണദോഷി ക്കപ്പെട്ടിട്ടുണ്ട്. ഉദാഹരണമായി, നൂഹ് നബി(അ) തന്റെ മകനെ സംബന്ധിച്ച് അല്ലാഹുവിനോട് ഇപ്രകാരം പ്രാർഥിച്ചതായി വിശുദ്ധ ഖുർആനിൽ സൂചിപ്പിക്ക പ്പെട്ടിരിക്കുന്നു.

*'എന്റെ നാഥാ, സത്യമായും എന്റെ മകൻ എന്റെ കുടുംബ ത്തിൽപ്പെട്ടവനാണ്. തീർച്ച യായും നിന്റെ വാഗ്ദാനം സത്യ മാണ്. നീ നീതിമാന്മാരിൽ ഏറ്റവും നീതിമാനല്ലോ!'*

*അല്ലാഹു മറുപടി പറഞ്ഞു: 'അല്ലയോ നൂഹേ, അവൻ (നിന്റെ മകൻ) തീർച്ചയായും നിന്റെ കുടുംബത്തിൽപ്പെട്ടവനല്ല. അവൻ യഥാർത്ഥത്തിൽ ദു:സ്വഭാ വിയായ ഒരു മനുഷ്യനാണ്. അതി നാൽ നിനക്കറിവില്ലാത്ത കാര്യ ത്തെക്കുറിച്ച് പറയരുത്. നീ അജ്ഞന്മാരിൽ പെട്ടുപോകാതിരി ക്കാൻ നാം നിന്നെ ഉപദേശിക്കു ന്നു'* (11:46, 47).

ചില സന്ദർഭങ്ങളിൽ, ദുആ ചെയ്യുന്നത് അനാദരമായി പ്രവാ ചകന്മാരും പുണ്യവാളന്മാരും കരുതിയിട്ടുണ്ട്. ആപൽഘട്ടങ്ങ ളിൽ അവരുടെ ഹൃദയം പ്രാർഥി ക്കണമെന്നഭിലഷിച്ചാൽ അവർ പ്രാർഥിച്ചിരുന്നു. ക്ഷമയും സ്ഥിര ചിത്തതയും കൈക്കൊള്ളണമെ ന്നാണ് അവരുടെ ഉൾപ്രേരണയെ ങ്കിൽ അവർ സ്ഥിരചിത്തരായി നിലകൊണ്ടു. അപ്പോൾ അവർ പ്രാർഥിച്ചതുമില്ല.

അതിനാൽ, നാം നമ്മുടെ ദുആ കളിലും ഇതു ശ്രദ്ധിക്കേണ്ട തായുണ്ട്. തങ്ങൾക്ക് നന്മയോ തിന്മയോ വരുത്തുകയെന്നതിനെ സംബന്ധിച്ച് അറിവില്ലാതെ ജന ങ്ങൾ ഓരോ കാര്യങ്ങൾക്കു വേണ്ടി ദുആ ചെയ്തതായി വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു.

വ്യക്തിപരമായ ഉദ്ദേശ്യസാഫ ല്യത്തിനായി പ്രാർഥനയെ ഒരു മാർഗ്ഗമായവലംബിക്കരുതെന്ന ചിലരുടെ വീക്ഷണത്തെ ഹദ്റത്ത് അഹ്മദ് (അ) ശക്തിയായി ഖണ്ഡിക്കുന്നു. ആ മഹാത്മാവ് ചോദിക്കുന്നു. *"ഔഷധം മരണ ത്തിന്റെ വാതിൽ കൊട്ടിയടച്ചു കളഞ്ഞിട്ടുണ്ടോ? ഔഷധം നിഷ്ഫലമായിത്തീരുക അസാ ദ്ധ്യമാണോ? എന്നാൽ ഔഷധ ത്തിന്നു അതിന്റേതായ ശക്തി കളും പ്രത്യേകഗുണങ്ങളും ഉണ്ടെന്നതിനെ നിഷേധിക്കുന്നവ രായി ആരെങ്കിലുമുണ്ടോ? എല്ലാ വസ്തുക്കൾക്കും അതാതിന്റെ നിയമങ്ങളും അളവുകളും ഉണ്ടെ ന്നതു നേരുതന്നെ. അതുകൊണ്ട്, ശാസ്ത്രം അനാവശ്യമായിത്തീരു കയോ അപ്രധാനമാവുകയോ ചെയ്യുന്നില്ല. അതുകൊണ്ടുമാത്രം മാർഗ്ഗങ്ങളും ക്രമങ്ങളും ആശ്രയി ക്കേണ്ടതില്ലെന്നും വരുന്നില്ല. ഒരു ഭാഗത്ത്, ഭൗതികമായ ഉപാധി കളും മറുഭാഗത്ത് ആത്മീയമായ ഉപാധികളും സ്വാഭാവികമായ അളവുകളോടും നിർണ്ണയങ്ങ ളോടും കൂടിയതാണെന്നു ആഴ ത്തിൽ ചിന്തിച്ചാൽ നമുക്ക് മനസ്സി ലാക്കാം." (ബറക്കാത്തുദ്ദുആ- പേജ് 11)*

പ്രാർഥനയെ സംബന്ധിച്ച യാഥാർത്ഥ്യവും ഇതുതന്നെയാ ണ്. ഭൗതികവും ആത്മീയവുമായ വ്യവസ്ഥിതികൾ ഒരേ തത്ത്വത്തി ലധിഷ്ഠിതമായാണ് പ്രവർത്തി ക്കുന്നതെന്ന് സൂക്ഷ്മമായ പരിചി ന്തനം മുഖേന അറിയാൻ സാധി ക്കും. ചരിത്രത്തിലുണ്ടായ മഹാ ത്ഭുതങ്ങൾ യഥാർത്ഥത്തിൽ പ്രാർഥനയുടെ സ്വീകാര്യത്തിന്റെ ഫലമായാണുണ്ടായതെന്നതിന് അനേകം ഉദാഹരണങ്ങൾ വിശുദ്ധ ഗ്രന്ഥങ്ങളിൽ കാണാൻ കഴിയും. ഈ ലോകത്തിൽ ആഗ തരായ ഒരു ലക്ഷത്തിൽപരം പ്രവാചകന്മാരുടെയും ലക്ഷക്കണ ക്കിനുള്ള പുണ്യവാളന്മാരുടെയും കരങ്ങളിൽ പ്രാർത്ഥനയാകുന്ന ആയുധമല്ലാതെ മറ്റൊന്നുമുണ്ടാ യിരുന്നില്ലെന്നത് പ്രാർഥനയുടെ ശക്തിക്ക് തെളിവാണ്.

ഇസ്‌ലാമിന്റെ വളർച്ചയെയും വിജയത്തെയും സംബന്ധിച്ച് നിസ്തുല്യമായ ഒരു സമീപന മാണ് ഹദ്റത്ത് അഹ്മദ് (അ) കൈക്കൊണ്ടത്.

ആ മഹാത്മാവ് പ്രഖ്യാപിച്ചു:

*"അറേബ്യൻ മണലാരണ്യങ്ങ ളിൽ സംഭവിച്ച ദിവ്യാത്ഭുതത്തെ ക്കുറിച്ച് നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? മൃതരായ ലക്ഷക്കണക്കിനാളുകൾ ദിവസങ്ങൾക്കകം പുനരുജ്ജീവി ച്ചു. തലമുറ തലമുറകളായി ദുഷി ച്ചുപോയ ഒരു ജനത ദൈവിക ഗുണങ്ങളുടെ ദർപ്പണങ്ങളായി മാറി. അന്ധർക്ക് കാഴ്ച ലഭിച്ചു. മൂകരായവർ ദൈവികമായ ഉൾക്കാഴ്ചയോടെ സംസാരിച്ചു. മുമ്പൊരിക്കലും ഒരു കാതും കേട്ടി ട്ടില്ലാത്ത, ഒരു കണ്ണും കണ്ടിട്ടില്ലാ ത്ത, മഹത്തായ പരിവർത്തനം ലോകത്തു സംഭവിച്ചു. അതെങ്ങ നെയായിരുന്നുവെന്ന് നിങ്ങൾക്ക റിയാമോ? അല്ലാഹുവിൽ പൂർണ്ണ മായും ലയിച്ച ഒരു പുണ്യപുരു ഷൻ രാത്രിയുടെ അന്ത്യയാമങ്ങ ളിൽചെയ്ത ഗദ്ഗദപൂർണ്ണമായ പ്രാർഥനകൾ സ്വീകരിക്കപ്പെട്ട തിന്റെ ഫലമായിരുന്നു അതെല്ലാം. സ്വർഗത്തിൽ അലയടികൾ സൃഷ്ടിച്ച പ്രാർഥനകൾ ഈ നിര ക്ഷരനായ ഏക വ്യക്തിയോട ല്ലാതെ മറ്റാരുമായും ബന്ധപ്പെടു ത്തിക്കൂടാത്തതാണ്. പരിവർത്തന ങ്ങൾ ഉണ്ടാക്കിയത് പ്രാർഥനകൾ മാത്രമാണ്! ഈ മാറ്റം എല്ലാവരും*

*ഒരുപോലെ അസാദ്ധ്യമായിക്കരുതിയിരുന്നു" (ബറക്കാത്തുദ്ദുആ, പേജ് 10)*

എല്ലാം മുൻകൂട്ടി വിധിക്കപ്പെട്ടതിനാൽ പ്രാർഥനയുടെ ആവശ്യമില്ലെന്ന വാദക്കാർക്ക് മറുപടിയായി ഹദ്റത്ത് അഹ്മദ് (അ) ഇപ്രകാരം പറഞ്ഞു: *"ഉന്നതമായ ആത്മീയപദവികൾ കൈവരിക്കുകയും ദർശനങ്ങൾ ഉണ്ടാകുകയും ചെയ്യുന്നവർക്കറിയാം ചില പുണ്യവാളന്മാരുടെ പ്രാർഥനകളിൽ രൂപപ്പെടുത്തലിന്റെ ശക്തി സൃഷ്ടിക്കപ്പെടുമെന്ന്. അതായത്, ദൈവകൽപ്പനപ്രകാരം പ്രാർഥന രണ്ടു ലോകങ്ങളിലും നിയന്ത്രണം കൈവരിക്കുന്നു; ഭൗതികലോകത്തും ആത്മീയലോകത്തും."*

പ്രാർഥനയ്ക്ക് എല്ലാറ്റിനേയും ചലിപ്പിക്കാനുള്ള ശക്തിയുണ്ട്. സൂക്ഷ്മമായ കണങ്ങൾ മുതൽ ഭീമമായ ആകാശഗോളങ്ങൾവരെയും അഭിലഷിക്കുന്ന ദിശയിലേക്ക് ചലിപ്പിക്കാൻ പ്രാർഥനയ്ക്ക് കഴിയും.

അവസാനമായി പ്രാർഥനകൾ സ്വീകരിക്കപ്പെടുന്ന പ്രക്രിയയിലേക്ക് ഒരു ഉൾക്കാഴ്ച നൽകാൻ ശ്രമിക്കാം. പ്രാർഥിക്കുന്ന ആളും അല്ലാഹുവും തമ്മിൽ ഒരു ആകർഷണം സൃഷ്ടിക്കപ്പെടുന്നു എന്നതാണ് പ്രാർഥനയുടെ കഴമ്പ്. ആശയവിനിമയത്തിന്റെ ഒരു മാധ്യമം പ്രാർഥന മുഖേന സ്ഥാപിക്കപ്പെടുന്നു. ഇതെങ്ങനെയാണ് സംഭവിക്കുന്നതെന്ന് ഹദ്റത്ത് അഹ്മദ് (അ) വിവരിച്ചിട്ടുണ്ട്.

*"ആദ്യമായി അല്ലാഹുവിന്റെ കാരുണ്യം (റഹ്മാനിയ്യത്ത്) എന്ന ഒന്നാമത്തെ ഗുണം, ആരുടേയും പ്രാർഥനയുടെ ഫലമായല്ലാതെ ലഭിച്ചിട്ടുള്ള വസ്തുക്കൾ (വായു, സൂര്യൻ, ജലം മുതലായവ) കൃതജ്ഞതാപൂർവ്വം സ്വയം അർപ്പിക്കുന്ന ദാസനെ ആകർഷിക്കുന്നു. ഈ സമർപ്പണത്തിന്റെ ആത്മാർഥത ഒരു കാന്തം പോലെ പ്രവർത്തിച്ച് അവനെ ദൈവവുമായി കൂടുതൽ അടുപ്പിക്കുന്നു. പ്രാർഥനക്കിടയിൽ ഈ ഘട്ടത്തിലെത്തിക്കഴിഞ്ഞാൽ പ്രാർഥന അതിന്റെ അദ്ഭുതകരമായ ഗുണങ്ങൾ അതുല്യമായ മാർഗത്തിൽ പ്രകടമാക്കുന്നു. ഒരു മനുഷ്യന് വ്യക്തിപരമായ അനേകം ദുരിതങ്ങൾ ബാധിക്കുമ്പോൾ, അയാൾ എല്ലാവിധ അഹംഭാവവും കൈവെടിഞ്ഞ് ദൈവം തന്റെ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിവുള്ളവനാണ് എന്ന ദൃഢവിശ്വാസത്തിൽ, തികഞ്ഞ കൂറോടും പൂർണ്ണമായ പ്രത്യാശയോടും കറകളഞ്ഞ സ്നേഹവായ്പോടും അല്ലാഹുവിലേക്ക് ചായുന്നു. ദൈവത്തിന്റെ നീതിപീഠം അവൻ തന്റെ മുന്നിൽ ദർശിക്കുന്നു. അല്ലാഹുവിനുയാതൊരു പങ്കുകാരനുമില്ലെന്ന് അവൻ മനസ്സിലാക്കുന്നു. അപ്പോൾ അവന്റെ ആത്മാവ് ആ ശക്തിയുടെ പടിവാതിലിൽ സാഷ്ടാംഗപ്രണാമം ചെയ്യുകയും അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ തന്നിലേക്കാർഷിക്കുകയും ചെയ്യുന്നു.*

ആ ഘട്ടത്തിൽ മഹത്വവാനായ ദൈവം ആ വ്യക്തിയുടെ പ്രാർഥനയുടെ ഉദ്ദേശ്യത്തെ സഫലമാക്കുന്നു. അങ്ങനെ ആ പ്രാർഥനയിലടങ്ങിയ അപേക്ഷ അനുവദിക്കുവാനാവശ്യമായ മാർഗങ്ങൾ രൂപംകൊള്ളാൻ ആരംഭിക്കുന്നു.

ഉദാഹരണമായി മഴയ്ക്ക് വേണ്ടി പ്രാർഥിക്കുമ്പോൾ അത് സ്വീകരിക്കപ്പെട്ടാൽ പ്രാർഥനയുടെ ഫലമായി മഴക്കാവശ്യമായ പ്രകൃതിപരമായ സംവിധാനങ്ങൾ ഒരുക്കപ്പെടുന്നു." (ബറക്കാത്തുദ്ദുആ, ഭാഗം. 9)

## മുഹമ്മദ് നബി(സ) യുടെ പ്രതിരൂപം

**ഹദ്റത്ത് അഹ്മദ് (അ)**

'അല്ലാഹു ഏകനാണെന്നും മുഹമ്മദു മുസ്തഫാ (സ) അവന്റെ പ്രവാചകനും ഖാതമുന്നബിയ്യീനും എല്ലാവരെക്കാളും ശ്രേഷ്ഠനും ആണെന്നും മുഹമ്മദിയ്യത്തിന്റെ പുതപ്പു പുതച്ചുകൊണ്ട് ആ പുണ്യാത്മാവിന്റെ പ്രതിരൂപമായി വരുന്നവരൊഴികെ അദ്ദേഹത്തിനുശേഷം ഒരു നബിയും ആഗതനാകുന്നതല്ലെന്നും ആണ് അല്ലാഹു വിശ്വാസപരമായി നിങ്ങളിൽ നിന്നും കാംക്ഷിക്കുന്നത്. കാരണം, ഒരു സേവകൻ (ഖാദിം) തന്റെ യജമാനനി (മഖ്ദും) ൽ നിന്നും വേറിട്ടു നിൽക്കുന്നില്ല. അതേപ്രകാരം ശാഖ തായ്വേരിൽ നിന്നും അകന്നു നിൽക്കുന്നില്ല. അതുകൊണ്ട് പരിപൂർണ്ണമായും തന്റെ യജമാനനിൽ അർപ്പണം ചെയ്തതിന്റെ ഫലമായി അല്ലാഹുവിൽനിന്നും നബിയെന്ന പദവി ലഭിക്കുന്നത് റസൂൽ തിരുമേനി(സ)യുടെ ഖത്മുന്നുബുവ്വത്തിൽ ഒരു വിഘ്നവും വരുത്തുന്നില്ല. നിങ്ങൾ ഒരു ദർപ്പണത്തിൽ നിങ്ങളുടെ രൂപം കാണുമ്പോൾ നിങ്ങൾ രണ്ടായിത്തീരുന്നില്ല. പ്രത്യക്ഷത്തിൽ രണ്ടായിത്തോന്നുന്നുവെങ്കിലും യഥാർത്ഥത്തിൽ ഒന്നുതന്നെയാണ്. മൂലവും പ്രതിച്ഛായയും (പ്രതിരൂപവും) തമ്മിലുള്ള അന്തരം മാത്രമെ ഉണ്ടാകുന്നുള്ളൂ. അല്ലാഹു വാഗ്ദത്തമസീഹിൽ ഇച്ഛിക്കുന്നതും അതുതന്നെയാണ്.'



# പുരാതനകാലത്തെ ശിലാനിർമിതികൾ

ഫസൽ അഹ്മദ്

ലണ്ടനിലെ വിറ്റ്ഷയറിലെ നിമ്നോന്നത തലങ്ങളിൽ കരിങ്കൽ അത്താണികളെ അനുസ്മരിപ്പിക്കുന്ന, ദീർഘചതുരാകൃതിയിൽ രൂപ്പെടുത്തിയ ഭീമാകാരങ്ങളായ ശിലാസ്തംഭങ്ങൾ ക്രമീകരിച്ചു വെച്ചിരിക്കുന്നത് കാണാം. അവ ആരോ ബോധപൂർവ്വമായി സോദ്ദേശം ക്രമീകരിച്ച ശിലകളാണെന്ന് ഒറ്റ നോട്ടത്തിൽ തന്നെ വ്യക്തമാകുന്നു. പ്രപഞ്ചത്തെക്കുറിച്ചും ശാസ്ത്രത്തെക്കുറിച്ചും പുരാതനകാലത്തെ ജനങ്ങൾക്കുണ്ടായിരുന്ന ഗ്രാഹ്യതയുടെ നിലവാരവും വ്യാപ്തിയും എന്തായിരുന്നുവെന്ന് ആരു കണ്ടു?

വിശുദ്ധ ഖുർആനിൽ നാം ഇങ്ങനെ വായിക്കുന്നു. "എല്ലാ സമുദായത്തിലും നാം ഓരോ ദൂതൻമാരെ നിയോഗിച്ചിട്ടുണ്ട്. നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുക, ദുശ്ശക്തികളെ വർജ്ജിക്കുക (എന്നായിരുന്നു അവരുടെ പ്രബോധനം.)" എന്നിട്ട് അല്ലാഹു നേർമാർഗത്തിൽ നയിച്ച ചിലർ അവരിൽ ഉണ്ടായിരുന്നു. ദുർമാർഗദോഷത്തിന് വിധേയരായ ചിലരും അവരിൽ ഉണ്ടായിരുന്നു. അതിനാൽ നിങ്ങൾ ഭൂമിയിൽ സഞ്ചരിച്ച് (പ്രവാചകന്മാരെ) നിഷേധിച്ചവരുടെ പരിണാമം എന്തായിരുന്നുവെന്ന് നോക്കുക". (16:37)

ലോകത്തിലെ സകലസമുദായങ്ങളിലും വംശങ്ങളിലും സന്ദേശവാഹകന്മാരെ (പ്രവാചകന്മാരെ) അയച്ചിരുന്നുവെന്ന് വിശുദ്ധ ഖുർആൻ പറയുന്നു. പക്ഷേ മദ്ധ്യപൂർവ്വ ദേശത്തും ഏഷ്യയിലും വന്ന പ്രവാചകന്മാരെക്കുറിച്ച് മാത്രമേ മതഗ്രന്ഥങ്ങൾ പ്രതിപാദിക്കുന്നുള്ളൂ.

പ്രവാചകന്മാരും ദൈവികവെളിപാടുകളും ബ്രിട്ടീഷ് ജനതയിലും തീർച്ചയായും വന്നിട്ടുണ്ടായിരിക്കണം. പക്ഷേ റോമക്കാരും ഫ്രഞ്ചുകാരുമായുള്ള ബന്ധത്തിലൂടെ ബ്രിട്ടന്റെ തീരങ്ങളിൽ ക്രിസ്തുമതം കാല് കുത്തിയത് മുതൽക്കുള്ള വിശ്വാസയോഗ്യമായ രേഖകൾ മാത്രമേ ഇന്ന് നമ്മുടെ പക്കൽ ഉള്ളൂ. ക്രിസ്തുമതാവിർഭാവത്തിന് മുമ്പ് ബ്രിട്ടീഷ് ജനതയുടെ മതചരിത്രത്തെക്കുറിച്ചും ലോകത്ത് മതം ആവിർഭവിച്ചത് എന്നായിരുന്നു എന്നുമുള്ള കാര്യങ്ങൾ പുരാവസ്തു ശാസ്ത്രത്തിന്റെയും മറ്റു ചരിത്ര പഠനങ്ങളുടേയും വെളിച്ചത്തിൽ മാത്രമേവ്യക്തമാവൂ.

## എന്താണ് ശിലാ ക്രമീകരണങ്ങൾ?

ഭീമാകാരങ്ങളായ ശിലകളുടെ ക്രമീകരണങ്ങളും അവയുടെ ആനുപാതിക വലിപ്പവും ഒരു യാദൃച്ഛിക ദൃഷ്ടാവിനെ അമ്പരപ്പിക്കുന്ന തരത്തിലുള്ളതാണ്. വൃത്താകൃതിയിൽ അൽപം ഉയർന്ന് നിൽക്കുന്ന അങ്കണത്തിന്റെ മദ്ധ്യത്തിൽ കുതിരലാടത്തിന്റെ ആകൃതിയിൽ ക്രമീകരിച്ചിരിക്കുന്ന ഭീമാകാരമായ കല്ല് പ്രത്യേകം ശ്രദ്ധേയമാണ്. ഒരു തിട്ടക്ക് ചുറ്റും വൃത്താകൃതിയിൽ അലങ്കാര സുഷിരങ്ങൾ എന്നറിയപ്പെടുന്ന 56 ദ്വാരങ്ങളുണ്ട്. സമയമളക്കുന്നതിനും പരിവൃത്തികൾ രേഖപ്പെടുത്തുന്നതിനും വേണ്ടി ഈ ദ്വാരങ്ങളിൽ വലിയ കുഴക്കോലുകൾ നാട്ടിയിരുന്നിരിക്കാം. ബ്രിട്ടനിൽ പലയിടങ്ങളിലും കാണുന്ന ഈ ശിലാ ക്രമീകരണങ്ങളിലെ പ്രശസ്തമായ ശിലാവൃത്തമാണിത്.

ശിലാവൃത്തങ്ങളെക്കുറിച്ചുള്ള പഠിതാക്കളിൽ പ്രമുഖൻ രണ്ട് നൂറ്റാണ്ടുകൾക്ക് മുമ്പ് ജീവിച്ചിരുന്ന വില്യം സ്റ്റൻക്ലിയായിരുന്നു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ അവിഘ്നവും പവിത്രവുമായ ഒരു പമ്പരാഗത പൗരാണികാചാരം എന്നതിൽ കവിഞ്ഞ് അതിന്റെ സ്ഥാപകരെക്കുറിച്ച് യാതൊരു രേഖയും ലഭ്യമല്ല. (ചരിത്രാതീത ശിലാവൃത്തങ്ങൾ A.Burl 1988)

മതപരമോ അല്ലാത്തതോ ആയ പവിത്ര ആചാരകർമ്മങ്ങളോട് ബന്ധപ്പെട്ട സ്ഥലങ്ങളായിരുന്നു ഇവ. ഇപ്പോഴും ഈ സ്ഥലങ്ങളിൽ വിഗ്രഹാരാധകരുടെ ആചാരമുറകൾ നടക്കുന്നുണ്ട്. പൗരാണിക ആര്യവർഗ്ഗക്കാരുടെ

പുരോഹിതന്മാർ ഇവിടങ്ങളിൽ ആരാധന നടത്തിവരുന്നു. ഡ്രൂയിഡ്സ് എന്നറിയപ്പെടുന്ന ഈ പുരോഹിതവർഗ്ഗക്കാർ അവരുടെ ആരാധനാലയങ്ങൾ ബ്രിട്ടനിലൂടെ കടന്ന് പോകുന്ന കാന്തികമണ്ഡലരേഖയിൽ സ്ഥാപിച്ചിരിക്കുന്നതായി ചില പണ്ഢിതന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. മനുഷ്യമനസ്സിനെക്കുറിച്ചുള്ള നമ്മുടെ ജ്ഞാനം ഇന്നും വളരെ പരിമിതമാണ്. എന്നാലും ഈ സിദ്ധാന്തം അത്ര സർവ്വാംഗീകൃതമല്ല.

## ശിലാവൃത്തങ്ങളുടെ കാലഘട്ടം

ശിലാവൃത്തങ്ങളുടെ കാലഘട്ടങ്ങളിൽ നടന്നിരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയായിരുന്നുവെന്ന് നോക്കുന്നത് രസാവഹമായിരിക്കും. ഇംഗ്ലണ്ടിൽ ഇത് സ്ഥാപിതമായ ഏറെക്കുറെ അതേ കാലത്ത് തന്നെ ബ്രിട്ടന്റെ മറ്റ് ഭാഗങ്ങളിലും ഇത്തരം ശിലാവൃത്തങ്ങൾ സ്ഥാപിക്കപ്പെട്ടതായി കാണുന്നുണ്ട്. ഇതിന്റെ സ്ഥാപകർ ഇത്തരം ഘടനാവിന്യാസങ്ങൾക്ക് വളരെ പ്രാധാന്യം കൽപിച്ചിരുന്ന ഒരു പ്രത്യേക സംസ്കാരത്തിന്റെ ഉടമകളായിരുന്നുവെന്നാണ് ഇത് സൂചിപ്പിക്കുന്നത്.

ഈജിപ്തിൽ പിരമിഡുകൾ നിർമ്മിക്കപ്പെട്ടതും, പാക്കിസ്ഥാനിൽ മോഹൻജെദാരോ പട്ടണം നിർമ്മിക്കപ്പെട്ടതും, ക്രീറ്റിൽ മിനോവ സംസ്കാരവും ഗ്രീസിൽ ഹെല്ലനിക് സംസ്കാരം ഉടലെടുത്തതും ഇബ്റാഹിംനബി(അ)യുടെ ജന്മദേശമായ ഉർ എന്ന നാട്ടിൽ മെസപെട്ടോമിയ സംസ്കാരം ഉടലെടുത്തതും ഇതേ കാലത്തുതന്നെയായിരുന്നു. തുടർന്നുള്ള രണ്ടായിരം വർഷങ്ങളോളം ആദം, നൂഹ്, ഇബ്റാഹിം, മൂസ, കൺഫ്യൂഷിയസ്, ബുദ്ധൻ, കൃഷ്ണൻ, സോക്രട്ടീസ്, സരതുഷ്ട്ര എന്നിവർ ലോകസമൂഹങ്ങളിൽ ഏകദൈവപ്രബോധനങ്ങൾ നടത്തുകയുണ്ടായി. ഇവർ ഇന്ന് ലഭ്യമായ മതഗ്രന്ഥങ്ങളുമായി ബന്ധപ്പെട്ട പ്രവാചകന്മാരാണ്. ലോകത്തിലെ മറ്റുള്ള സമൂഹങ്ങളിൽ അയക്കപ്പെട്ട, വിശുദ്ധ ഖുർആനിലും മറ്റ് മതഗ്രന്ഥങ്ങളിലും രേഖപ്പെടുത്തപ്പെട്ടിട്ടില്ലാത്ത പ്രവാചകന്മാരുടെ പ്രബോധനങ്ങളെക്കുറിച്ച് അവർ പ്രാദേശിക ജനതകളിൽ വരുത്തിയ പരിണാമഫലങ്ങളിലൂടെ മാത്രമേ നമുക്ക് മനസ്സിലാക്കുവാൻ സാധിക്കുകയുള്ളൂ. താഴെ പറയുന്ന സാംസ്കാരിക മാറ്റങ്ങൾ ഇത് വ്യക്തമാക്കുന്നു.

പാലായന രൂപത്തിലുള്ള സംസ്കാരിക ബന്ധങ്ങളും, വ്യതിയാനങ്ങളും (മൂസയെ അനുഗമിച്ചുകൊണ്ട് ഇസ്രായേല്യർ ഈജിപ്തിൽ നിന്നും പലസ്തീനിലേക്ക് നടത്തിയ പുറപ്പാട്) ആരാധനാലയങ്ങളുടെയും ബലിപീഠങ്ങളുടെയും നിർമ്മിതി പോലുള്ള നഗരവികസന പ്രവർത്തനങ്ങൾ, സാഹിത്യ സമ്പത്തുകൾ (സുവിശേഷങ്ങൾ, ചുരുളുകൾ)എന്നിവ ദൈവിക സന്ദേശവാഹകന്മാരെ പിൻപറ്റിയതുകൊണ്ടുള്ള ചില സമൂഹങ്ങൾക്കുള്ള അടയാളങ്ങളാണ്. ഈ സംഭവങ്ങൾ രേഖപ്പെടുത്തപ്പെട്ട രീതി തികച്ചും ശരിയാവണമെന്നില്ല.

ഗ്രന്ഥങ്ങളുടെ അഭാവം കാരണം പ്രവാചകന്മാർ അവതരിപ്പിച്ചതായി യാതൊരുവിധ തെളിവുകളും രേഖകളും ലഭ്യമല്ലാത്ത പല നാടുകളുമുണ്ട്. എന്നാൽ ഇത്പോലുള്ള സ്മാരക ചിഹ്നങ്ങളും സ്ഥിര പ്രതിഷ്ഠകളും ശിലാ ശാസനകളും സങ്കല്പമാതൃകകളും സുസംഘടിതവും സമർത്ഥരും ആത്മീയപ്രചോദിതരുമായ ഒരു സമൂഹത്തെക്കുറിച്ചുള്ള തെളിവുകളാണ് പ്രദാനം ചെയ്യുന്നത്. മെക്സിക്കോയിലെ തിയോത്തിഹുവാക്കളിൽ സ്ഥാപിക്കപ്പെട്ട ആരാധനാലയങ്ങളും പിരമിഡുകളും, ഈജിപ്തിലെ പുരാതന പിരമിഡുകൾ, കാർനാക്കിലെ ക്ഷേത്രങ്ങൾ, ഗ്രീസ്, തുർക്കി പോലുള്ള മദ്ധ്യധരണ്യാഴി പ്രദേശങ്ങളിൽ കാണുന്ന ക്ഷേത്രങ്ങളും വിശുദ്ധ ദേവാലയങ്ങളും എന്നിവ ഇതിന്നുദാഹരണങ്ങളാണ്. ഇത് വെറുമൊരു സാധാരണ സംസ്കാരവളർച്ച മാത്രമായിരുന്നുവോ? ഇവ ഇതിഹാസ പുരാണങ്ങളിലൂടെ തലമുറകൾക്ക് കൈമാറപ്പെട്ട ഏതോ മതസന്ദേശങ്ങളിൽ നിന്നും പ്രചോദനം ഉൾക്കൊണ്ട് നിർമ്മിക്കപ്പെട്ടവയായിരിക്കാൻ വഴിയില്ലേ?

ശിലാവൃത്തത്തിന്റെ ഘടനയെക്കുറിച്ചും അതിന്റെ നിർമ്മാതാക്കളെക്കുറിച്ചും അക്കാലത്തെ ബ്രിട്ടനിലെ സംസ്കാര വളർച്ചയെക്കുറിച്ചും ഒരു അവലോകനം നടത്തുന്നത് പ്രയോജനകരമായിരിക്കും.

## സ്റ്റോൺ ഹെൻജുകളുടെ നിർമ്മിതി

മൂന്ന് ഘട്ടങ്ങളിലായി നിർമ്മിക്കപ്പെട്ടവയാണിത്.

**ഒന്നാം ഘട്ടം (2350–1900 ബി.സി.)**

വൃത്താകൃതിയിലുള്ള കുഴിയും തിട്ടയും നടപ്പാതയും അതിനുചുറ്റും വൃത്താകൃതിയിൽ കാണുന്ന 56 സുഷിരങ്ങളും ആദ്യഘട്ട നിർമ്മിതിയിൽപെടുന്നു. വൃത്താകൃതിയിലുള്ള കുഴിയുണ്ടാക്കാനെടുത്ത മണ്ണ്കൊണ്ടാണ് അതിന്റെ തിട്ട നിർമ്മിച്ചിരിക്കുന്നത്. ഇത് സ്ഥലം ഉയർത്തപ്പെട്ട പ്രതീതി ഉളവാക്കുന്നതോടൊപ്പം കുഴിക്ക് സംരക്ഷണം നൽകുകയും ചെയ്യുന്നു.

**രണ്ടാം ഘട്ടം (1900–1700 ബി.സി.)**

സൗത്ത് വെയ്ൽസിൽ നിന്നും ഭീമാകാരങ്ങളായ ശ്യാമശിലകൾ കൊണ്ടുവന്ന് രണ്ട് അകത്തള



വൃത്തത്തിൽ നിർമ്മിച്ചു. ഈ ശിലകൾ കൊണ്ടുവരാൻ ധാരാളം ആളുകളെ ഉപയോഗപ്പെടുത്തിയിട്ടുണ്ടാകും. ശിലകൾ സംവൺ നദിയിലൂടെ കൊണ്ടുവന്നതായിരിക്കാം. ഇതേ അവസ്ഥ തന്നെയാണ് ഈജിപ്തിലെ കാർനക്കിലും കാണപ്പെടുന്നത്. ചതുരാകൃതിയിൽ നീണ്ട്കൂർത്ത ഭീമാകാരങ്ങളായ ശിലകൾ അസ്വാനിൽ നിന്നും നൈൽ നദി വഴിയായിരുന്നു കർനക്കിൽ എത്തിച്ചത്.

**മൂന്നാം ഘട്ടം (1700–1350 ബി.സി.)**

കുതിരലാടത്തിന്റെ ആകൃതിയിലുള്ള സാർസെൻ ശിലകൾ മൽബറോയിൽ നിന്നും കൊണ്ടുവരപ്പെട്ടതാണ്.

ആയിരം വർഷത്തിനുശേഷം ജനങ്ങളിൽ വന്ന മാറ്റംമൂലം ഈ സ്ഥലത്തിന്റെ ഉപയോഗവും മാറിയിരിക്കണം. അലങ്കാരദ്വാരങ്ങളുടെ കണ്ടെത്തലുകളിൽ നിന്നും ഒരുതരം ഋതുപഞ്ചാംഗ ഗണനം ഇവിടെ നടന്നിരുന്നതായി അനുമാനിക്കാവുന്നതാണ്. ഈജിപ്തിലെ കർനക്കിലെ അമൂൺ ക്ഷേത്രത്തിലും ഇതേ വ്യവസ്ഥ നിലനിന്നിരുന്നതായി കാണുന്നുണ്ട്. അതിവിസ്തൃതമായ ഈ ക്ഷേത്രവും നിർമ്മാണ പൂർത്തീകരണത്തിനായി ആറ് വർഷങ്ങളോളം എടുത്തിരുന്നു. ആദ്യകാലങ്ങളിൽ ഈജിപ്തുകാരുടെ ഏക ദൈവത്തെയാണ് ഇവിടെ ആരാധിച്ചിരുന്നത്. ഈജിപ്ത് രാജവംശത്തിന്റെ അന്ത്യമായപ്പോഴേക്കും അന്യസംസ്കാരങ്ങളിൽ നിന്നും കടമെടുത്ത ദൈവങ്ങളേയും ഫറോവമാരെ തന്നെയും ആരാധിച്ചുകൊണ്ടുള്ള ബഹുദൈവാരാധനയായി ഇത് മാറി. ശിലാവൃത്തകേന്ദ്രങ്ങളും വിവിധ ആരാധനാ സമ്പ്രദായങ്ങൾക്ക് വിധേയമാക്കപ്പെട്ടിരുന്നു എന്ന് അനുമാനിക്കാവുന്നതാണ്.

## ബ്രിത്തോനിക്ക് വംശക്കാർ

സ്റ്റോൺ ഹെൻജ് എന്നറിയപ്പെടുന്ന ഈ ശിലാവൃത്തകേന്ദ്രങ്ങൾ പണിത കാലഘട്ടത്തിൽ ബ്രിത്തോനിക്ക് വംശക്കാരുടെ സ്ഥിതി എന്തായിരുന്നുവെന്ന് നോക്കാം. ഇതിന്റെ നിർമ്മാതാക്കളായ ബ്രിത്തോനിക്ക് വംശജർ അയർലന്റുമായും യൂറോപ്പ് വൻകരയുമായും ബന്ധം പുലർത്തിയിരുന്ന കർഷക സമൂഹമായിരുന്നു. അവർ കല്ലുകൊണ്ടും മൃഗങ്ങളുടെ അസ്ഥികൾ കൊണ്ടും ഉണ്ടാക്കിയ ആയുധങ്ങളായിരുന്നു ഉപയോഗിച്ചത്.

ബ്രിട്ടനിൽ കാണുന്ന ഈ ശിലാവൃത്തകേന്ദ്രങ്ങൾക്ക് അക്കാലത്തെ കർഷകസമൂഹവുമായി മതപരമോ വൈദികാചാരപരമോ ആയ ബന്ധം ഉണ്ടായിരുന്നുവെന്നാണ് സൂചിപ്പിക്കപ്പെടുന്നത്. ബ്രിത്തോണിയക്കാരുടെ മതം മദ്ധ്യപൂർവ്വദേശങ്ങളിലെ മതങ്ങളെപ്പോലെ ഉന്നതമായിരുന്നില്ലെങ്കിലും പ്രകൃതിയിലെ അജ്ഞാത ശക്തികളെക്കുറിച്ചുള്ള ബോധവും ആകാശ ഉപരിമണ്ഡലത്തെക്കുറിച്ചുള്ള ഭീതിയും അവർക്കുണ്ടായിരുന്നുവെന്ന് കരുതപ്പെടുന്നു.

മതം മനുഷ്യനെ സ്വാധീനിക്കാനാരംഭിച്ചതിന് ഏകദേശം ആയിരം വർഷങ്ങൾക്ക് മുമ്പ് തന്നെ നായാട്ടിൽ ഏർപ്പെടുന്നതിന് പകരം ഗ്രാമീണ സമൂഹവൽക്കരണം ആരംഭിച്ചിരുന്നുവെന്നത് പ്രത്യേകം ശ്രദ്ധേയമാണ്. ഈ ശിലാവൃത്തകേന്ദ്രങ്ങളുടെ നിർമ്മിതിതന്നെ ഉന്നതമായ ഉദ്ദേശ്യലക്ഷ്യങ്ങളോട് കൂടിയ സാമൂഹ്യ പ്രവർത്തനങ്ങളുടെ അവിതർക്കിതമായ തെളിവുകളാണ്.

ഇതിന്റെ നിർമ്മാതാക്കൾ മൃതിയടഞ്ഞവരെ ഈ സ്ഥലത്തിനടുത്താണ് മറവ് ചെയ്തിരുന്നത്. മരണാനന്തര ജീവിതത്തെ സംബന്ധിച്ച അവരുടെ ധാരണ എന്തെന്ന് വ്യക്തമല്ല. ബ്രിത്തോണിയക്കാർ ജീവിത മരണങ്ങളെ മതവുമായും പ്രപഞ്ചത്തിന് പിറകിലെ ദൃശ്യവും അദൃശ്യവുമായ

ശക്തികളുമായും ബന്ധിപ്പിച്ചിരുന്നു. ജ്യോതിഷവുമായി ബന്ധപ്പെട്ട വിശ്വാസവും അവർക്കുണ്ടായിരുന്നു.

## സ്റ്റോൺ ഹെൻജുകളുടെ പ്രാധാന്യം

ശിലാവൃത്ത കേന്ദ്രങ്ങളിലെ ശിലകളെക്കുറിച്ചും ശിലകളുടെ വിവിധതരത്തിലുള്ള വിന്യാസങ്ങളെക്കുറിച്ചും ധാരാളം ഗവേഷണങ്ങൾ നടന്നിട്ടുണ്ട്. അടുത്ത കാലത്ത് നടന്ന ഗവേഷണങ്ങളിൽ ഈ ശിലാവിന്യാസങ്ങൾക്ക് വർഷം തോറും ജനങ്ങൾ പ്രകൃതിയിൽ നിരീക്ഷിക്കുന്ന സുപ്രധാന സംഭവങ്ങളുമായി ബന്ധമുണ്ടെന്ന് കണ്ടെത്തിയിരിക്കുന്നു. ഉദാഹരണത്തിന് ഒരു വർഷത്തിൽ ചില കാലങ്ങളിൽ നീണ്ട പകലുകളും മറ്റ് ചില കാലങ്ങളിൽ ദൈർഘ്യം കുറഞ്ഞ പകലുകളും ഉണ്ടാവുന്നതായും ഇത് ഒരു പ്രത്യേക ദിവസത്തിന് ശേഷമാണ് സംഭവിച്ച് തുടങ്ങുന്നതെന്നും അവർ മനസ്സിലാക്കിയിട്ടുണ്ട്. ഈ പ്രത്യേക ദിവസത്തിന് അയനം എന്നാണ് പറയുന്നത്. ഉത്തരായന–(കർക്കിട സംക്രാന്തി –ജൂൺ 21) ദക്ഷിണായന (മകരസംക്രാന്തി–ഡിസംബർ 21 ന്) അവസാനദിനങ്ങൾ അവർ കണക്കാക്കി. ഉത്തരായനത്തിനു ശേഷം പകൽ കുറയുകയും ദക്ഷിണായനത്തിനുശേഷം പകലിന് ദൈർഘ്യം കൂടുകയും ചെയ്യുന്നു.

യൂറോപ്പിലെ മതസമൂഹങ്ങൾക്ക് അയനാവസാനം വളരെ പ്രധാനപ്പെട്ടതായിരുന്നു. ഗ്രീക്ക്, റോമൻ, ക്രീറ്റ്, ഈജിപ്ത് സംസ്കാരങ്ങൾ ദേവീദേവന്മാരുടെ സമൂഹഗണങ്ങൾ ഉണ്ടാക്കി അയനദിവസങ്ങളിൽ ആഘോഷിക്കാറുണ്ടായിരുന്നു. റോമക്കാർ സൂര്യദേവ ആഘോഷങ്ങൾ നടത്തുന്നത് ദക്ഷിണായനാവസാനത്തിലാണ്. ഡിസംബർ 21 നു ശേഷം ക്രിസ്തുവിന്റെ ജന്മദിനമായി ക്രിസ്ത്യാനികൾ കൊണ്ടാടുന്നതും ഇതേ സമയത്ത് തന്നെയാണ്.

ഇതിന്റെ നിർമ്മാതാക്കൾ ഒരു വർഷത്തിൽ സൂര്യോദയവും അസ്തമയവും ചക്രവാളത്തിൽ ഭിന്ന സ്ഥലങ്ങളിലാണ് കാണപ്പെടുന്നതെന്ന് ശ്രദ്ധിച്ചിരിക്കാം. എന്നാൽ മദ്ധ്യശിശിരത്തിൽ ഒരു പ്രത്യേക ദിവസത്തിന് ശേഷം സൂര്യോദയസ്ഥാനം മാറിവരുന്നതായി കാണുന്നു. ഈ സ്ഥാനം അവർ ശിലകളിൽ അടയാളപ്പെടുത്തിയിരിക്കാൻ സാധ്യതയുണ്ട്. ഈ ശിലാ വൃത്തകേന്ദ്രങ്ങൾ ചരിത്രാതീത കാലത്തെ ഋതുമാറ്റ പ്രവചനങ്ങൾക്കുള്ള കലണ്ടറായും ഉപയോഗിച്ചിരിക്കാനിടയുണ്ട്.

ഋതുക്കളെക്കുറിച്ചും ജ്യോതിർഗോളങ്ങളെക്കുറിച്ചുമുള്ള അറിവിന് മതപരമായി ബന്ധമുണ്ടായിരുന്നതായി വ്യക്തമല്ല. എന്നാൽ കർഷകസമൂഹങ്ങൾക്ക് വേണ്ടി ഋതുപ്രവചനം നടത്തുന്ന ഒരാൾക്ക്, അമേരിക്കയിലും ആഫ്രിക്കയിലും ആദിവാസികൾക്കിടയിൽ മന്ത്രവാദമുഖ്യനെന്ന സ്ഥാനവും ബഹുമതിയും ആദരവും ലഭിക്കുമായിരുന്നു.

ഈ ശിലാവൃത്തകേന്ദ്രം ഒരു ഒറ്റപ്പെട്ട സമുച്ചയമായിരുന്നുവെങ്കിൽ അത് ബ്രിത്തോണിയക്കാരുടെ ശില്പവിദ്യാ വൈദഗ്ധ്യമാണെന്ന് പറയാമായിരുന്നു. എന്നാൽ ഇത്തരം കേന്ദ്രങ്ങൾ ബ്രിട്ടനിൽ പലയിടങ്ങളിലും ധാരാളമായി കണ്ടുവരുന്നത് കാരണം അവർക്ക് അജ്ഞാതവും നിഗൂഢവുമായ ഒരു ഉദ്ദേശ്യമുണ്ടായിരുന്നുവെന്ന് അനുമാനിക്കാവുന്നതാണ്.

ശിലാസ്തൂപ ക്രമീകരണങ്ങളിലേക്ക് നയിക്കുന്ന ഒരു പ്രത്യേക നടപ്പാത ഉണ്ടായിരുന്നതായി ആദ്യമായി കണ്ടെത്തിയത് 1723 ൽ സ്റ്റക്ലിയായിരുന്നു. ഈ വഴി ഒരു പക്ഷേ വൈദികാചാര സംബന്ധമായ വസ്തുക്കൾ ഘോഷയാത്രയായി കൊണ്ട് പോവാനുള്ള വഴിയായിരിക്കാം.

## സംഗ്രഹം

ശിലാസ്തൂപ നിർമ്മിതികളുടെ ഉദ്ദേശ്യങ്ങളെക്കുറിച്ചുള്ള പൂർണ്ണമായ അറിവ് ഇന്നും അജ്ഞാതമാണ്. അന്വേഷിക്കുംതോറും കൂടുതൽ കൂടുതൽ ഉദ്ദേശ്യങ്ങൾ കണ്ടെത്താവുന്നതാണ്. ഇത്രയും ഭീമാകാരങ്ങളായ ശിലാസ്തൂപങ്ങൾ നാട്ടിന്റെ ഒരറ്റം മുതൽ മറ്റെ അറ്റം വരെ നിർമ്മിച്ചത് എന്തിന് വേണ്ടിയായിരുന്നു? ഈജിപ്തുകാർ പിരമിഡുകൾ നിർമ്മിക്കുവാൻ എന്തിനിത്ര പ്രയാസങ്ങൾ സഹിച്ചു? ഇവ കേവലം ശവക്കല്ലറകളായി ഉപയോഗിക്കുവാൻ മാത്രമായിരുന്നുവെങ്കിൽ ഇത്രയും കഠിനാദ്ധ്വാനങ്ങൾക്കും പ്രയാസങ്ങൾക്കും പിന്നിൽ എന്ത് യുക്തിയാണുള്ളത്?

അക്കാലത്തെ ജനങ്ങൾക്ക് തീർച്ചയായും വലിയ ഉദ്ദേശ്യലക്ഷ്യങ്ങൾ ഉണ്ടായിരുന്നിരിക്കാം. മെക്സിക്കോയിലെ തിയോറ്റിഹുപാക്കയിൽ സൂര്യചന്ദ്രാദികളുടെ പിരമിഡുകൾ പണിതതിലും ഈ കൊടും പ്രയത്നങ്ങൾ ദർശിക്കാനുണ്ട്. അവരുടെ മതം ഈ ഭീമാകാരങ്ങളായ ഘടനകളുമായി ബന്ധപ്പെട്ടതുമാണ്.

ഈ ശിലാവൃത്ത കേന്ദ്രങ്ങളെക്കുറിച്ച് ഗവേഷണം നടത്തിയ ശാസ്ത്രജ്ഞന്മാർ ഇവക്ക് നൽകിയ ജ്യോതിശാസ്ത്രപരമായ ഉദ്ദേശ്യങ്ങളോട് വ്യക്തിപരമായി ഞാൻ യോജിക്കുന്നില്ല. ഇത്രയേറെ ഉദ്ദേശ്യ ലക്ഷ്യങ്ങളും സവിശേഷതയും ഇവക്കുണ്ട് എന്നത് ആകസ്മികത മാത്രമായിരിക്കാം. ഈ കേന്ദ്രങ്ങൾ ഉപയോ

ഗപ്പെടുത്തുന്നവർക്ക് അത് കൊണ്ട് എന്ത് നേട്ടം? ഇതു കൊണ്ട് ഗ്രാമീണ കർഷകർക്ക് ഋതുക്കൾ അളന്ന് കണക്കാക്കു വാൻ കഴിഞ്ഞിരിക്കാം. എന്നാൽ സൂര്യചന്ദ്രാദികൾക്ക് അതിലുമു പരി ദിവ്യമായ ഉദ്ദേശ്യലക്ഷ്യങ്ങ ളുണ്ടെന്നാണ് വിശുദ്ധ ഖുർആൻ പറയുന്നത്.

“അല്ലാഹു രാവിനെ പകലിലും പകലിനെ രാവിലും ലയിപ്പിക്കു ന്നതും സൂര്യനേയും ചന്ദ്രനേയും അധീനപ്പെടുത്തിയിരിക്കുന്നതും നീ കണ്ടില്ലേ?. അവയിലോ രോന്നും നിശ്ചിത അവധിവരെ നട ന്നുകൊണ്ടിരിക്കുന്നു. നിങ്ങൾ പ്രവർത്തിക്കുന്നതിനെക്കുറിച്ച് അല്ലാഹു സൂക്ഷ്മജ്ഞനാകു ന്നു.(31:30)”

ഈ ശിലാ കേന്ദ്ര നിർമ്മിതി യുടെ കാലത്തെ ജനങ്ങൾക്ക് ആകാശഗോളങ്ങളുടെ വിന്യാസക്രമത്തെക്കുറിച്ച് നല്ല ബോധമുണ്ടായിരുന്നു. അതവർ ഉപയോഗപ്പെടുത്തിയിരിക്കാം. സൂര്യചന്ദ്രാദികളുടെ വിവിധ ദശ കളെക്കുറിച്ചുള്ള അറിവുകൾക്ക പ്പുറം, മറ്റ് എന്തെല്ലാമോ കഴിവു കൾ ചരിത്രാതീത മനുഷ്യർക്ക് ഉണ്ടായിരുന്നതായി നാം ഊഹിച്ച് കണക്കാക്കുകയാണ്.

കാലത്തിന്റെ ഏതെങ്കിലു മൊരു ഘട്ടത്തിൽ ദൈവത്തെക്കു റിച്ചും ഭൂമിയെക്കുറിച്ചും പ്രപഞ്ച ത്തെക്കുറിച്ചും മനുഷ്യാവസ്ഥയെ ക്കുറിച്ചും മനുഷ്യധർമ്മത്തെക്കു റിച്ചും വിശദീകരിക്കുന്ന ദൈവദൂ തൻമാർ ഓരോ ഗോത്രത്തിലും വന്നിട്ടുണ്ടായിരിക്കാം. മതത്തെ ക്കുറിച്ച് പൂർണ്ണമായും മനസ്സിലാ ക്കിയ, തന്റെ നാഥനുമായി സംവ ദിക്കുവാനുള്ള കഴിവും ശക്തിയു മാർജ്ജിച്ച ഓരോ സമൂഹത്തി ന്റെയും ആദ്യപ്രവാചകനായി രുന്നു ആദം. ആദമിനെക്കുറി ച്ചുള്ള ഇസ്ലാമിക സങ്കല്പം അതാണ്. ആദം (അ) ആദ്ധ്യാ ത്മിക ബോധവൽക്കരണം നട ത്തിയിരുന്നു. ലോകത്തിലെ ഓരോ സമൂഹത്തിലും അവത രിച്ച ആദമുകളുടെ കാലഘട്ടത്തെ ക്കുറിച്ച് സൂചനകളുടെ അടിസ്ഥാ നത്തിൽ ഗവേഷണങ്ങൾ നടത്തി തിട്ടപ്പെടുത്തുക എന്നത് വളരെ പ്രയാസകരമായ കാര്യമാണ്.

2000 ബി.സി. യിൽ ലോകമെ മ്പാടുമുള്ള ജനങ്ങളിൽ ദൃശ്യ മായ ഒരു പ്രത്യേകതരം നിർമ്മാണ പ്രവർത്തനങ്ങളുടെ വ്യഗ്രത ഉണ്ടായിരുന്നുവെന്ന് മാത്രമേ നമുക്ക് പറയാൻ സാധി ക്കുകയുള്ളൂ. ഈ നിർമ്മിതിക ളുടെ ആകാരവും സങ്കീർണ്ണത യും പ്രകൃതവും ഒരു പൊതു താൽപര്യാധിഷ്ടിത സുസംഘ ടിത സമൂഹത്തിന്റെ നേരെയാണ് വിരൽ ചൂണ്ടുന്നത്. അവർ മതപ രമായി ഉത്തേജിതരായിരിക്കാം. അങ്ങനെയല്ലായിരുന്നെങ്കിൽ ശത ക്കണക്കിനാളുകൾ ഭീമാകാരങ്ങ ളായ ശിലകൾ നാടിന്റെ ഒരറ്റം മുതൽ മറ്റേയറ്റം വരെ നൂറുകണ ക്കിന് നാഴിക ദൂരത്തോളം ചുമന്ന് എത്തിക്കുവാൻ എന്തിന് ഇത്ര യേറെ ശക്തി ദുർവ്യയം ചെയ്തു?

ഈ ഘടനകൾ പുരാവസ്തു മൂല്യമുള്ളതും അത് നിർമ്മിച്ച ജന ങ്ങളിലേക്ക് നമ്മെ നയിക്കുവാനു മുള്ള ദൈവികപദ്ധതിയുടെ ഭാഗ വുമായിരിക്കാം. ഈ ശിലാ നിർമ്മിതികൾക്ക് മതപരമായ വല്ല പ്രാധാന്യവുമുണ്ടോ അതല്ല, അത് ബ്രിട്ടന്റെ പുരാതന സമൂഹ ത്തിലെ നാഗരികമായ ഒരു നിർമ്മിതി മാത്രമായിരുന്നുവോ എന്ന് നിർണ്ണയിക്കുവാൻ നാം ഇനിയും അവയെക്കുറിച്ച് പഠി ക്കേണ്ടിയിരിക്കുന്നു.

വിവ: കെ.വി. ഈസക്കോയ

## ചരിത്രപഠനം വിശുദ്ധ ഖുർആനിൽ


ഇവർ ഭൂമിയിൽ സഞ്ചരിച്ചിട്ടില്ലേ?. എങ്കിൽ ഇവർക്കുമുമ്പുണ്ടായിരുന്നവരുടെ അന്ത്യം എങ്ങനെയായിരുന്നുവെന്ന് ഇവർക്ക് നോക്കിക്കാണാമായിരുന്നു. അവർ ശക്തിയിലും ഭൂമിയിൽ അവർ വിട്ടുപോയ അടയാളങ്ങളിലും ഇവരെക്കാൾ പ്രബലരായിരുന്നു. പക്ഷെ, അവരുടെ പാപങ്ങൾ നിമിത്തം അല്ലാഹു അവരെ പിടികൂടി. എന്നാൽ അല്ലാഹുവിനെതിരിൽ അവർക്കൊരു രക്ഷകനുമുണ്ടായിരുന്നില്ല.

(വി.ഖു. 40:22)

ലേഖനം

# തമോഗർത്തങ്ങളുടെ അദ്ഭുതലോകം

എം. മുബാറക്ക് അഹ്മദ്



പ്രപഞ്ചത്തെപ്പറ്റി പഠിക്കുന്നവർ അതീവ വിസ്മയത്തോടുകൂടി വീക്ഷിച്ചുകൊണ്ടിരിക്കുന്ന ഒരു അദൃശ്യ യാഥാർത്ഥ്യ പ്രതിഭാസമാണ് തമോഗർത്തങ്ങൾ.

നക്ഷത്രം അതിന്റെ പരിണാമദശയുടെ അന്ത്യഘട്ടത്തിലെത്തുമ്പോൾ അതിനു ചില രൂപമാറ്റങ്ങൾ സംഭവിക്കും. നക്ഷത്രത്തിന്റെ ഉൾകാമ്പിലെ ഹൈഡ്രജൻ മുഴുവനും കത്തിത്തീരുന്നതോടെ നക്ഷത്രത്തെ വികസിപ്പിച്ചു നിർത്തുന്ന വികരണമർദം ഇല്ലാതാവുകയും ഉൾഭാഗം ഗുരുത്വബലത്താൽ സങ്കോചിക്കുകയും ചെയ്യും. അപ്പോൾ പുറത്തുവിടുന്ന ഊർജ്ജം മൂലം ഉള്ളിൽ താപനില വളരെയധികം വർദ്ധിക്കും. ഉൾക്കാമ്പിലെ ജ്വലനം നിന്നിട്ടും അവിടെ താപനില ഉയരുന്ന ഒരവസ്ഥ. അപ്പോൾ അതുവരെ കത്താതിരുന്ന പുറം അടരുകളിലെ ഹൈഡ്രജൻ കത്തുവാൻ തുടങ്ങുന്നു. ഈ സമയത്താണ് നക്ഷത്രത്തിന്റെ പുറം അടരുകൾ പുറത്തേക്ക് വ്യാപിച്ചു വലുതായിമാറുന്നത്. ഈ ദശയിൽ നക്ഷത്രത്തിന്റെ വലിപ്പം സൂര്യനേക്കാൾ രണ്ടായിരം മടങ്ങോ അതിൽ കൂടുതലോ ഉണ്ടാവും. ഈ ഘട്ടം എത്തിയ നക്ഷത്രത്തെയാണ് **ചുവപ്പ് ഭീമൻ** എന്നു വിളിക്കുന്നത്. നമ്മുടെ ആകാശത്ത് തിരുവാതിര, വിറ, ആൽഡിബറാൻ തുടങ്ങിയ പല ചുവപ്പുഭീമൻമാരെയും കാണാം. (ഫെറക് ഓക്സൈഡിന്റെ സാന്നിധ്യംമൂലം ചുവപ്പു നിറത്തിൽ കാണുന്ന ചൊവ്വാഗ്രഹത്തെ ചെറിയ ചുവപ്പ് ഭീമനായി തെറ്റിദ്ധരിക്കരുത്.) ചുവപ്പ് ഭീമന്റെ പുറം പാളികളിലുണ്ടാവുന്ന സ്പന്ദനംമൂലം ഇവ ചരനക്ഷത്രങ്ങളായും വർത്തിക്കാറുണ്ട്.

നമ്മുടെ സൂര്യൻ 450 കോടി വർഷം കൂടി കഴിഞ്ഞ് ചുവപ്പുഭീമൻ ആകുന്നതാണ്. അപ്പോൾ അതിന്റെ പുറം പാളികൾ വികസിച്ച് ചൊവ്വാഗ്രഹത്തിനും അപ്പുറംവരെ എത്തിയിരിക്കും. അതിനുശേഷമാണ് നക്ഷത്രം സൂപ്പർനോവയായി ചിന്നിചിതറുന്നത്. പുറന്തോട് ഗ്രഹീയ നെബുലയായും ഉൾക്കാമ്പ് വെള്ളക്കുള്ളൻ, ന്യൂട്രോൺ നക്ഷത്രം,പൾസാർ, തമോഗർത്തം എന്നീ പരിണിതികൾക്ക് ശേഷം ഒടുവിൽ വൈചിത്ര ബിന്ദുവായിത്തീരും. കോടാനുകോടി വർഷങ്ങൾ എടുക്കുന്ന പരിണാമപ്രക്രിയയാണിത്.

## തമോഗർത്തങ്ങൾ


1783 ൽ ജോൺ മൈക്കിൾ ലണ്ടനിൽ അവതരിപ്പിച്ച ഒരു പ്രബന്ധത്തിൽ ഭീമൻ നക്ഷത്രങ്ങളുടെ അതിശക്തമായ ഗുരുത്വാകർഷണ ബലം പ്രകാശത്തിനുപോലും പുറത്തേക്കുവരാൻ കഴിയാത്തവിധം ശക്തമായിമാറും എന്നൊരാശയം ഉന്നയിക്കുകയുണ്ടായി. ഇക്കാരണത്താൽ നമുക്ക് ഇവയെ കാണാൻ കഴിയാതെ വരുന്നു എന്നും അഭിപ്രായപ്പെട്ടിരുന്നു. അതിനുശേഷം 'ദി സിസ്റ്റം

ഓഫ് ദ വേൾഡ്' എന്ന പുസ്തകത്തിൽ ഫ്രഞ്ച് ശാസ്ത്രജ്ഞനായ മാർക്സ് ഡിലോ പ്ലെയ്സും ഇക്കാര്യം പ്രസ്താവിച്ചിരുന്നു. എന്നാൽ പുസ്തകത്തിന്റെ മൂന്നാം പതിപ്പു മുതൽ ഇക്കാര്യം ഒഴിവാക്കപ്പെട്ടിരുന്നു. കാരണം ഇവർ രണ്ടുപേരും പറയുന്ന ആശയങ്ങൾ അന്നുള്ളവർ തീരെ കാര്യമായെടുത്തില്ല. അഥവാ അക്കാലത്തുള്ളവർക്ക് അത് ഗ്രഹിക്കുവാനുള്ള കഴിവുണ്ടായിരുന്നില്ല. അങ്ങനെ ഏതാണ്ട് രണ്ട് നൂറ്റാണ്ടുകാലം ആരും ശ്രദ്ധിക്കാതിരുന്ന ഈ ആശയത്തെ വീണ്ടും ഉയർത്തികൊണ്ടുവന്നത് 1939 ൽ റോബർട്ട് ഓപ്പൺ എന്ന അമേരിക്കൻ ശാസ്ത്രജ്ഞനായിരുന്നു. അദ്ദേഹത്തിന് ഈ പ്രതിഭാസത്തെ നിർവചിക്കുവാൻ കഴിഞ്ഞിരുന്നു. എങ്കിലും അക്കാലത്തെ ടെലസ്കോപ്പുകളെ കൊണ്ട് ഈ ആശയം സ്ഥിരീകരിക്കാൻ കഴിയാതെ വന്നു. മാത്രമല്ല രണ്ടാം ലോക മഹായുദ്ധത്തെ തുടർന്ന് ബോംബ് നിർമ്മാണത്തിലേക്ക് അദ്ദേഹം ശ്രദ്ധ തിരിച്ചു. തുടർന്ന് 1969 ൽ ജോൺ വീലർ എന്ന ശാസ്ത്രജ്ഞനാണ് ആദ്യമായി ഇതിന് ബ്ലാക്ക് ഹോൾ (തമോഗർത്തം) എന്ന പേരിട്ടത്. ഒരു നക്ഷത്രം തമോഗർത്തമാവുമ്പോൾ സംഭവിക്കുന്ന കാര്യമാണ് വിശുദ്ധ ഖുർആനിലെ 81–ാം അധ്യായത്തിലെ രണ്ടും മൂന്നും വചനങ്ങളിലൂടെ അല്ലാഹു അറിയിച്ചുതന്നിരിക്കുന്നത്.

***സൂര്യൻ ചുരുട്ടി മടക്കപ്പെടുമ്പോൾ (81:2)***

***നക്ഷത്രങ്ങൾ നിഷ്പ്രഭമാവുമ്പോൾ (81:3)***

സൂര്യനേക്കാൾ എത്രയോ മടങ്ങ് വലിപ്പമുള്ള ഒരു നക്ഷത്രം തമോഗർത്തമായി മാറുമ്പോൾ എന്തുമാത്രം ചുരുട്ടി മടക്കപ്പെടും എന്നറിയാൻ ഒരുദാഹരണം ഇതാണ്. ഭൂമി ചുരുട്ടിമടക്കി മുറുക്കി, വീണ്ടും ചുരുട്ടി മുറുക്കി അവസാനം ഒരു തമോഗർത്തമാവുകയാണെങ്കിൽ ഭൂമി ഒരു സെന്റീമീറ്റർ മാത്രം വലിപ്പമുള്ളതായി മാറും. അതായത് ഒരു തമോഗർത്തത്തിൽ നിന്നും ഒരു സ്പൂണിൽ അൽപം മാത്രം കോരി എടുത്താൽ അതിന്റെ ഭാരം നമ്മുടെ ഭൂമിയുടെ മുഴുവൻ ഭാരത്തിനും തുല്യമായിരിക്കും. ഒരു ഗ്രഹമായ ഭൂമി ഒരു കാലത്തും ഒരു തമോഗർത്തമായി മാറില്ല എന്നോർക്കുക.



നക്ഷത്രം തമോഗർത്തമാവുന്നതിന് തൊട്ടുമുമ്പുള്ള വെള്ളക്കുള്ളൻ ന്യൂട്രോൺ നക്ഷത്രം, പൾസാർ ഇവയിൽ നിന്നും സ്പൂണിൽ അല്പം കോരിയെടുത്താൽ അതിനും ഏതാണ്ട് ഇതിനടുത്ത ഭാരം ഉണ്ടാവും. തമോഗർത്തത്തിനുള്ളിലെ അത്യധികം തീവ്രമായ സാന്ദ്രതയും വിങ്ങിപ്പൊട്ടുന്ന ഞെരിഞ്ഞുമുറുങ്ങിയ അവസ്ഥയും ഇതിൽ നിന്ന് മനസ്സിലാക്കാം. പ്രകാശം ഉൾപ്പെടെ സർവ്വവസ്തുക്കളെയും വിഴുങ്ങുന്ന അഥവാ പ്രകാശത്തിനു പോലും രക്ഷപ്പെട്ടു പുറത്തുവരാൻ കഴിയാത്ത സ്ഥിതി. അതിനുള്ളിൽ എന്തു സംഭവിക്കുന്നു എന്ന് പുറംലോകത്തിന് അറിയാൻ സാധിക്കാത്ത ഒരു മേഖലയാണത്. നക്ഷത്രങ്ങളുടെ ഗുരുത്വാകർഷണ തകർച്ചയുടെ അന്ത്യഘട്ടത്തിലാണ് ഇങ്ങനെ സംഭവിക്കുന്നത്. അവിടെ സമയം പോലും അപ്രത്യക്ഷമാവുന്നു. എന്നുപറഞ്ഞാൽ നമ്മൾ തമോഗർത്തത്തിനുള്ളിൽ എങ്ങനെയോ ചെന്നുപെട്ടതായി കരുതുക. എന്നിട്ട് അവിടെ നിന്നൊരു വാഹനത്തിൽ അതിനുള്ളിലൂടെ വളരെ ദൂരം സഞ്ചരിച്ചിട്ട് നാം ഒന്നു തിരിഞ്ഞുനോക്കിയാൽ കാണുന്ന കാഴ്ച നമ്മൾ അപ്പോൾ തമോഗർത്തത്തിൽ ചെന്നിറങ്ങുന്ന രംഗമാണ്. വീണ്ടും തിരിച്ച് ഇറങ്ങിയേടത്തു വന്നു തിരിഞ്ഞുനോക്കിയാൽ വിദൂരതയിൽ നിൽക്കുന്നതായും കാണാം. സമയം ഇല്ലാത്ത ഒരു മേഖലയിൽ സംഭവിക്കുന്ന കാര്യങ്ങളുടെ സവിശേഷതയാണിത്. നാം സമയത്തോടൊപ്പം സഞ്ചരിച്ചാലും ഇതുതന്നെയാണ് സംഭവിക്കുക.

നമ്മുടെ നിത്യജീവിതത്തിൽ ഇഴഞ്ഞു നീങ്ങുന്ന നിമിഷത്തിന്റെ പ്രയാണവേഗത സെക്കന്റിൽ മൂന്നു ലക്ഷം കിലോമീറ്ററാണ്. അതായത് പ്രകാശത്തിന്റെ വേഗത. ഭൂമിയിൽ മനുഷ്യനുൾപ്പെടെ ഒരു ജീവിക്കും ഒരു വസ്തുവിനും ഈ വേഗത

ആർജ്ജിക്കുവാൻ കഴിയുകയില്ല. ഈ സമയവേഗതയിൽ സഞ്ചരിക്കുന്ന ഏതൊന്നിനും ഇന്നലെയോ നാളെയോ ഉണ്ടായിരിക്കുകയില്ല. മുമ്പും പിമ്പും ഇല്ല. എല്ലാം ഇപ്പോൾ നടക്കുന്നതായിരിക്കും. സകലസംഭവങ്ങളും നടക്കുന്നത് ഒരേ നിമിഷത്തിൽതന്നെ. രാവിലെ പത്തുമണിക്ക് ഒരാൾ സമയത്തോടൊപ്പം ഒന്നിച്ചു നിൽക്കുന്നതായും അങ്ങനെ തന്നെ തുടരുന്നതുമായാൽ എത്ര കാലം കഴിഞ്ഞാലും അയാൾ പത്തുമണിയിൽ തന്നെയായിരിക്കും. അയാൾക്ക് ഇന്നലെയോ ഉച്ചയോ നാളെയോ അതിനടുത്ത പ്രഭാതമോ ഒന്നും ഉണ്ടായിരിക്കുകയില്ല. പ്രായവും കടന്നുപോകില്ല. എല്ലാം ഇപ്പോൾ മാത്രം. അതായത് തമോഗർത്തത്തിന്റെ സംഭവ ചക്രവാളത്തിനപ്പുറം സംഭവിക്കുന്ന കാര്യങ്ങൾക്ക് സമയം ഇല്ലാത്ത അവസ്ഥ. ഇനി ഒരാൾ സമയത്തിന് അല്പം മുമ്പായി സഞ്ചരിക്കുന്നതായി സങ്കൽപിക്കുക, അപ്പോൾ അയാൾ ശൈശവത്തിലേക്കും അതിനപ്പുറത്തേക്കും തിരിച്ചുപോയിക്കൊണ്ടിരിക്കും. ഭൂമിയിൽ മനുഷ്യനോ മറ്റൊരു ജീവിയ്ക്കോ ഏതെങ്കിലും വസ്തുവിനോ ഇപ്രകാരം സമയത്തോടൊപ്പമോ അതിനപ്പുറമോ തൊട്ടു പിറകിലോ എത്തി നിൽക്കുവാൻ സാധ്യമല്ല തന്നെ.

## സംഭവ ചക്രവാളം

തമോഗർത്തത്തിനുള്ളിലെ വസ്തുക്കൾ രക്ഷപ്പെട്ടു പുറത്തേക്ക് വരാൻ കഴിയാത്ത അതിര് അല്ലെങ്കിൽ പുറത്തുള്ള വസ്തുക്കൾക്ക് ചെന്നുമടങ്ങുവാൻ സാധിക്കുന്ന പരിധിയെയാണ് സംഭവ ചക്രവാളം (Event horizon)എന്നു പറയുന്നത്. ഈ ചക്രവാളത്തിനു ചുറ്റുമായി പദാർത്ഥങ്ങൾ അടിഞ്ഞുകൂടി ഉണ്ടാവുന്നതാണ് ആർജിതതളിക.

നമ്മുടെ തലയ്ക്ക് മുകളിൽ നിന്നും ഏതു ദിശയിലേക്കും നോട്ടം 90 ഡിഗ്രി വരെ എത്തും. അവിടെവെച്ച് ആകാശവും ഭൂമിയും കൂട്ടിമുട്ടുന്നതുപോലെ തോന്നും. യഥാർത്ഥത്തിൽ അങ്ങനെ സംഭവിക്കുന്നില്ലല്ലോ. ഭൂമി ഗോളാകൃതിയിലായതിനാൽ നമുക്കനുഭവപ്പെടുന്ന ഒരു പ്രതിഭാസം മാത്രമാണിതെന്നും നമുക്കെല്ലാവർക്കും അറിയാം. ഏതായാലും അതിനപ്പുറം എന്തുണ്ടെന്നും എന്തുസംഭവിക്കുന്നുണ്ടെന്നും നമുക്കറിയാൻ കഴിയുന്നില്ല. ഇപ്രകാരം അപ്പുറം കാണാനോ എന്തുസംഭവിക്കുന്നുവെന്നോ അറിയാൻ കഴിയാത്ത അതിർ വരമ്പിനെയാണ് ചക്രവാളം (Horizon)എന്നു വിളിക്കുന്നത്. ഒരു തമോഗർത്തത്തെ സംബന്ധിച്ചു എല്ലാ കാര്യങ്ങളുടേയും അറിവ് സംഭവ ചക്രവാളം വരെ മാത്രം. ആ ചക്രവാളസീമക്കപ്പുറം എന്തുണ്ട്, എന്തു സംഭവിക്കുന്നു എന്നൊന്നും ഒരു വിദ്യകൊണ്ടും നമുക്കറിയാൻ കഴിയുന്നില്ല. അവിടെ നിന്നും ഒരു പദാർത്ഥവും ഒരു വിവരവും പുറത്തു വരില്ല എന്നായിരുന്നു 1975 ൽ തന്റെ തമോഗർത്ത സിദ്ധാന്തത്തിലൂടെ സ്റ്റീഫൻ ഹോക്കിംങ്സ് പ്രസ്താവിച്ചിരുന്നത്. ഈ അഭിപ്രായത്തോട് കാലിഫോർണിയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെ ശാസ്ത്രജ്ഞനായ ജോൺ ഫ്രിക്സ് വിയോജിക്കുകയും ഗവേഷണങ്ങൾ തുടരുകയും ചെയ്തു. ഒടുവിൽ 2004 ൽ സ്ററീഫൻ ഹോക്കിംങ്സ് ഇക്കാര്യത്തിൽ മലക്കം മറിയുകയും തിരുത്തിപ്പറയുകയുമാണുണ്ടായത്. അതായത് അവസാനം തമോഗർത്തത്തിനുള്ളിലെ വിവരങ്ങൾ പുറത്തുവരികയും തമോഗർത്തം ബാഷ്പീകരിച്ച് ആവിയായിത്തീരുകയും ചെയ്യും എന്ന്.

പലതരം തമോഗർത്തങ്ങളുണ്ട്. മഹാവിസ്ഫോടനത്തിനു മുമ്പ് പ്രപഞ്ചം ചുരുട്ടിക്കൂട്ടി ഉണ്ടാക്കിയ വൈചിത്ര്യ ബിന്ദു(സിങ്കുലാരിറ്റി) ഒരു തമോഗർത്തത്തിനുള്ളിലായിരുന്നു. ക്വാസറുകളുടെ മധ്യത്തിലും, ഗാലക്സികളുടെ മധ്യത്തിലും തമോഗർത്തങ്ങളുണ്ടാകാറുണ്ട്. പ്രപഞ്ചോൽപത്തിയുടെ സമയത്ത് പ്രപഞ്ചത്തിന്റെ ചില ഭാഗങ്ങളിലുണ്ടായ ഗുരുത്വാകർഷണ തകർച്ചയുടെ ഫലമായി തീരെ ചെറിയ തമോഗർത്തങ്ങൾ പ്രപഞ്ചത്തിന്റെ ചില ഭാഗങ്ങളിലുണ്ടായിരുന്നു എന്ന അഭിപ്രായക്കാരനാണ് സ്റ്റീഫൻ ഹോക്കിംങ്സ്. ആകാശത്തിലെ ഈ നിഗൂഢ രഹസ്യത്തെ സംബന്ധിച്ച് വിശുദ്ധ ഖുർആൻ 14 ശതാബ്ദങ്ങൾക്ക് മുമ്പ് പ്രസ്താവിച്ചത് അദ്ഭുതകരമല്ലേ!

### ആകാശം ബുദ്ധിമാൻമാർക്ക് ദൃഷ്ടാന്തം

ആകാശങ്ങളുടേയും ഭൂമിയുടേയും സൃഷ്ടിപ്പിലും രാവും പകലും മാറി മാറി വരുന്നതിലും തീർച്ചയായും ബുദ്ധിമാൻമാർക്ക് പല ദൃഷ്ടാന്തങ്ങളുമുണ്ട്.

(വിശുദ്ധ ഖുർആൻ 3 : 191)

# വാഗ്ദത്ത മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി (അ)

എൻ. അബ്ദുറഹീം

മനുഷ്യന് പ്രാപിക്കാവുന്ന ശ്രേഷ്ഠതയുടെ പരമോന്നത പദം ആണ്, 'ഖാത്തമുന്നബിയ്യീൻ' അതായത് 'പ്രവാചകശ്രേഷ്ഠൻ' എന്നതുകൊണ്ടു ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്. അതാണ് മുഹമ്മദ് നബി (സ)! ആ പ്രവാചകന്റെ പുനരാവിർഭാവമാണ് മഹ്ദീ ഇമാമിന്റെ, വാഗ്ദത്ത മസീഹിന്റെ നിയോഗത്തിൽ നിവൃത്തിയായിട്ടുള്ളതെന്നു വിശ്വസിക്കുന്നവർക്ക് എന്നോട് വിയോജിക്കാൻ കഴിയുകയില്ല. മുഹമ്മദ് നബി (സ) തിരുമേനിക്ക് രണ്ട് നിയോഗങ്ങളുണ്ടെന്നും രണ്ടാമത്തെ നിയോഗം നബിയുടെ പ്രതിപുരുഷൻ എന്ന നിലയിലുള്ള മഹ്ദിമസീഹിന്റെ അവതാരം ആണെന്നും ഖുർആൻ വ്യാഖ്യാതാക്കൾ വിവരിച്ചുതന്നിട്ടുണ്ട്.

വിശുദ്ധ ഖുർആനിൽ 'സൂറ: ജുമുഅ'യിലെ ***'വആഖരീന മിൻഹും ലമ്മാ യൽഹക്കൂ ബിഹിം'*** (അവരോട് ഇതേവരെ ചേർന്നിട്ടില്ലാത്ത അവരിൽനിന്നുള്ള മറ്റൊരുകൂട്ടരിലും-62:4) എന്ന വാക്യത്തെ വ്യാഖ്യാനിച്ചുകൊണ്ട്, തന്റെ ഒരു സഹാബി ആയ സൽമാനുൽ ഫാരിസിയുടെ ചുമലിൽ കൈവച്ചു, സത്യവിശ്വാസം സുരയ്യ നക്ഷത്രത്തിലേക്ക് ഉയർന്നു പോകുമ്പോൾ അതിനെ വീണ്ടും കൊണ്ടുവരുമെന്ന് തിരുനബി (സ) നമുക്ക് പറഞ്ഞുതന്നു; കൂടാതെ തന്റെ രണ്ടാംവരവിനെപ്പറ്റി യേശുക്രിസ്തുവും പ്രവചനം ചെയ്തിട്ടുണ്ടായിരുന്നു. ഈ പ്രവചനങ്ങളാണ് മഹ്ദി ഇമാമിന്റെ, വാഗ്ദത്ത മസീഹിന്റെ ആഗമനത്തോടെ പൂർത്തിയായിരിക്കുന്നതെന്ന് അഹ്മദികൾ വിശ്വസിക്കുന്നു. അതുകൊണ്ട്, മുഹമ്മദ് നബി (സ) തിരുമേനിയുടേയും ഈസാനബിയുടെ അഥവാ, യോശുക്രിസ്തുവിന്റെയും പ്രതിരൂപമായി ഈ കാലഘട്ടത്തിൽ അവതരിച്ച മഹാപുരുഷന്റെ ചരിത്രം എന്തുകൊണ്ടും അതീവപ്രാധാന്യം അർഹിക്കുന്നതാണ്.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ അന്ത്യത്തിലും ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യത്തിലുമായി ജീവിച്ച, ലോകത്തിന്റെ മുക്തിദാതാവെന്നു വാദിച്ച, മതമഹാവിപ്ലവത്തിന്റെ വെന്നിക്കൊടി പൊന്തിച്ച, ഹദ്റത്ത് മിർസാ ഗുലാം അഹ്മദുൽ ഖാദിയാനി(അ) യുഗപ്രഭാവൻ എന്ന നിലയിൽ ഇതിനകം ലോകത്തിന്റെ കോണായ കോണുകളിലെല്ലാം കീർത്തിപ്പെട്ടു കഴിഞ്ഞിട്ടുണ്ട്. അദ്ദേഹം മുഖേന ആരംഭിച്ച വിശ്വാസവിസ്ഫോടനത്തിന്റെ അലമാലകൾ മതമണ്ഡലങ്ങളെയാകെത്തന്നെയും ഇളക്കിമറിച്ചുകൊണ്ടിരിക്കുകയാണ്. അറിഞ്ഞോ അറിയാതെയോ അതിന്റെ സ്വാധീനങ്ങൾ സകലമതസമൂഹങ്ങളും സ്വാംശീകരിച്ചുകൊണ്ടിരിക്കുന്നു. ഇനിയുള്ള കാലം വാഗ്ദത്ത മഹ്ദി മസീഹിന്റെവിജയങ്ങളുടെ കൊയ്ത്തു കാലം ആയിരിക്കും. ആരെന്തു പറഞ്ഞാലും 'ഞാനും എന്റെ പ്രവാചകൻമാരും വിജയിക്കുമെന്നു അല്ലാഹു വിധിച്ചിരിക്കുന്നു.' എന്ന വിശുദ്ധ ഖുർആന്റെ പ്രവചനപ്രകാരം എത്ര ശക്തിമത്തായ എതിർപ്പുകളേയും അതിജീവിച്ചുകൊണ്ട് അദ്ദേഹത്തിന്റെ ദിവ്യപ്രസ്ഥാനം മുന്നേറുക തന്നെ ചെയ്യും.

ദിവ്യമായ ആധികാരികത സ്ഫുരിക്കുന്ന ഒരു പ്രവാചകന്റെ ജീവിതത്തിൽ പ്രതിഭാസിക്കുന്ന ദൈവീകശക്തിപ്രഭവം നിങ്ങൾക്ക് ഹദ്റത്ത് അഹ്മദ് (അ) ന്റെ ജീവിതത്തിൽ കാണാം. അണുപോലും പിഴക്കാത്ത അചഞ്ചലമായ ദൈവഭക്തി, അതിശക്തമായ വിശ്വാസസ്ഥൈര്യം, അടിക്കടി ആഞ്ഞുവീശിയ എതിർപ്പുകളുടെ വൻചുഴലിക്കാറ്റുകളെ തൃണവൽഗണിച്ച നിസ്സംഗത, ദൈവസ്നേഹത്തിനെതിരിൽ ജീവിതത്തിന്റെ സകല സൗഭാഗ്യങ്ങളെയും തുച്ഛീകരിച്ച പരിത്യാഗശീലം, നിത്യനീലിമയാർന്ന ആകാശത്തിന്റെ അനന്തതയിലമരുന്ന വിശ്വസ്നേഹം ഇവയൊക്കെ സമഞ്ജസമായി സമ്മേളിച്ച ഒരു ജീവിതം ഇവിടെ നിറഞ്ഞു പ്രകാശിക്കുന്നത് കാണാം. ജനനം മുതൽ ചരമം വരെ ദൈവത്തിന്റെ തണലിൽ, സംരക്ഷണത്തിൽ, സാഹചര്യത്തിൽ കഴിഞ്ഞുകൂടിയ ഒരു ദിവ്യാത്മാവ്, ദൈവം സംസാരിച്ചുപോന്ന ഒരു ദിവ്യപുരുഷൻ ഇരുപതാം നൂറ്റാണ്ടിൽ ഈ ഭൂമിയിൽ ജീവിച്ചു. അത്ഭുതകരമായ ആ ജീവിതത്തിന്റെ സവിശേഷഭാവം അതായിരുന്നു. ***'യൂഹാ ഇലയ്യ'*** (എനിക്കു വെളിപാടുണ്ടായിരിക്കുന്നു) എന്നദ്ദേഹം പറഞ്ഞു. എന്റെയും നിങ്ങളുടെയും ആരാധ്യൻ ഏകനാണെന്ന് എനിയ്ക്കു വെളിപാടു ലഭിക്കുന്നു. അഥവാ, ദൈവം എന്നോട് സംസാരിക്കുന്നു എന്നതാണ് അദ്ദേഹത്തിന്റെ സന്ദേശം. ഇതു തെളിയിച്ചുകാട്ടാനുള്ള സമരമാണ് ആ മഹാത്മാവിന്റെ ജീവിതം. മറ്റാരിൽ നിന്നും അദ്ദേഹത്തെ മാറ്റി നിറുത്തിയ, സുഭഗസത്യം അതാണ്. അതേ, ലോകം ഒന്നടങ്കം അദ്ദേഹത്തെ എതിരിടാനുള്ള കാരണവും അതുതന്നെയാണ്!

അഫ്ഇദത്തുൽ സലാം വി.എം.

# അഹ്മദികളുടെ അവകാശങ്ങൾ സംരക്ഷിക്കുക – ആംനെസ്റ്റി ഇന്റർനാഷണൽ

ഇന്തോനേഷ്യൻ അഹ്മദികൾ അനുഭവിക്കുന്ന ക്രൂരതകൾക്ക് അറുതിവരുത്താൻ ഇന്തോനേഷ്യൻ പ്രസിഡന്റ് ശക്തമായ നിയമ നടപടികൾക്ക് ഒരുങ്ങണമെന്ന് ആംനെസ്റ്റി ഇന്റർനാഷണൽ ആവശ്യപ്പെട്ടു.

മതവിവേചനമില്ലാതെ, അഹ്മദികൾ ഉൾപ്പെടെ എല്ലാ പൗരന്മാരുടെയും അവകാശങ്ങൾ സംരക്ഷിക്കുമെന്ന് വ്യക്തമായും പരസ്യമായും ഗവൺമെന്റ് പ്രഖ്യാപിക്കണമെന്ന് ആംനെസ്റ്റി ഇന്റർനാഷണൽ ഏഷ്യാ-പസഫിക് ഡയറക്ടർ സാം സരിഫി ആവശ്യപ്പെടുകയുണ്ടായി. 2011 ഫെബ്രുവരി 6-ാം തിയ്യതി സൗത്ത് ബാന്റണിലെ സിക്യൂബിക് എന്ന സ്ഥലത്ത് വെച്ച് ആയിരക്കണക്കിന് ആളുകൾ ചേർന്ന് മൂന്ന് അഹ്മദികളെ ശഹീദാക്കിയതിനു ശേഷം ഇന്തോനേഷ്യയിൽ അഹ്മദി വിരുദ്ധപ്രക്ഷോഭങ്ങൾ ശക്തമായിരിക്കുന്ന വേളയിലാണ് ആംനെസ്റ്റി ഇന്റർനാഷണൽ ഇടപെടലുകൾക്ക് തയ്യാറായിരിക്കുന്നത്.

ഇന്ന് മൂന്നാണെങ്കിൽ നാളെയോ മറ്റന്നാളോ ആയിരക്കണക്കിന് 'കാഫിറായ' അഹ്മദികളുടെ തലകളാണ് അറുക്കപ്പെടുക എന്ന എഫ് ഡി ഐ (ഇസ്‌ലാമിക് ഡിഫന്റേഴ്സ് ഫ്രന്റ്) ചെയർമാൻ ഹബീബ് റിസീഖ് സിഹാബിന്റെ വാക്കുകൾ ഇന്തോനേഷ്യയിൽ ന്യൂനപക്ഷമായ അഹ്മദികൾ നേരിടുന്ന അപകടകരവും ഭയാനകവുമായ ജീവിത സാഹചര്യത്തെയാണ് തുറന്ന് കാട്ടുന്നത്. അഹ്മദികളെ നിരോധിക്കണമെന്നാവശ്യപ്പെട്ട് തലസ്ഥാനമായ ജക്കാർത്തയിൽ ഫെബ്രുവരി 18 ന് എഫ് ഡി ഐ യുടെ നേതൃത്വത്തിൽ പ്രകടനം നടത്തിയിരുന്നു. ഇതേ ആവശ്യവുമായി മാർച്ച് മാസത്തിൽ പ്രസിഡന്റിന്റെ വസതിക്ക് മുന്നിൽ പ്രകടനം നടത്താൻ തീരുമാനിച്ചിരിക്കുകയാണ്.

## സിറാലിയോൺ ജമാഅത്തിന് അഭിനന്ദനങ്ങൾ



ആരോഗ്യ, വിദ്യാഭ്യാസ, ഊർജ മേഖലകളിൽ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് നടത്തിവരുന്ന സേവനങ്ങളെ സിറാലിയോൺ പ്രസിഡന്റ് ഡോ. ഏണസ്റ്റ് ബായ് കൊറോമ പ്രകീർത്തിക്കുകയുണ്ടായി. സിറാലിയോൺ ജമാഅത്തിന്റെ ദേശീയ സമ്മേളനത്തെ സംബോധന ചെയ്യുകയായിരുന്നുഅദ്ദേഹം. നിരക്ഷരത നിർമാർജനം ചെയ്യാനുള്ള ഗവൺമെന്റിന്റെ ശ്രമങ്ങളിൽ സജീവ പങ്കാളികളായിരുന്നു അഹ്മദികളെന്ന് അദ്ദേഹം പറഞ്ഞു. വരും നാളുകളിലും ജമാഅത്തുമായി സഹകരിച്ചുകൊണ്ട് പ്രവർത്തിക്കാൻ സന്തോഷം മാത്രമേയുള്ളൂവെന്ന് പ്രസിഡന്റ് സൂചിപ്പിക്കുകയുണ്ടായി.

## സ്വാമി അഗ്നിവേശിന് മുല്ലയുടെ ശകാര വർഷം.

പഞ്ചാബ് ശാഹി ഇമാമും മജ്‌ലിസ് അഹ്റാർ നേതാവുമായ മൗലാന ഹബീബുർറഹ്മാൻ സാനി ലുധിയാനവിയുടെ ഉഗ്രകോപത്തിന് സ്വാമി അഗ്നിവേശ് ഇരയായിരിക്കുന്നു. ഇക്കഴിഞ്ഞ ഡിസംബറിൽ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ദേശീയ സമ്മേളനത്തിൽ പങ്കെടുത്തുകൊണ്ട് 'ഇസ്‌ലാമിനെക്കുറിച്ച് അപടകരമായ ചിന്തകളുമായാണ് ഞാൻ ഇവിടെ വന്നതെങ്കിലും ഇസ്‌ലാമിന്റെ യഥാർത്ഥസന്ദേശവും അധ്യാപനവും ഇന്നെനിക്ക് ഇവിടെ നിന്ന് മനസ്സിലാക്കാൻ കഴിഞ്ഞു'വെന്ന് സ്വാമി അഗ്നിവേശ് പറഞ്ഞതാണ് മൗലാനയെ ചൊടിപ്പിച്ചത്. അഹ്മദികളുടെ സമ്മേളനത്തിൽ പങ്കെടുത്ത ശേഷം സ്വാമി ഓന്തിനെപ്പോലെ



നിറം മാറിയിരിക്കുകയാണെന്നും യഥാർത്ഥ ഇസ്‌ലാമിന്റെ സന്ദേശവാഹകരായി അഹ്മദികളെ ചിത്രീകരിച്ചത് മൂലം ലോക മുസ്‌ലിംകളുടെ വികാരങ്ങൾ വ്രണപ്പെട്ടിരിക്കുകയാണെന്നും സ്വാമി മാപ്പ് പറയണമെന്നും രോഷം കൊള്ളുകയായിരുന്നു മൗലാന. സ്വാമി അഗ്നിവേശ് എങ്ങനെ ഇതിനോട് പ്രതികരിക്കുമെന്ന് കാണാം.

# കലങ്ങിമറിയുന്ന അറബ്–മുസ്‌ലിം ലോകം

മുസാഫിർ



**മു**സ്‌ലിംലോകത്തെ മഗ്‌രിബ് ദേശം (പടിഞ്ഞാറൻ ദേശം) എന്നറിയപ്പെടുന്ന വടക്കനാഫ്രിക്കയിലെ ടുണീഷ്യയിൽ നിന്നും ആരംഭിച്ച ജനകീയ പ്രക്ഷോഭങ്ങൾ അയൽ മുസ്‌ലിം നാടുകളിലാകെ കത്തിപ്പടർന്ന് പശ്ചിമേഷ്യയിലേക്കും വ്യാപിച്ചിരിക്കുകയാണ്. ജനജീവിതം ദുസ്സഹമാക്കിമാറ്റിയ സ്വന്തം ഭരണാധികാരികളോടുള്ള അടങ്ങാത്ത പ്രതിഷേധത്തിന്റെ രോഷപ്രകടനമായിരുന്നു അത്. പ്രവചനാതീതമായ രീതിയിൽ നാടുകളിൽ നിന്നും നാടുകളിലേക്ക് അത് സംക്രമിക്കുകയാണ്. മുസ്‌ലിം ഭരണ നേതൃത്വങ്ങളെല്ലാം ഇപ്പോൾ ഭീതിയുടെ നിഴലിലാണ്.

വടക്കനാഫ്രിക്കയിൽ ലിബിയക്കും അൾജീരിയക്കും മധ്യേ യൂറോപ്പിലേക്ക് മിഴിനട്ട് നിൽക്കുന്ന മധ്യധരണ്യാഴി തീരത്തെ ചെറിയ ഒരു രാജ്യമാണ് ടുണീഷ്യ. യൂറോപ്പിനഭിമുഖമായി നില്ക്കുന്ന ഈ രാജ്യത്ത് നിന്നും ഇറ്റാലിയൻ ദ്വീപായ സിസിലിയിലേക്ക് 158 കിലോമീറ്റർ മാത്രമാണ് ദൂരം. ഈ യൂറോപ്യൻ സാന്നിദ്ധ്യംകൊണ്ട് തന്നെ, പട്ടിണിയും പരിവട്ടവുമായിക്കഴിയുന്ന മറ്റ് ആഫ്രിക്കൻ രാജ്യങ്ങളെ അപേക്ഷിച്ച് വിദ്യാഭ്യാസത്തിലും ജീവിത നിലവാരത്തിലും ടുണീഷ്യ വളരെമുന്നിലാണ്. വടക്കനാഫ്രിക്കയിലൂടെ സ്പെയ്നിലേക്കുള്ള ഇസ്‌ലാമിന്റെ ജൈത്രയാത്രയുടെ ഘട്ടത്തിൽ തന്നെ ഇസ്‌ലാം മതം സ്വീകരിച്ച ബർബർ വംശജരുടെ രാജ്യമാണ് ടുണീഷ്യ. പിന്നീട് തുർക്കി ഖിലാഫത്തിന്റെ ഭരണപ്രദേശമായിരുന്ന ആ രാജ്യം 19–ാം നൂറ്റാണ്ടിൽ ഫ്രഞ്ച് ആധിപത്യത്തിലായി. 1956 ൽ ഫ്രാൻസിൽ നിന്നും മോചനം ലഭിച്ച ടുണീഷ്യയെ ഏകാധിപതിയായ ഹബീബ് ബർഗൈവ 31 വർഷക്കാലം ഭരിച്ചു. 1987 ലാണ് ഇപ്പോൾ പുറത്താക്കപ്പെട്ട സൈനുൽ ആബിദീൻ ബിൻ അലി പ്രസിഡന്റാവുന്നത്. സ്വേച്ഛാധിപതിയായിരുന്ന ബിൻ അലിയുടെ വിലാസവതിയായ ഭാര്യയും കുടുംബവും ടുണീഷ്യയെ അഴിമതിയുടെ ഒരു സാമ്രാജ്യമാക്കി മാറ്റുകയായിരുന്നു. രാജ്യത്ത് പട്ടിണിയും വിലക്കയറ്റവും തൊഴിലില്ലായ്മയും കൊണ്ട് ജനജീവിതം ദുസ്സഹമാക്കിയപ്പോൾ പ്രസിഡന്റിന്റെയും കുടുംബാംഗങ്ങളുടേയും വിദേശ നിക്ഷേപങ്ങളാണ് വർദ്ധിച്ചത്. തന്റെ അഴിമതി സാമ്രാജ്യത്തിന്റെ അനന്തരാവകാശിയായി ഭാര്യയേയോ മരുമകനേയോ വാഴിക്കാനൊരുങ്ങുമ്പോഴാണ് സഹികെട്ട ജനം തെരുവിലിറങ്ങിയത്. തൊഴിൽ രഹിതരും നിരാശരുമായ ചെറുപ്പക്കാരുടെ ആത്മാഹുതി പ്രസ്ഥാനത്തോടെ ആരംഭം കുറിച്ച സമരം ബിൻ അലിയെ രാജ്യത്ത്നിന്ന കെട്ടുകെട്ടിച്ചതിന് ശേഷമാണ് അടങ്ങിയത്. പ്രക്ഷോഭം അടുത്തുള്ള ലിബിയ, അൾജീരിയ, മൊറോക്കോ, മൗറിത്താനിയ, സുഡാൻ തുടങ്ങിയ വടക്കനാഫ്രിക്കയിലെ മുസ്‌ലിം രാജ്യങ്ങളിലേക്ക് പടരുകയാണ്.

ടുണീഷ്യയിൽ നിന്നും പ്രചോദനം ഉൾക്കൊണ്ട ഈജിപ്തിലെ ജനങ്ങൾ തങ്ങളുടെ ഭരണാധികാരി ഹുസ്നി മുബാറക്കിനേയും കടപുഴക്കി എറിഞ്ഞു. സഹാറാ മരുഭൂമിയുടെ വിസ്തൃ

തമായ മണൽപരപ്പിൽ നൈലിന്റെ ദാനംകൊണ്ട് ഫലസമൃദ്ധവും പുരാണപ്രസിദ്ധവുമായ ഈജിപ്ത് പട്ടിണിയുടേയും ദാരിദ്ര്യത്തിന്റെയും തൊഴിലില്ലായ്മയുടേയും നാടാക്കി മുബാറക്ക് മാറ്റുകയായിരുന്നു. അമേരിക്കയുടെയും ഇസ്രായേലിന്റെയും താൽപര്യ സംരക്ഷകനായ മുബാറക്കിന് സ്വന്തം മകനെ അടുത്ത ഭരണാധികാരിയായി നിയമിക്കാനായിരുന്നു പരിപാടി. 18 ദിവസങ്ങളോളം കൈറോ നഗരത്തെ പിടിച്ചുകുലുക്കിയ പ്രക്ഷോഭത്തിനൊടുവിൽ മുബാറക്കിന് അധികാരം ഒഴിയേണ്ടിവന്നു. കൈറോവിലെ തഹ്‌രീർ ചത്വരത്തിൽ ദശലക്ഷക്കണക്കിന് ഈജിപ്തുകാർ ഒത്തുകൂടി വിട്ടുവീഴ്ചയില്ലാതെ മുബാറക്കിനോട് ഇറങ്ങിപ്പോകാൻ പറയുകയായിരുന്നു.

ഈജിപ്ഷ്യൻ പ്രക്ഷോഭത്തിന്റെ ഒരു പ്രത്യേകത അത് ദുസ്സഹമായ സാമൂഹിക രാഷ്ട്രീയ സാഹചര്യങ്ങളോടുള്ള പൗരന്മാരുടെ പ്രതിഷേധമായിരുന്നു എന്നതാണ്. മതരാഷ്ട്രവാദത്തിന് പേര് കേട്ട ഇഖ്‌വാനുൽ മുസ്‌ലിമീന്റെ പിതൃഭൂമിയായ ഈജിപ്തിൽ അവരുടെ ആജ്ഞാനുവർത്തികളായി ജനം ചലിച്ചില്ല. നിരോധിത സംഘടനയായ ഇഖ്‌വാൻ തന്നെ 18 ദിവസത്തെ പ്രക്ഷോഭത്തിൽ വൈകിയാണ് പങ്കെടുത്തത്. സാമ്രാജ്യത്വ മേധാവിയായ അമേരിക്കക്കോ പശ്ചിമേഷ്യയെ പ്രശ്നസങ്കീർണ്ണമാക്കിത്തീർത്ത ഇസ്രായേലിനോ എതിരായി മുദ്രാവാക്യം ഉയർന്നില്ല. അവരുടെ എല്ലാ എതിർപ്പും സ്വന്തം ഭരണാധികാരികളോടായിരുന്നു. അവസാനം പട്ടാളത്തിന് അധികാരമൊഴിഞ്ഞ് മുബാറക് ഈജിപ്തിൽ നിന്ന് മുങ്ങിയിരിക്കുകയാണ്.

ആഫ്രിക്കൻ നാടായ ലിബിയയിലെ ജനതയാണ് ദുർവഹമായ തങ്ങളുടെ ഭരണാധികാരിയെ കുടഞ്ഞെറിയാൻ ശ്രമിക്കുന്ന മറ്റൊരു വിഭാഗം. സ്വതസിദ്ധമായ വിടുവായത്തത്തോടെ ലിബിയൻ മേധാവി കേണൽ മുഅമ്മർ ഖദ്ദാഫി രക്ത രൂഷിതമായി പ്രക്ഷോഭത്തെ അടിച്ചമർത്താൻ ശ്രമിക്കുകയാണ്. പക്ഷേ തന്റെ ആഭ്യന്തരമന്ത്രി പോലും ഖദ്ദാഫിയെ കൈവിട്ട് പ്രക്ഷോഭകരുടെ പക്ഷത്താണ്. ടുണീഷ്യയും ഈജിപ്തും ലിബിയയിൽ ആവർത്തിക്കുമെന്നതിൽ സംശയമില്ല.

വടക്കനാഫ്രിക്കയിൽ നിന്നും പ്രക്ഷോഭം മുസ്‌ലിം ഭരണകൂടങ്ങളെതേടി പശ്ചിമേഷ്യയിലെ ജോർദാനിലേക്കും സിറിയയിലേക്കും കടന്ന്കഴിഞ്ഞു. അവിടെയും നില്ക്കാതെ പേർഷ്യൻ ഗൾഫിലേക്കും കലാപം കത്തിപ്പടരുകയാണ്. ഒമാനും കുവൈത്തും അസ്വസ്ഥകലുഷിതമാണ്. 40 വർഷമായി ഒമാൻ ഭരിക്കുന്ന സുൽത്താൻ കാബൂസ് ബിൻ സെയ്ദിനെതിരെ ഒമാൻ തെരുവുകളിൽ പ്രതിഷേധം ഉയർന്നുകഴിഞ്ഞു. ഒന്നരനൂറ്റാണ്ട് കാലത്തെ പോർച്ചുഗീസ് ഭരണത്തൽനിന്നും 1689ൽ ഒമാനെ മോചിപ്പിച്ച രാജ വംശം തന്നെയാണ് ഇപ്പോഴും ഒമാൻ ഭരിക്കുന്നത്. 19-ാം നൂറ്റാണ്ടിൽ ആ രാജ്യം ബ്രിട്ടീഷ് മേൽക്കോയ്മയ്ക്ക് കീഴിലായി.1971 ലാണ് പൂർണ്ണ സ്വാതന്ത്ര്യം നേടുന്നത്. 1970ൽ തന്നെ അന്ന ത്തെ സുൽത്താൻ സയ്യിദ് ഇബ്നു തയ്മൂറിന്റെ മകൻ കാബൂസ് ഇബ്നു സയ്ദ് സ്വന്തം പിതാവിനെ തന്നെ സ്ഥാന ഭ്രഷ്ടനാക്കിയാണ് അധികാരം പിടിച്ചത്. 40 വർഷമായി ആ സ്ഥാനത്തിരിക്കുന്ന കാബൂസിനെതിരെയാണ് ജനരോഷം ഉയരുന്നത്.

കുവൈത്തിലെ പ്രശ്നം തികച്ചും വിഭിന്നമാണ്. 1961 ൽ ബ്രിട്ടനിൽ നിന്നും സ്വാതന്ത്ര്യം നേടിയ കുവൈത്ത് ഒരു ബഹുവംശീയ രാജ്യമാണ്. 35 ലക്ഷം ജനങ്ങളിൽ 33.4 ശതമാനം മാത്രമാണ് കുവൈത്തികൾ. ബാക്കി വിദേശിയരാണ്. ഇതിൽ 34.8 ശതമാനം മറ്റു അറബ്‌വംശജരും 24.3 ശതമാനം ഏഷ്യക്കാരും ബാക്കി മറ്റുള്ളവരുമാണ്. 1920 ന് മുമ്പ് കുവൈത്തിൽ താമസിച്ചവരുടെ പിൻ തലമുറയാണ് ഒന്നാംതരം പൗരന്മാർ. 1959 ൽ പൗരാവകാശനിയമം വന്നതിനുശേഷം കുടിയേറിയ അറബികൾക്ക് അരനൂറ്റാണ്ട് കഴിഞ്ഞിട്ടും പൗരാവകാശം ലഭിച്ചിട്ടില്ല. അവർ ഒന്നര ലക്ഷത്തോളമുണ്ട്. ബദൂനിയൻ (പൗരത്വമില്ലാത്ത നാടോടികൾ) എന്ന് വിളിക്കപ്പെടുന്ന ഇവർക്ക് ഒരു രാജ്യത്തിലേയും പൗരത്വമില്ല. ഇവരുടെ പൗരത്വപ്രശ്നം മാനുഷിക പരിഗണന അർഹിക്കുന്നതാണ്. പ്രക്ഷോഭങ്ങളുടെ ഈ വസന്തകാലത്ത് രാജ്യമില്ലാത്ത ഈ നിസ്സഹായർ നടത്തുന്ന പൗരത്വത്തിന് വേണ്ടിയുള്ള പ്രക്ഷോഭം കൂടുതൽ പിന്തുണയാർജ്ജിച്ച് ശക്തമാകുകയാണ്.

കേരളത്തിന്റെ സമ്പദ്ഘടനയുമായി അഭേദ്യമായ ബന്ധമുള്ള പ്രദേശമാണ് പേർഷ്യൻ ഗൾഫ്. പൊതുവെ പരിഷ്കാരവും സഹിഷ്ണുതയുമുള്ള ഗൾഫ് ഭരണകൂടങ്ങളിൽ തദ്ദേശീയമായ രാഷ്ട്രീയ അസ്വാരസ്യങ്ങൾ ശക്തമാണ്. ഗോത്രവർഗ്ഗങ്ങൾ അധിവസിച്ചിരുന്ന ഇവിടെ ആദ്യനാളുകളിൽ തന്നെ ഇസ്‌ലാം മതം പ്രചരിച്ചിരുന്നു. പിന്നീട് തുർക്കി ഖിലാഫത്തിന്റെ കാലഘട്ടത്തിൽ അവരുടെ കീഴിലായി. തുർക്കി ബലഹീനമായപ്പോൾ കടൽക്കൊള്ള തടയാനാണെന്ന് പറഞ്ഞാണ് ബ്രിട്ടീഷുകാർ പേർഷ്യൻ ഗൾഫ്

അധീനപ്പെടുത്തിയത്. പിന്നീട് 1971 ൽ ഒരു കരാർ മുഖേനയാണ് ബ്രിട്ടീഷുകാർ ഖത്തറും ബഹറൈനുമടക്കം 9 ശൈഖ് ഭരണകൂടങ്ങൾക്ക് സ്വാതന്ത്ര്യം നൽകിയത്. പ്രസ്തുത 2 രാജ്യങ്ങളും ഒഴിച്ച് 1971 ൽ അബൂദാബി, അജ്മാൻ, ദുബായ്, ഫുജൈറ, റാസ് അൽഖൈമ, ഷാർജ, ഉമ്മുൽ ഖുവൈൻ എന്നീ ഭരണകൂടങ്ങൾ ചേർന്ന് യുണൈറ്റഡ് അറബ് എമിറേറ്റ്സ് രൂപീകരിക്കുകയായിരുന്നു. ഏതായാലും കുഴപ്പത്തിന്റെ മരുക്കാറ്റടിക്കുമ്പോഴും യു.എ.ഇ. ശാന്തമാണ്.

മറ്റാരു ഗൾഫ് രാജ്യമായ ബഹറൈനിൽ പ്രക്ഷോഭം ശക്തമാണ്. 70 ശതമാനം ശിയാക്കളും ബാക്കി സുന്നികളുമുള്ള ബഹറൈനിൽ രാജാവ് ഹമദ്ബിൻ ഈസ അൽ ഖലീഫ സുന്നിയാണ്. ബഹറൈനിലെ പ്രശ്നം സാമ്പത്തികം , രാഷ്ട്രീയം എന്നതിലുപരി മതപരം കൂടിയാണ്. ബഹറൈനിൽ ഭരണകൂടത്തിനെതിരെയുള്ള ശിയാ പ്രക്ഷോഭം ഏറ്റവും കൂടുതൽ ഭയപ്പെടുത്തുന്നത് സൗദി അറേബ്യയെയാണ്. അമേരിക്കയിൽ ചികിത്സയിലായിരുന്ന 87 കാരനായ അബ്ദുല്ലാ രാജാവ് മൂന്ന് മാസത്തെ ചികിത്സക്ക് ശേഷം സൗദിയിൽ തിരിച്ചെത്തിയിട്ടുണ്ട്. അദ്ദേഹം അമേരിക്കൻ പ്രസിഡന്റ് ഒബാമയുമായി ബന്ധപ്പെട്ടതായാണ് റിപ്പോർട്ട്. സൗദി പൗരന്മാർക്ക് വാരിക്കോരി സൗജന്യങ്ങൾ നൽകുന്ന തിരക്കിലാണ് സൗദി രാജാവ്. ഈജിപ്ഷ്യൻ പ്രക്ഷോഭത്തോട് അമേരിക്കൻ ഭരണകൂടം കാണിക്കുന്ന ഉദാര സമീപനമാണ് സൗദി അറേബ്യയെ അസ്വാളിപ്പിച്ചിട്ടുള്ളത്. സൗദി അറേബ്യയിൽ നിന്നും 15 മൈൽ മാത്രമുള്ള കോസ്‌വെ മുഖാന്തരം ബന്ധിപ്പിച്ച രാജ്യമാണ് ബഹറൈൻ. ഈ കോസ്‌വേ വാരാന്ത്യത്തിൽ സൗദികൾക്ക് സുഖവാസത്തിന് വരാൻ വേണ്ടിമാത്രമല്ല ശിയാസാന്നിദ്ധ്യമുള്ള ബഹ്റൈനിൽ കുഴപ്പങ്ങളുണ്ടായാൽ സൈനികമായി നേരിടാൻ വേണ്ടി കൂടിയാണെന്ന് പാശ്ചാത്യ സൗദികാര്യ വിദഗ്ധൻ വിലയിരുത്തുകയുണ്ടായി. സൗദിയുടെ കിഴക്കൻ സംസ്ഥാനം ശിയാക്കളുടെ അധിവാസകേന്ദ്രമാണെന്ന യാഥാർത്ഥ്യം സൗദി ഭരണകൂടത്തെ ഭയപ്പെടുത്തുന്നു. ബഹറൈനിലെ ശിയാ പ്രക്ഷോഭത്തിന്റെ സ്ഫുരണങ്ങൾ സൗദിയിലെ ശിയാ സമൂഹത്തിൽ കത്തിപ്പടരുമോ എന്നാണ് അവരുടെ ഭയം. ബഹറൈനിൽ നടക്കുന്ന സംഭവവികാസങ്ങളിൽ സുന്നി രാജകുടുംബത്തെ അമേരിക്ക പിന്തുണച്ചേക്കുമോ എന്ന് സൗദി ഭയപ്പെടുന്നു. ഈജിപ്തിൽ അമേരിക്ക അനുവർത്തിച്ച, പ്രക്ഷോഭകർക്ക് അനുകൂലമായ നിലപാട് ബഹറൈനിലും ആവർത്തിക്കുമോ എന്ന ചിന്തയാണ് സൗദി അറേബ്യയെ അസ്വസ്ഥകലുഷിതമാക്കുന്നത്. 1945 മുതൽ അമേരിക്കയാണ് സൗദി അറേബ്യയുടെ രക്ഷിതാവ്. സൗദിയുടെ ആശങ്ക പരമാവധി ചൂഷണം ചെയ്യാനുള്ള അവസരം ഏതായാലും അമേരിക്ക മുതലാക്കാതിരിക്കില്ല. സൗദി രാജകുടുംബാംഗവും അവർക്ക് അനഭിമതനുമായ തലാൽ ബിൻ അബ്ദുൽ അസീസ് ഫ്രെബ്രുവരി 18 ന് ബി.ബി.സി.ക്കനുവദിച്ച അഭിമുഖത്തിൽ ലണ്ടനിൽ വെച്ച് പറഞ്ഞ കാര്യം ശ്രദ്ധേയമാണ്. അവശ്യമായ പരിഷ്ക്കരണങ്ങൾക്ക് സൗദി രാജാവ് മുതിരുന്നില്ലെങ്കിൽ പ്രതിഷേധങ്ങളും സമരങ്ങളും സൗദിക്ക് അപകടകരമായിത്തീരുമെന്നും ആധുനിക മാറ്റത്തിന് മുൻകൈയെടുത്തിട്ടില്ലെങ്കിൽ സൗദിയിൽ എന്തും സംഭവിക്കാമെന്നും അദ്ദേഹം മുന്നറിയിപ്പ് നൽകി.


ഏതായാലും ജനകീയാഭിലാഷങ്ങളുടെ സാക്ഷാത്കാരമായി നിലവിൽ വരുന്ന ഭരണകൂടങ്ങളുടെ, അമേരിക്കയോടും ഇസ്രായേലിനോടും മറ്റ് പാശ്ചാത്യ രാജ്യങ്ങളോടുമുള്ള ബന്ധങ്ങൾ ദാസ്യത്ത്വത്തിന്റേ യും വിധേയത്വത്തിന്റേതുമായിരിക്കില്ല. ലോകത്തെല്ലായിടത്തും ജനാധിപത്യം സ്ഥാപിക്കാൻ ബാധ്യതയേറ്റെടുത്ത അമേരിക്കയുടെ മധ്യപൗരസ്ത്യ ദേശത്തെ ജുഗുപ്സാവഹമായ ഇരട്ടത്താപ്പ് ലോകം കണ്ടതാണ്. ജുറാസിക് യുഗത്തിലെ ദിനോസറുകൾ നമ്മുടെ കാലത്ത് ജീവിക്കുന്നത്പോലെ കാലഹരണപ്പെട്ട രാജഭരണം അതിന്റെ സർവ്വവിധ അസാംഗത്യങ്ങളോടുകൂടിയും മദ്ധ്യപൗരസ്ത്യദേശത്ത് നിലകൊള്ളുന്നത് അമേരിക്കയുടെ സഹായത്താലാണ്. ജനങ്ങളോട് പ്രതിബദ്ധതയോ ഉത്തരവാദിത്വങ്ങളോ ഇല്ലാത്ത ഭരണാധികാരികളെ എളുപ്പത്തിൽ വരുതിയിലാക്കാമെന്നതിനാൽ അമേരിക്കയും മറ്റു സാമ്രാജ്യത്വശക്തികളും ഇത്തരം ഭരണാധികാരികളെ സാമന്തന്മാരായി വാഴിക്കാൻ വ്യഗ്രതപ്പെടുന്നു. ജനകീയ പ്രക്ഷോഭത്തിലൂടെ അറബ് മുസ്‌ലിം നാടുകളിൽ മാറിവരുന്ന ഭരണകൂടങ്ങളെ പുറത്തുള്ളവർക്ക് അത്ര എളുപ്പത്തിൽ സ്വാധീനിക്കാൻ സാധ്യമല്ല. ജനകീയ പാർലമെന്റിനോട് മറുപടി പറയാൻ അവർ ബാധ്യസ്ഥരായിരിക്കും. അതുകൊണ്ട് അറബ് മുസ്‌ലിം രാജ്യങ്ങളോടുള്ള അമേരിക്കയുടെ നയങ്ങളിൽ നീതിയും സുതാര്യതയും പാലിക്കാൻ ഒരു പക്ഷേ അവർ നിർബന്ധിതരായേക്കാം. പശ്ചിമേഷ്യയിലെ എണ്ണപ്പാടങ്ങളും അത് കടത്തിക്കൊണ്ടു

പോകുന്ന സൂയസ്കനാലും അമേരിക്കയുടേയും പാശ്ചാത്യ ശക്തികളുടേയും ഇസ്രായേലിന്റെയും പ്രിയപ്പെട്ട ഭൂമിയാണ്. ഭക്ഷണത്തളികയിൽ കൈയിട്ടുവാരുന്നത്പോലെ അറബ്നാടുകളെ ക്കൊള്ളെ പാശ്ചാത്യശക്തികൾ (ദജ്ജാൽ) കൈനീട്ടുമെന്ന് റസൂൽ തിരുമേനി (സ) പറഞ്ഞത് എത്രശരി. ഹുസ്നി മുബാറക്ക് പോയതിന് ശേഷം സൂയസ് കനാലിലൂടെ ഇറാന്റെ യുദ്ധക്കപ്പൽ സിറിയയിലേക്ക് പോയത് ഇസ്രായേലിനെ പ്രകോപിപ്പിച്ചിരിക്കുകയാണ്. 1979 ൽ ഇസ്ലാമിക വിപ്ലവത്തിന് ശേഷം ഇറാൻ കപ്പലുകൾ സൂയസിലൂടെ കടന്നുപോയിട്ടില്ല.

വാസ്തവത്തിൽ ലോകത്തിലെ മുസ്ലിം നാടുകളിൽ പ്രത്യേകിച്ച് അറബ്നാടുകളിൽ പരിഷ്കൃതയുഗത്തിൽ ജനാധിപത്യ സമൂഹങ്ങൾ ആദരിക്കുന്ന യാതൊരു മൂല്യങ്ങളും കാണാൻ സാധ്യമല്ല. ജനാധിപത്യം , പത്രസ്വാതന്ത്ര്യം, മനുഷ്യാവകാശ സംഘടനകൾ, മൗലികാവകാശങ്ങൾ സംരക്ഷിക്കുന്ന ഭരണഘടനകൾ, മതവിശ്വാസസ്വാതന്ത്ര്യം, മതപ്രചരണ സ്വാതന്ത്ര്യം, അഭിപ്രായ പ്രകടനസ്വാതന്ത്ര്യം ഇവയൊന്നുംതന്നെയില്ല. മിക്ക മുസ്ലിം രാജ്യങ്ങളിലും രാജാക്കന്മാർ, ഏകാധിപതികൾ, പട്ടാളക്കാർ എന്നിവർ മതനേതൃത്വത്തിന്റെ പിന്തുണയോടെ ഭരിക്കുന്ന വൃത്തികെട്ട കാഴ്ചയാണ് കാണുന്നത്. സ്വന്തം ജനതയുടെ രാഷ്ട്രസമ്പത്ത് ഇവർ കൊള്ളയടിച്ച് കൊണ്ടുപോയി ജനങ്ങളെ ദരിദ്രരാക്കി മാറ്റുന്നു. ഇതെല്ലാം ഇസ്ലാമിക മൂല്യങ്ങളുടെ പ്രതിഫലനങ്ങളാണെന്ന് ലോകം തെറ്റിദ്ധരിക്കുകയും ചെയ്യുന്നു. ജീവിതം ദുസ്സഹമായ ജനങ്ങൾ സ്വന്തംഭരണ നേതൃത്വങ്ങൾക്കെതിരെ അവസരം കിട്ടിയപ്പോൾ ഒന്നൊന്നായി തിരിയുകയാണ്. മാനവീയമൂല്യങ്ങളുടെ പിൻബലം അതിനുണ്ട് എന്നത് അവിതർക്കിതമാണ്. ഏതായാലും അറബ്മുസ്ലിം ലോകത്ത് ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്ന ഈ വിപ്ലവങ്ങളുടെ ഉഷ്ണകാലത്തിന് ശേഷം തീർച്ചയായും ഒരു വസന്തകാലം വന്നണയുമെന്ന് നമുക്ക് പ്രതീക്ഷിക്കാം.

## അനുസ്മരണം

### ഇബ്റാഹിം സാഹിബ്



ഐരാപുരം ജമാഅത്തിലെ അവറാൻ സാഹിബ് (ഇബ്റാഹിം-85 വയസ്സ്) 2011 ജനുവരി 27ന് വഫാത്തായി. ഇന്നാലില്ലാഹി വഇന്നാ ഇലൈഹി റാജിഊൻ.

എറണാകുളം ജില്ലയിലെ ഒന്നാമത്തെ ജമാഅത്തായ ഐരാപുരം ജമാഅത്തിൽ 1964ൽ ആദ്യം ബൈഅത്ത് ചെയ്ത 11 അംഗങ്ങളിൽ ഒരാളായിരുന്നു അവറാൻ സാഹിബ്. ജമാഅത്തിന്റെ ആദ്യ പ്രസിഡന്റും ഇദ്ദേഹമായിരുന്നു. പരേതന് അല്ലാഹു ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ. ആമീൻ.

### റഹുമാ ബീവി

കൊല്ലം ജമാഅത്തിലെ ആദ്യകാല അഹ്മദിയും ജമാഅത്ത് പ്രസിഡന്റായി ദീർഘകാലം സേവനം അനുഷ്ഠിച്ച വ്യക്തിയുമായ മർഹൂം കെ. പി.ഹബീബുല്ലാഹ് സാഹിബിന്റെ പത്നി ആർ. റഹുമാ ബീവി (76 വയസ്സ്) 10-1-2011ന് വഫാത്തായി. ഇന്നാലില്ലാഹി വഇന്നാ ഇലൈഹി റാജിഊൻ. പരേതക്ക് അല്ലാഹു ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കട്ടെ. ആമീൻ

## ദാനത്തെ അല്ലാഹു വളർത്തും

ഒരാൾ തന്റെ ന്യായമായ സമ്പാദ്യത്തിൽ നിന്നും ഒരു ഈത്തപ്പഴത്തോളം ദാനം ആർക്കെങ്കിലും നൽകിയിട്ടുണ്ടെങ്കിൽ അല്ലാഹു അത് വലതുകൈനീട്ടി സ്വീകരിക്കുകയും, നിങ്ങൾ ഒരുകുതിരക്കുട്ടിയെ വളർത്തി വലുതാക്കുന്നതുപോലെ ദാനം ചെയ്ത ആൾക്കുവേണ്ടി അല്ലാഹു അതിനെ പർവതത്തോളം വലുതാക്കുകയും ചെയ്യും.

(ബുഖാരി, മുസ്ലിം)

# പുതിയ സാമ്പത്തികവർഷത്തിൽ ചന്ദയുടെ അറിയിപ്പ്

സദർ അഞ്ജുമൻ അഹ്മദിയ്യായുടെ സാമ്പത്തിക വർഷം 2011 ഏപ്രിൽ 1 ന് ആരംഭിക്കുകയാണ്. പുതുവർഷത്തെ ചന്ദ തയ്യാറാക്കുന്നതിന് ഹുസൂറിന്റെ നിർദ്ദേശപ്രകാരമുള്ള തശ്ഖീസ് ഫോറവും ബഡ്ജറ്റ് ഫോറവും ജമാഅത്തംഗങ്ങൾ പൂരിപ്പിച്ച് നൽകേണ്ടതാണ്. ശറഅ് പ്രകാരം വരുമാനം കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്. ജമാഅത്തിലെ വരുമാനമുള്ള എല്ലാവരും ഇതിൽ ഭാഗവാക്കാകേണ്ടതാണ്. 2011 ജനുവരി 7 ന് ഹുസൂർ തിരുമനസ്സ് (അയ്യദഹു..)ചെയ്ത ഖുത്വ്ബ സാമ്പത്തിക ത്യാഗത്തിന്റെ പ്രാധാന്യവും അതുമൂലം അല്ലാഹുവിൽ നിന്നുണ്ടാകുന്ന സൽഫലങ്ങളെപ്പറ്റിയുമാണ്. ഭാരവാഹികൾ ജമാഅത്തിനെ ഇക്കാര്യം ഉദ്ബോധിപ്പിക്കേണമെന്ന് അഭ്യർത്ഥിക്കുന്നു. അല്ലാഹു നമ്മുടെ സമ്പത്തിൽ അനുഗ്രഹത്തിനുമേൽ അനുഗ്രഹങ്ങൾ ചൊരിയുമാറാകട്ടെ. ജമാഅത്ത് ഭാരവാഹികൾ മുഴുവൻ കുടിശ്ശികയും പിരിച്ച് 2011 മാർച്ച് 31 ന് മുമ്പ് ജമാഅത്തിന്റെ ബഡ്ജറ്റ് തയ്യാറാക്കി ബൈത്തുൽ മാൽ ആമദ് ഓഫീസിലേക്ക് അയക്കേണ്ടതാണ്.


## അഹ്മദിയ്യാ മുസ്ലിം ജമാഅത്തിനെ കൂടുതൽ അറിയുവാൻ ബന്ധപ്പെടുക


എച്ച്. ശംസുദ്ധീൻ സാഹിബ് : 9946021252,
മുഹമ്മദ് നജീബ് ഖാൻ സാഹിബ് : 9496273208

| | | | |
|---|---|---|---|
| കണ്ണൂർ മേഖല | : | കെ. അബ്ദുസ്സലാം സാഹിബ് | 9446836787 |
| കോഴിക്കോട് മേഖല | : | മുഹമ്മദ് സലീം സാഹിബ് | 9744524001 |
| മലപ്പുറം മേഖല | : | പി. അബ്ദുന്നാസിർ സാഹിബ് | 9446766960 |
| പാലക്കാട് മേഖല | : | ടി. മുഹമ്മദ് മൻസിൽ സാഹിബ് | 9847611900 |
| എറണാകുളം മേഖല | : | നാസിർ അഹ്മദ് സാഹിബ് | 9497343704 |
| തിരുവനന്തപുരം മേഖല | : | ടി. ഷെഫീഖ് അഹ്മദ് സാഹിബ് | 9446270883 |

2011 March
Reg.No. 3332/59, Postal Regn. No.KL/CT/108/2009-11.Estd. 1925
Licensed to post without pre-payment, Licence No: KL/PMG/NR/WPP/16/KKD/09-11
Vol: LXXXIII No.3
Price Rs. 20/-
The Sathyadoothan Monthly


## ഖുർആന്റെ ദിവ്യാത്ഭുതം തുറന്നുകാട്ടുകയും ആധുനിക വൈജ്ഞാനിക ലോകവുമായി സംവദിക്കുകയും ചെയ്യുന്ന അത്യുജ്ജ്വല ഗ്രന്ഥം




# വെളിപാട് യുക്തി ജ്ഞാനം സത്യം

ഗ്രന്ഥകർത്താ:
**ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്**
വിവർത്തനം
**എ. എം. മുഹമ്മദ് സലിം**

വില ₹ 800
സ്പെഷൽ പ്രൈസ്
₹400
മാത്രം

1200ഓളം പേജുകൾ | നിരവധി വർണ്ണ ചിത്രങ്ങൾ
സമഗ്രമായ ഇൻഡക്സ്

**പുസ്തകം ലഭിക്കുന്ന സ്ഥലങ്ങൾ**

കോഴിക്കോട്
**അഹ്മദിയ്യാ ബുക്സ്റ്റാൾ**
അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത്
ജി. എച്ച് റോഡ്, കോഴിക്കോട്

കണ്ണൂർ
**ഇസ്‌ലാം ഇന്റർനാഷണൽ പബ്ലിക്കേഷൻസ്**
ഫോർട്ട് റോഡ്, കണ്ണൂർ

എറണാകുളം
**അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത്**
സെന്റ് ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്

ഒരു ഇസ്‌ലാം ഇന്റർനാഷണൽ പ്രസിദ്ധീകരണം